PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

FIRST SESSION - 1953.

Monday, the 2nd March, 1953.

Vol. VIII OFFICIAL REPORT No. 5

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 2nd March, 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

കയർവ്യവസായസ്തംഭനം.

*൧൦൩. [൧] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർവ്യവസായസ്തംഭനം പരിഹരിക്കുന്നതിന് കയർ സഹകരണസംഘങ്ങൾ മുഖേനയോ, ഗവണ്മെന്റ് നേരിട്ടോ കയർ സംഭരിച്ച് വില്പന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ;

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കയർ സഹകരണസംഘങ്ങൾ മുഖേന കയർ സംഭരിച്ചു വില്പന നടത്തുവാൻ ഉദ്ദേശമുണ്ട്. ഗവണ്മെന്റ് നേരിട്ട് കയർവില്പന നടത്തുവാൻ ഉദ്ദേശമില്ല.

(ബി) ഉണ്ട്.

ശ്രീ. ആർ. ഗംഗാധരൻ : എന്തെല്ലാം നടപടികളാണ് നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നു പറയാമോ ?

Shri Panampilli Govinda Menon: Sir, I will read it in the form of a statement.

The Coir Co-operative Scheme contemplates the stocking and sale of coir yarn by Co-operative Societies (Central Societies). The Central Societies at Mattancherri and Alleppey have been organised for this purpose. The Society at Mattancherri is functioning. The other at Alleppey is going to function. To enable the Alleppey Central Society to start functioning, an amount of Rs. 10,000 has already been paid to it this year as grant. The Mattancherri Society is now getting a monthly grant of Rs. 348-6-0. It has already received a total grant of Rs. 16,826. The grant according to the scheme will be given to the societies from next year onwards. The Mattancherri society has also been given a loan of Rs. 20,000. The loan according to the scheme has not yet been paid to these two societies for want of advice from the Government of India regarding the conditions of payment of the loan. As soon as instructions are received, the amounts will be disbursed. The question of stocking and sale of coir yarn by Government was considered and was dropped; but it was decided that the Central Societies will do so.

ശ്രീ. ആർ. ഗംഗാധരൻ: ആലപ്പുഴയിലെ കയർ മാർക്കറ്റിംഗ് സൊസൈറ്റി ഇപ്പോഴും പ്രവർത്തനം നടത്തുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ സൊസൈറ്റി പ്രവർത്തനം നടത്തുവാൻ ഓർഡർ അയച്ചിട്ടുണ്ട്. പതിനായിരം രൂപാ അതിനുവേണ്ടി ഗ്രാന്റ് കൊടുക്കുന്നുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ആ സൊസൈറ്റിയുടെ പ്രവർത്തനം ഇപ്പോഴും നടക്കുന്നില്ലെന്നാണ് അറിയുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യാ ഗവണ്മെന്റിന്റെ പക്കൽനിന്ന് ഗ്രാന്റായും ലോണായും ഉള്ള സംഖ്യ കിട്ടുന്നതുവരെയും ആലപ്പുഴയിലെ സൊസൈറ്റി പ്രവർത്തനം നടത്തിയിരുന്നില്ല. മട്ടാഞ്ചേരിയിലെ സൊസൈറ്റി ൧൧൨൭ മുതൽ ഇതുപോലെയുള്ള ഒരു തത്വം അംഗീകരിച്ച് പ്രവർത്തനം നടത്തിവരികയാണ്. ആലപ്പുഴയിലെ സൊസൈറ്റിക്ക് പതിനായിരം രൂപ ഗ്രാന്റ് കൊടുക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കണമെന്ന് ഓർഡർ അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ഈ പതിനായിരം രൂപ കൊടുത്തത് എത്ര മാസങ്ങൾക്കു മുമ്പാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്ത അവസരത്തിലാണ്.

ശ്രീ. ആർ. ഗംഗാധരൻ: അവിടെ കയർ വ്യവസായസ്തംഭനം ഇല്ലാതെയാക്കാൻ എന്താണ് ചെയ്യേണ്ടതെന്നു ഗവണ്മെന്റ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യാ ഗവണ്മെൻറുമായി നടത്തിക്കൊണ്ടിരിക്കുന്ന ആലോചന കഴിഞ്ഞതിനുശേഷമേ അതിനെപ്പററി ആലോചിക്കുവാൻ സാധിക്കുകയുള്ളു.

ശ്രീ. ടി. വി. താമസ്: കയർ വ്യവസായസ്തംഭനം പരിഹരിക്കുവാൻ സൊസൈററിമുഖേന കയർ വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്നു എന്നു പറഞ്ഞു. അങ്ങിനെ ചെയ്താൽ ഈ ബുദ്ധിമുട്ടു തീരുമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയർകൊണ്ടുള്ള ഉൽപ്പന്നങ്ങൾ അതാതു കാലങ്ങളിൽ തൊഴിലാളികൾ കമ്പോളത്തിൽ കൊണ്ടുവരുന്നതിനെ കുറഞ്ഞ വിലയ്ക്കു വാങ്ങി സ്ററാക്കു ചെയ്യുകയും, മുതലാളിമാർക്കനുകൂലമായ മാർക്കററുണ്ടാക്കുകയും ചെയ്യുന്നുണ്ട്. അപ്രകാരം ചെയ്യുന്നതിനെ തടയുന്നതിനുള്ള പദ്ധതിയാണ് തൊഴിലാളികൾക്കു സഹായധനം നൽകുകയെന്നുള്ളതു്. അങ്ങനെയുള്ള മുതലാളിമാരുടെ പ്രവർത്തനത്തെ തടയുന്നതിനാണ് ഗവണ്മെൻറിൽനിന്നും സഹായധനം കൊടുത്തിട്ടുള്ളതു്.

ശ്രീ. ടി. വി. താമസ്: ഫാക്ടറിവ്യവസായത്തെ സംബന്ധിച്ചു ഗവണ്മെൻറിൻെറ നിലയെന്താണ്? ഇതു് കയർപിരി വ്യവസായികളെ സഹായിക്കുന്നതിനു് മാത്രമല്ലേ പര്യാപ്തമാകയുള്ളു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിവുള്ളിടത്തോളം ഫാക്ടറികളിൽ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിദേശങ്ങളിലേയ്ക്കു് അയച്ചു് ചിലവാക്കുന്നതിനുള്ള കാര്യത്തെ സംബന്ധിച്ചു് ഈ ഗവണ്മെൻറ് ഇൻഡ്യാ ഗവണ്മെൻറുമായി നിവേദനം നടത്തിയതിൻെറ ഫലമായി മററു പല രാജ്യങ്ങളിലേക്കും നമ്മുടെ കയർസാധനങ്ങൾ അയച്ചുകൊടുത്തു വിൽപ്പന നടത്തുവാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. ടി. വി. താമസ്: ഇവിടെനിന്നുമുള്ള കയറു് കയറായി കയററി അയയ്ക്കുന്നതുകൊണ്ടു് കയറിൻെറ മാനുഫാക്ച്ചർ കുറഞ്ഞിട്ടുള്ളതായി ആക്ഷേപമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഫാക്ടറി വ്യവസായത്തിലും കുടിൽവ്യവസായത്തിലും ബന്ധപ്പെട്ട ആളുകൾ തമ്മിൽ അഭിപ്രായവ്യത്യാസമുള്ള ഒരു വിഷയമാണ്. കയർവ്യവസായത്തോടു ബന്ധപ്പെട്ട കയർപിരിക്കാർ പറയുന്നതു് കയർ കയറായിട്ടുതന്നെ അയയ്ക്കുവാനുള്ള സൗകര്യം ചെയ്തില്ലെങ്കിൽ അവരിൽ കൂടുതൽ പണം മുടക്കിയിട്ടുള്ളവർക്ക് ദോഷം വരും എന്നാണ്. ഫാക്ടറി നടത്തുന്നവരുടെ അഭിപ്രായം കയറായിട്ടുതന്നെ അയച്ചാൽ അവർക്കു കൂടുതൽ നഷ്ടം ഉണ്ടാകുമെന്നാണ്.

ശ്രീ. ടി. വി. താമസ്: കയർ കയറായിട്ടു അയയ്ക്കരുതെന്നു് പറഞ്ഞിട്ടില്ല. അതിനു ഒരു നിയന്ത്രണം വേണമെന്നാണ് ഫാക്ടറി വ്യവസായികൾ ആവശ്യപ്പെടുന്നതു്. അതു് ശരിയാണ് എന്ന അഭിപ്രായം ഗവണ്മെൻറിനുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബർ പറഞ്ഞ അഭിപ്രായം ഉള്ളിൽ വച്ചുകൊണ്ട് അതിനെപ്പററി ആലോചിക്കാം.

ശ്രീ. ടി. വി. താമസ്: അതിനെപ്പററി ആലോചിക്കുവാൻ ഒരു കമ്മിററി സംഘടിപ്പിക്കേണ്ടതാണെന്ന് ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനെപ്പററി അന്വേഷിക്കുവാൻ ഒരു സ്ററാററ്യൂട്ടറി കമ്മീഷൻവച്ച് ഈ വ്യവസായവുമായി ബന്ധപ്പെട്ട ആളുകളെ ഉൾപ്പെടുത്തി ഒരു കയർ ബോർഡ് ഉണ്ടാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. വി. അവിരാത്തരകൻ: ഈ സഹകരണസംഘങ്ങൾക്ക എത്ര രൂപ കൊടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേക്ക് ഇൻഡ്യാ ഗവണ്മെൻറിൽനിന്നും ഏകദേശം രണ്ടുലക്ഷം രൂപ ലോൺ കിട്ടുമെന്ന പ്രതീക്ഷിക്കുന്നു.

ശ്രീ. പി. വി. അവിരാത്തരകൻ: അതിലേക്ക് രണ്ടുലക്ഷം രൂപ മതിയാകയില്ലെന്ന ഗവണ്മെൻറിന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മതിയാകയില്ലെന്നുവന്നാൽ അപ്പോൾ അതു വർദ്ധിപ്പിക്കണം.

കയർ സഹകരണസംഘങ്ങൾ

*൫൦൧. [൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി ഇതിനകം എന്തെല്ലാം ചെയ്തിട്ടുണ്ട്?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കയർ സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറ് ഉത്സാഹിക്കുന്നുണ്ട്.

(ബി) അതിനുവേണ്ടി ചെയ്തിട്ടുള്ള ചില കാര്യങ്ങൾ പറയാം. കയർ സഹകരണസംഘങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതിന്റെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ ആവശ്യമായ കീഴുദ്യോഗസ്ഥന്മാർ സഹിതം നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. ൨൫

പ്രാഥമികസംഘങ്ങളും ഇതിനകം തുടങ്ങുകയും ആദ്യതവണ രണ്ടായിരം രൂപാവീതം ഗ്രാൻറ് നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാംതവണ ഗ്രാൻറ് ആയിരം രൂപാവീതം ആക്കി അഞ്ചു പ്രാഥമികസംഘങ്ങൾകൂടി ഓരോ ദിക്കിൽ തുടങ്ങുവാനും ഉത്തരവയച്ചിട്ടുണ്ട്. ആദ്യതവണ അനുവദിച്ച ഗ്രാൻറ് കൊടുക്കുവാനും ഉത്തരവയച്ചുകഴിഞ്ഞു. വായ്പ നൽകുന്നതിനെപ്പററിയുള്ള കാര്യം ഗവണ്മെൻറിൻെറ അവഗാഢമായ പരിഗണനയിൽ ഇരിക്കുകയാണ്. പദ്ധതികളുടെ പ്രവർത്തനം സുഗമവും കാര്യക്ഷമവും ആക്കുന്നതിന് ഉള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കയർ വ്യവസായങ്ങളുടെ കാപ്പിററൽ ഡ്യൂട്ടിയും ഒഴിവാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. കയർവ്യവസായം വികസിപ്പിക്കുന്നതിനും അതിൻെറ വിതരണം അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി ഈ ഗവണ്മെൻറ് ഇൻഡ്യാ ഗവണ്മെൻറിൻെറ പ്ലാനിംഗ് കമ്മീഷനുമായി നിവേദനം നടത്തുകയും അവരുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്ക് ഒരു ഉദ്യോഗസ്ഥനെ വയ്ക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നു പറഞ്ഞു. എന്നാൽ കയർ സ്പെഷ്യൽ ആഫീസർക്കുതന്നെ ഇതിൻെറ ചുമതലയും കൂടി കൊടുക്കുവാൻ വിരോധമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയർ സ്പെഷ്യൽ ആഫീസർക്ക് വേറെയും ജോലികൾ ഉണ്ടെങ്കിലും ഈ ഇൻഡസ്ട്രിയുടെ ഒരു ഭാഗം അദ്ദേഹത്തെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ഈ കയർ സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ട് എത്ര കൊല്ലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൧൩൦–൩൧-ലാണെന്നാണ് എൻെറ ഓർമ്മ.

ശ്രീ. ആർ. ഗംഗാധരൻ: ഈ കയർ സ്പെഷ്യലാഫീസറെത്തന്നെ കയർ സഹകരണസംഘങ്ങളുടെ നിയന്ത്രണംകൂടി ഏൽപ്പിച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയന്ത്രണം ഉണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: കഴിഞ്ഞ ഏഴെട്ടുമാസമായി കയർ സഹകരണസംഘങ്ങളുടെ പ്രവർത്തനം നടക്കുന്നില്ലെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അപ്രതീക്ഷിതമായി ഒരു മാന്ദ്യമുണ്ട്. ആ മാന്ദ്യം തീർക്കുവാനുള്ള വഴിയെന്താണെന്നാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. കയർ ബോർഡുവഴി കയർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ആർ. ഗംഗാധരൻ: ഈ തീരുമാനം എടുത്തിട്ട് എത്ര കാലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏകദേശം ഒരുമാസമായി

ശ്രീ. ആർ. ഗംഗാധരൻ: സഹകരണസംഘങ്ങൾക്കു് അനുവദിച്ചിട്ടുള്ള ഗ്രാൻറും ലോണും ഉടനെ കൊടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ആർഡർ ആയിക്കഴിഞ്ഞു.

ശ്രീ. ആർ. ഗംഗാധരൻ: ആകെ ൨൩ സഹകരണസംഘങ്ങൾ മാത്രമാണോ ഉള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അതേ എന്നാണു് എന്റെ ഓർമ്മ.

ശ്രീ. ആർ. ഗംഗാധരൻ: ഈ കയറു് സഹകരണസംഘങ്ങൾമുഖേന കയർ സംഭരിക്കുകയാണെങ്കിൽ എത്ര രൂപാ വേണ്ടിവരുമെന്നു് പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: എത്ര രൂപാ വേണമെന്നുള്ള കണക്കു വച്ചുകൊണ്ടാണു പ്രവർത്തനം തുടങ്ങിയിരിക്കുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: ഗവണ്മെൻറിൽനിന്നും സംഘങ്ങൾക്കു് കൊടുക്കുന്ന സഹായധനത്തിൽനിന്നാണോ സംഘം സെക്രട്ടറിക്കു് ശമ്പളം കൊടുക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: നോട്ടീസു് വേണം.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: കയർ സഹകരണസംഘങ്ങൾ ഏർപ്പെടുത്തി പ്രവർത്തനം നടത്തിവരുന്ന സ്ഥലങ്ങളിൽ പുതിയ സംഘങ്ങൾ രൂപീകരിക്കുക എന്നുള്ള നയം ശരിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഉള്ളവ നല്ല സംഘങ്ങളായിരിക്കുകയില്ല. അങ്ങനെ നല്ലതു് അല്ലാത്ത സ്ഥലങ്ങളിൽ പുതിയതു് തുടങ്ങും.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: കൊടുങ്ങല്ലൂരിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന രണ്ടു സംഘങ്ങൾ ഉണ്ടു്. എന്നിട്ടും അവിടെ വേറെ ഒരു സംഘം രൂപീകരിക്കുവാൻ അനുവദിക്കുന്നതു് ശരിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: നോട്ടീസു വേണം.

ശ്രീ. എ. താണുപിള്ള: ഈ ൨൦, ൨൨ സംഘങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ കയർ ഇൻഡസ്ട്രിയലായി പ്രവർത്തനം നടത്തുന്നവരിൽ എത്ര ശതമാനമാളുകൾ അതിൽപ്പെടും ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഏറെക്കുറെ വലിയ ഒരു ഭാഗം ഉൾപ്പെടും. തൽക്കാലം എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു പ്രസ്ഥാനമായിരിക്കയില്ല ഇതു്.

ശ്രീ. എ. താണുപിള്ള: ഏകദേശം എത്ര ശതമാനം ഇൻഡസ്ട്രിയലായിട്ടു മാത്രം പ്രവർത്തനം നടത്തുന്ന ആളുകൾ ഉണ്ടെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: നോട്ടീസു കൂടാതെ പറയുവാൻ തരമില്ല.

ശ്രീ. ടി. വി. താമസ്: കയർ സംബന്ധിച്ച വെയർ ഹൗസ് ആക്ട് കൊണ്ട് ഇതിന് പൊരുത്തക്കേടുണ്ടാകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബോർഡിന്റെ സഹായം വേണമെന്നാണ്. ആ ബോർഡിൽ ഈ വ്യവസായവുമായി ബന്ധപ്പെട്ട ആളുകൾ ഉണ്ടായിരിക്കും. അതുകൊണ്ട് പൊരുത്തക്കേട് വരാനിടയില്ല.

ശ്രീ. കെ. കരുണാകരൻ: ഈ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംഖ്യ തീരെ അപര്യാപ്തമായതുകൊണ്ട് വ്യവസായം നടത്തുവാൻ സാധിക്കാതെ വരുന്നുണ്ടെന്ന് ഗവണ്മെന്റിന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സഹകരണസംഘങ്ങൾക്ക് കൊടുക്കുന്ന സംഖ്യ അവർ തിരിയെ അടയ്ക്കേണ്ടതുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഗ്രാന്റാണെങ്കിൽ വേണ്ട. ലോൺ എടുത്തിട്ടുണ്ടെങ്കിൽ തിര്യെ അടയ്ക്കണം.

Public Expenditure.

※ 108 (3) **Shri K. Bhanu**: Will the Minister for Finance be pleased to state:

(*a*) whether the Government have carried out any schemes of retrenchment in State public expenditure since the present Ministry assumed office; and

(*b*) if so, whether the Government will lay on the table of the House such schemes together with the savings under each head?

Minister for Finance (**Shri Panampilli Govinda Menon**):

(*a*) a scheme of retrenchment of expenditure under contingencies, supplies and services has been launched by Government.

(*b*) The statement is laid on the table.†

Shri K. Bhanu: May I know whether any steps have been taken to absorb the special Proverthicars who have been relieved from service?

Shri Panampilli Govinda Menon: Yes; certain posts of Proverthicars who have been working in the Food Department have been retrenched.

ശ്രീ. കെ. കരുണാകരൻ: ഇങ്ങനെ ഒഴിവാക്കുന്ന ആളുകൾക്ക് പിന്നീട് സർക്കാർ സർവീസിൽ ഒഴിവുണ്ടാകുമ്പോൾ ഉദ്യോഗം കൊടുക്കുമോ?

† Please see Appendix I.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു സ്കീം തന്നെ ഗവണ്മെന്റ് തയാറാക്കി ആർഡർ ആക്കിയിട്ടുണ്ട്. അതായത് റിട്രഞ്ച് ചെയ്യപ്പെടുന്ന ആളുകളെത്തന്നെ മററു ഡിപ്പാർട്ടുമെന്റുകളിൽ ഒഴിവുള്ള സ്ഥാനങ്ങളിൽ എടുത്തുകൊള്ളണമെന്നു ഗവണ്മെന്റ് ആർഡർ ചെയ്തിട്ടുണ്ട്. അതനുസരിച്ച് റിട്രഞ്ച് ചെയ്യപ്പെടുമെന്നു വിചാരിക്കുന്ന ആളുകളിൽ വലിയ ഒരു ഭൂരിപക്ഷത്തെ സർവീസിൽ ഉടനെ അബ്സർബ് ചെയ്യുന്നതാണ്.

Nationalisation of Transport.

* 109 (4) **Shri K. Bhanu**: Will the Minister for Works and Transport be pleased to state:

(*a*) the number of Government buses now running under the State Transport Scheme;

(*b*) the amount of annual savings to the State since the inception of the scheme;

(*c*) the steps taken for further nationalisation of bus transport system by extension of the same to adjoining district centres; and

(*d*) whether the Government propose to take up Kayamkulam-Kottayam line *via* Mavelikara?

Minister for Works and *Transport* (**Shri Kalathil Velayudhan Nair**):

(*a*) On an average, 280 buses are run per day.

(*b*) A statement is appended.‡

(*c*) There is a proposal to nationalise the Ernakulam-Mattancherry line and allied lines.

(*d*) There is no idea of nationalising the line; but there is a proposal to run an express service from Chengannur to Quilon via Mavelikara and Kayamkulam.

Shri K. Bhanu: May I know whether all the buses are of the same make or of different categories?

Shri Kalathil Velayudhan Nair: The buses are of different makes and categories.

Shri K. Bhanu: May I know the different makes used by the department?

Shri Kalathil Velayudhan Nair: Chevrolet, Ford, International, Dodge, Austin.

Shri K. Bhanu: Is there any scheme to standardise these buses?

---

‡ Please see Appendix II.

Shri Kalathil Velayudhan Nair: Yes, there is a scheme to standardise these buses.

Shri K. Bhanu: May I know the agency through which these buses are purchased?

Shri Kalathil Velayudhan Nair: Different buses are purchased through different agencies.

Shri K. Bhanu: Does any agency get monopoly for the purchase of the buses?

Shri Kalathil Velayudhan Nair: There is no monopoly.

ശ്രീ. കെ. കരുണാകരൻ: എറണാകുളത്തുനിന്നും തിരുവനന്തപുരത്തേക്ക് എക്സ്പ്രസ്സ് ബസ്സിനു പുറമെ ഒരു കോച്ച് ഏർപ്പെടുത്തുവാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ കാര്യം ഗവണ്മെൻറ് ഇതുവരെ ആലോചിച്ചിട്ടില്ല. അതിൻെറ ആവശ്യമുണ്ടെന്നു തോന്നീട്ടില്ല. ആവശ്യമുണ്ടെങ്കിൽ ആലോചിക്കാം.

ശ്രീ. കെ. കരുണാകരൻ: യാത്രക്ക് കൂടുതൽ സൗകര്യം ഉണ്ടാക്കുന്നതിനെ മുൻനിറുത്തി അതു് ആലോചിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ആലോചിക്കാം.

ശ്രീ. ഒ. സി. നൈനാൻ: ലാഭം കണക്കാക്കും എന്നു പറഞ്ഞിട്ടുണ്ടല്ലോ. ലാഭം കണക്കാക്കുന്നതു് മോട്ടോർ വെഹിക്കിൾസ് ആക്റ്റ് അനുസരിച്ചു ബസ്സിനുള്ള കരം നീക്കീട്ടാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേ.

Shri P. V. Avira Tharakan: When do the Government propose to nationalise the Mattancherry- Ernakulam line?

Shri Kalathil Velayudhan Nair: It is not finally decided. There is only a proposal.

Shri A. A. D. Luiz: Is profit arrived at after writing off depreciation?

Shri Kalathil Velayudhan Nair: Yes, profit is arrived at after writing off depreciation.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: നാഷണലൈസ് ചെയ്ത റൂട്ടുകളിൽ പ്രൈവററ് ബസ്സ് അനുവദിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നാഷണലൈസ് റൂട്ടുകളിൽ പ്രൈവററ് ബസ്സ് അനുവദിക്കുന്നില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ചില റൂട്ടുകളിൽ കൂടുതൽ ബസ്സ് ഉണ്ടാകുന്നതിനുവേണ്ടി പ്രൈവററ് ബസ്സ് അനുവദിക്കുക എന്ന നയം ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോഴത്തെ നയംതന്നെ നാലു് മൈൽ ദൂരംവരെ പ്രൈവററ് ബസ്സിനെ ഓവർലാപ്പ് ചെയ്യുവാൻ അനുവദിക്കാം എന്നാണ്. ചില സ്ഥലങ്ങളിൽ അങ്ങനെ വേണ്ടിവരും. അങ്ങനെ വിവിധ ഭാഗങ്ങളിലായി ൯൰ മൈൽ ഓവർലാപ്പ് ചെയ്യുവാൻ അനുവദിച്ചിട്ടുണ്ടു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: നാലു് മൈലിനുള്ളിലല്ലാതെ ഓവർലാപ്പ് ചെയ്യുന്ന കേസ് ഇല്ലെന്നാണോ പറയുന്നതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിൽ കൂടുതൽ ഓവർലാപ്പ് ചെയ്യത്തക്കവിധം പെർമിററുകൾ ഈയിടെ കൊടുക്കാറില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: സർക്കാർവക ബസ്സുള്ള സ്ഥലങ്ങളിൽ പ്രൈവററ് ബസ്സിൽ യാത്രചെയ്യേണ്ടിവരുന്നതു് അപമാനകരമല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അപമാനകരമല്ല. ട്രാൻസ്പോർട്ടു ബസ്സിൽ യാത്ര ചെയ്യുന്നതു് കൂടുതൽ സൗകര്യമാണ്.

Medicines.

*110. [5] **Shri K. Bhanu**: Will the Minister for Medicine & Public Health be pleased to state:

(*a*) whether expensive medicines cannot be bought for use in Government hospitals; and

(*b*) whether any rules or restrictions exist which prevent Government hospital doctors from treating with such a patent drug as Chloromycitin at Government expense even if the patient is poor and even if the patient will die if that drug is not administered?

Minister for Medicine & Public Health **(Shri V. Madhavan)**:

(*a*) Expensive medicines are being purchased when required.

(*b*) No.

Shri K. Bhanu: Has it come to the notice of Government that several patients die due to want of Chloromycitin?

ശ്രീ. വി. മാധവൻ: ഗവണ്മെൻറിൻെറ ശ്രദ്ധയിൽ അതു് പ്രത്യേകം വന്നിട്ടില്ല.

Subsidy and Loans.

*111 [6] **Shri T. S. Ramaswami**: Will the Minister for Finance and Civil Supplies be pleased to state:

(*a*) the amount of financial aid granted by the Government by way of subsidy and loans during the last financial year; and

(*b*) the names and location of these industries?

Minister for Finance & Civil Supplies (**Shri Panampilli Govinda Menon**):

(*a*) A statement ‡ showing the required details is placed on the Assembly table.

Shri T. S. Ramaswami: May I know the location?

Shri Panampilli Govinda Menon: The location is also shown in the statement.

Shri T. S. Ramaswami: May I know whether any industry in South Travancore has been given a loan?

Shri Panampilli Govinda Menon: That will depend upon whether any industry in South Travancore applied for any loan.

Shri T. S. Ramaswami: Am I to take it that no loan was given to any industry in South Travancore?

Shri Panampilli Govinda Menon: I claim notice.

Shri T. S. Ramaswami: The list is in the hands of the hon: Member. Can I get an answer to my question?

Shri Panampilli Govinda Menon: I will read the list. Unless the hon. Member says that there was an application, it is a misleading question.

Mr. Speaker: The Member can mention a particular name.

Shri T. S. Ramaswami: I do not want him to mention any particular name. I want only to know whether any loan was granted to any industry in South Travancore.

Shri Panampilli Govinda Menon: The grant of a loan presupposes an application.

Shri A. Thanu Pillai: Sir, I rise to a point of order. Is it right to say that the question is misleading? The hon. Member wants only to know whether any loan was given to any industry in South Travancore. The non-grant of a loan may be due to many causes one of which may be the absence of an application. Some information is sought for by the Member. Why should it be characterised as a misleading question?

Shri Panampilli Govinda Menon: Because it misleads the answer given.

Shri A. Thanu Pillai: The answer may be so framed that it may not be misleading.

Shri Panampilli Govinda Menon: Unless there is a statement that there was an application, no definite answer can be given.

---

‡ please see Appendix III.

Shri A. Thanu Pillai: Sir, I wish to know whether it is a correct answer to say that unless the Member says that there was an application no answer can be given?

Mr. Speaker: The question is "Will the Minister be pleased to state the amount of financial aid granted by the Government by way of subsidy and loans during the last financial year." That list is placed on the Table. From that list every hon. Member will be able to find out which are the industries that were given loans. Therefore, any industrial concern in South Travancore which received loan will find a place in that list. If the hon. Minister can make out from the list whether any loan has been given to any industry in South Travancore please give that information.

Shri Panampilli Govinda Menon: There has been no application and no grant was given to any industry in South Travancore.

ശ്രീ. സി. അച്യുതമേനോൻ: അഴകപ്പാ ടെക്സ്റ്റയിൽസിന എന്തെങ്കിലും ലോണോ ഗ്രാൻറോ കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇക്കൊല്ലം കൊടുത്തിട്ടില്ല.

Procurement of Paddy.

*112 [7] **Shri T. S. Ramaswami**: Will the Minister for Finance and Civil Supplies be pleased to state:

(*a*) whether the Government have reconsidered their rates of levy for the procurement of paddy from different taluks in the State after the last session for future procurement;

(*b*) if so, what will be the future rates of levy, in the taluks of Thovala, Agasteeswaram, Kalkulam and Vilavancode;

(*c*) if not, why not?

Minister for Finance & Civil Supplies (**Shri Panampilli Govinda Menon**):

(*a*) No.

(*b*) The question does not arise.

(*c*) The levy in each taluk has been fixed on the basis of the average productivity of the lands. There is, therefore, no ground for reconsidering the rates now.

Shri T. S. Ramaswami: May I know the basis for fixing the average production in each taluk?

Shri Panampilli Govinda Menon: Previous rates, such figures that are available regarding procurement, agricultural productivity in other neighbouring taluks, etc.

Shri T. S. Ramaswami: Am I to take it that the rate of procurement in the taluks of Tovala and Agastiswaram was the maximum in view of the fact that the rate of levy was the maximum in those taluks?

Shri Panampilli Govinda Menon: I cannot say off-hand whether the rate was the highest in those taluks.

Shri T. S. Ramaswami: The rates of procurement are already in the hands of Government. If there is maximum rate of procurement from those taluks, are the Government prepared to revise their rates?

Shri Panampilli Govinda Menon: That is a hypothetical question.

Shri P. S. Nataraja Pillai: May I know whether the productivity expected by the Government does not differ from those assessed by the Research Department of the University?

Shri Panampilli Govinda Menon: I cannot give an answer now.

Shri P. S. Nataraja Pillai: Have the Government taken into consideration the figures of the University Research Department as regards the productivity of the lands of this State?

Shri Panampilli Govinda Menon: All available information was taken into consideration.

Shri A. Thanu Pillai: Is the Member in a position to give the figures before and after the introduction of the levy system?

Shri Panampilli Govinda Menon: procurement before the introduction of the levy system was about 60,000 tons per year and the target fixed the next year is 40,000 tons.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഒരേക്കർവരെയുള്ള ഇരുപ്പു നിലത്തെ ലവിയിനത്തിൽനിന്നു ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഒന്നര ഏക്കർ നിലമുള്ള എല്ലാ ആളുകളിൽ നിന്നും ലവി പിരിക്കുന്നുണ്ട്. അതിന്റെ കാരണം എന്താണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉം അങ്ങനെ ആണെങ്കിൽ അവരിൽനിന്നു പിരിക്കുന്നുണ്ടാകണം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഒരേക്കർവരെയുള്ളവരെ ലവിയിൽനിന്നു ഒഴിവാക്കിയിരിക്കുമ്പോൾ അര ഏക്കറുംകൂടി ഉണ്ട് എന്ന കാരണത്താൽ അവരിൽനിന്നു ലവിപിരിക്കുന്നതു് ഒരു തെറ്റായ നടപടിയാണെന്നു ഗവണ്മെന്റു മനസ്സിലാക്കുമോ?

Shri Panampilli Govinda Menon: That is a matter regarding application of rules. If a representation comes, I will look into it.

Bus Routes granted to Shri Sathyanesan.

*113 [8] **Shri T. S. Ramaswami**: Will the Minister for Works and Transport be pleased to state:

(*a*) the number of bus routes granted to one Shri Sathyanesan;

(*b*) whether any complaint has been received by the Government to the effect that most of the routes thus granted are not operated by the above said person but by different persons on his behalf;

(*c*) whether the Government have made any enquiry regarding this complaint;

(*d*) what is the result of the enquiry;

(*e*) what steps have the Government taken on this matter;

(*f*) whether the Government are realising any revenue from him by way of vehicle tax?

Minister for Works & Transport (**Shri Kalathil Velayudhan Nair**):

(*a*) Five.

(*b*) Yes.

(*c*), (*d*) & (*e*) The Central Road Traffic Board is now conducting an open enquiry into the matter. Further action will be taken after the enquiry is over.

(*f*) Yes.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ റൂട്ടുകൾ ഏതെല്ലാമാണെന്നു ഇപ്പോൾ പറയുവാൻ ഭയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഏതെല്ലാമെന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ഓ. സി. നൈനാൻ: ഈ റൂട്ടുകളുടെ മോണോപ്പളി അദ്ദേഹത്തിന് കൊടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇല്ല.

ശ്രീ. ഓ. സി. നൈനാൻ: ഈ റൂട്ടുകളിൽ സർവ്വീസ് അനുവദിക്കുന്നതിന് വേറെ വല്ല അപേക്ഷകളും ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: മററപേക്ഷകൾ വല്ലതും കിട്ടിയിട്ടുണ്ടോ എന്നു നിശ്ചയമില്ല.

ശ്രീ. ഓ. സി. നൈനാൻ: വേറെ അപേക്ഷകൾ വന്നാൽ അവർക്കും കൊടുക്കുവാൻ ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അപേക്ഷകൾ വരുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

Shri E. P. Varghese : May I know whether some writ petitions have been filed in the High Court, of which some have been rejected?

Shri Panampilli Govinda Menon : I am not aware.

ഭക്ഷ്യധാന്യറേഷൻ വ്യാപാരം.

* ൧൧൮. [൧൦] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യറീട്ടെയിൽ റേഷൻ വ്യാപാരികൾക്ക് ഗവണ്മെൻറ എത്ര ശതമാനം ലാഭം അനുവദിച്ചിട്ടുണ്ട്;

(ബി) ഇത്തരം വ്യാപാരികൾക്ക് ആറു ശതമാനംവരെ ലാഭം കണക്കാക്കി ഇൻകംടാക്സ് ചുമത്തിവരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ ഇൻകംടാക്സ് ചുമത്തലിൽനിന്നും റേഷൻ വ്യാപാരികളെ രക്ഷിക്കാൻ ഈ ഗവണ്മെൻറ നടപടി കൈക്കൊള്ളുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഭക്ഷ്യധാന്യറീട്ടെയിൽ റേഷൻവ്യാപാരികൾക്ക് അനുവദിച്ചിട്ടുള്ള ലാഭത്തിനു ശതമാനക്കണക്കില്ല.

(ബി) ഈതരം വ്യാപാരികൾക്കു ആറു ശതമാനംവരെ ലാഭം കണക്കാക്കി ഇൻകംടാക്സ് ചുമത്തിവരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ല.

(സി) ഇൻകംടാക്സ് വകുപ്പ് കേന്ദ്രഗവണ്മെൻറിൻെറ ഭരണത്തിൻകീഴിലായതുകൊണ്ടും (ബി)യുടെ ഉത്തരത്തിൻെറ വെളിച്ചത്തിലും, ഈ ചോദ്യം ഉദിക്കുന്നില്ല.

വില്പന നികുതി.

* ൧൧൯. [൧൧] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര രൂപാവരെ ടേൺഓവറുള്ള വ്യാപാരികളെയാണ് വില്പനനികുതിയുടെ പരിധിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നതു്;

(ബി) വ്യാപാരികളുടെമേൽ വില്പനനികുതിയ്ക്കു് നോട്ടീസ്സ് അയച്ചുവരുന്നതായും അവരിൽ ചിലരിൽനിന്നും അവരുടെ അക്കൗണ്ട്സ് അവഗണിച്ചുകൊണ്ട് വില്പനനികുതി ഈടാക്കിവരുന്നതായും അറിയാമോ;

(സി) ഇത്തരം നോട്ടീസയയ്ക്കൽ നിറുത്തിവയ്ക്കാനും ശരിയായ കണക്കു സമർപ്പിക്കുമ്പോൾ അതു സ്വീകരിക്കാനും കീഴുദ്യോഗസ്ഥന്മാർക്ക് ഗവണ്മെന്റ് കർശനമായ നിർദ്ദേശങ്ങൾ നൽകുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) കൊല്ലത്തിൽ പതിനായിരം രൂപായ്ക്കു താഴെ ടേൺഓവറുള്ള വ്യാപാരികളെ വിൽപനനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഏഴായിരം രൂപാക്കുമേൽ ടേൺഓവറുള്ള കച്ചവടക്കാർ രജിസ്റ്റർ ചെയ്യിരിക്കേണ്ടതാണ്.

(ബി) പതിനായിരംരൂപയ്ക്കുമേൽ ടേൺഓവറുള്ളവരിൽനിന്നും വില്പനനികുതി ഈടാക്കുന്നതല്ലാതെ കുറവായിട്ടുള്ളവരിൽ നിന്നും വില്പനനികുതി ഗവണ്മെന്റു ഈടാക്കുന്നതല്ല. എന്നാൽ വിശ്വാസയോഗ്യമായും വ്യാപാരികൾ കണക്കുകൾ എഴുതണമെന്നും അങ്ങിനെ വിശ്വാസയോഗ്യമായിട്ടാണ് എഴുതിയിരിക്കുന്നതെന്നും ബോദ്ധ്യപ്പെട്ടാൽ അവരുടെ കണക്കുകൾ സ്വീകരിക്കുന്നതാണ്.

(ബി) വ്യാപാരികൾക്കു ബുദ്ധിമുട്ടുകൾക്കിടയാകരുതെന്നു കാണിച്ചു നികുതി പിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

Shri A. A. D. Luiz: May I know whether a Committee has been appointed for the sales tax?

Shri Panampilli Govinda Menon: Yes, a Committee has been appointed in order to enquire and report to Government regarding the hardship, if any, caused to the assessees in the working of the Sales Tax Act.

ബഹുമുഖ വില്പനനികുതി.

* ൧൧൩. [൧൨] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമുഖ വില്പനനികുതിമൂലം വ്യാപാരത്തിന് സാരമായ തകർച്ച ഉണ്ടായിട്ടുള്ളതായി ഗവണ്മെന്റിനറിയാമോ;

(ബി) ഈ നികുതി സിംഗിൾ പായിന്റു ആക്കുന്നതിനെപ്പറ്റി ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരിഷ്കാരം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ബഹുമുഖവിൽപ്പനനികുതിമൂലം വ്യാപാരത്തിനു സാരമായ തകർച്ച ഉണ്ടായിട്ടുള്ളതായി ഗവണ്മെന്റിനറിവില്ല.

(ബി) ഈ നികുതി സിങ്കിൾപായിന്റാക്കുന്നതിനെപ്പറ്റി ഗവണ്മെന്റാലോചിക്കുന്നില്ല.

(സി) മുൻപറഞ്ഞ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. വി. തോമസ്: ബഹുമുഖവിൽപ്പനനികുതി ഈടാക്കുന്നതുമൂലം പല കച്ചവടക്കാരും അവരുടെ കച്ചവടം നിർത്തിയതായിട്ടറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുമൂലം കച്ചവടം നിർത്തിയതായി ഗവണ്മെൻറിനറിവില്ല.

ശ്രീ. ടി. വി. തോമസ്: അതു സംബന്ധിച്ചു ആലപ്പുഴയിൽ നിന്നും ശ്രീ. ടി. ഏ. അബ്ദുള്ളയുടെ നേതൃത്വത്തിൽ ഗവണ്മെൻറിൽ ഒരു നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു നിവേദനം വന്നിട്ടുണ്ടായിരുന്നു.

ശ്രീ. ടി. വി. തോമസ്: അപ്പോൾ ഈ സംഗതി ഗവണ്മെൻറിനറിവില്ല എന്നു പറയുന്നതു ശരിയല്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു നിവേദനം വന്നിട്ടുണ്ടെന്നറിയാമെന്നാണു ഞാൻ പറഞ്ഞതു്.

ശ്രീ. ടി. വി. തോമസ്: ഗവണ്മെൻറു് അതേപ്പററി പരിഗണിക്കാൻ തയ്യാറാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറിനു ചെയ്യാൻ കഴിവുള്ളതു ചെയ്യുന്നതാണു്. അതു സംബന്ധിച്ചുള്ള കാര്യങ്ങൾ അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനു് ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ടു്. അവർ ഇതേപ്പററിയും അന്വേഷിച്ചു വേറെ ഏതുവിധത്തിൽ പരിഹാരമുണ്ടാക്കാൻ സാധിക്കും എന്നു റിപ്പോർട്ടു ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ടു്. അവരുമായി ഡിസ്കസ്സ്ചെയ്തതിൽ പ്രവർത്തനക്ഷമമായ ഒരു നിർദ്ദേശം തരാൻ അവർക്കു കഴിഞ്ഞിട്ടില്ല. അതുകൊണ്ടു മുൻതീരുമാനമനുസരിച്ചുതന്നെ നടത്തുകയാണു്. ഇപ്പോൾ വേറെ ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടു്. ആ കമ്മിററി ഈ വക കാര്യങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതാണു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഈ കമ്മിററിക്കാർ ആരെല്ലാമാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ശ്രീ. ഒ. ആർ. ചുമ്മാർ, അഡ്വക്കേററ്, (ബി) സെയിൽസ് ടാക്സ് ഡെപ്യൂട്ടികമ്മിഷ്ണർ ശ്രീ. ചന്ദ്രശേഖരപിള്ള, (സി) റവന്യൂ സെക്ഷൻ സെക്രട്ടറി ശ്രീ. വി. കെ. വേലായുധൻ.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഇവരുടെ റിപ്പോർട്ടു സമർപ്പിക്കുന്നതിനു ക്ലിപ്തകാലം വല്ലതും നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സാമ്പത്തിക വർഷത്തിനകം റിപ്പോർട്ടു് സമർപ്പിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്. ഈ സമയത്തിനകം ഒരു റിപ്പോർട്ടു തരുവാൻ സാദ്ധ്യമല്ലെന്നും അതിൻെറ

നാനാവശങ്ങളെപ്പററിയും ആലോചിച്ച് ഈ റിപ്പോർട്ട് സമർപ്പിക്കുന്നതിനു കുറച്ചു സമയംകൂടി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതെത്ര മാസത്തേക്കാണു നീട്ടിയതെന്നു ഓർമ്മയില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ ബഹുമുഖവിൽപ്പനനികുതിയിൽനിന്നും എന്തു വരുമാനം പ്രതീക്ഷിക്കുന്നുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ബഡ്ജററുനോക്കിയാൽ അറിയാവുന്നതാണ്. അതിൽ ബഹുമുഖവിൽപ്പനനികുതിയിൽനിന്നും എത്രയാണെ എന്നു പറയുവാൻ നിവർത്തിയില്ല.

ശ്രീ. ററി. ആർ. കൃഷ്ണൻകുഴൽമന്നൻ: ബോംബെയിൽ ഈ സിങ്കിൾപോയിൻറ ടാക്സേഷൻ നിർത്തിയതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. ടി. കെ. കൃഷ്ണൻ: സൗരാഷ്ട്രയിൽ അതു നിർത്തിയിട്ടുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: ബഹുമുഖവിൽപ്പന നികുതി ഈടാക്കുന്നതുകൊണ്ട് കൊപ്രാക്കച്ചവടക്കാരും കണിട്ടുകച്ചവടക്കാരും അവരുടെ കച്ചവടം നിർത്തിയിട്ടുള്ളതായറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: ചേർത്തല മുതലായ സ്ഥലങ്ങളിൽ കൊപ്രാക്കച്ചവടം നിർത്തിയിട്ടുള്ളതായറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സാധാരണയായി നികുതികൊടുക്കുന്നതുതന്നെ വളരെ ഇഷ്ടമുള്ള കാര്യമല്ല. പിന്നെ ബഹുമുഖവിൽപ്പനനികുതിയുടെ കാര്യം പറയേണ്ടല്ലോ.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: കൊപ്രാകച്ചവടക്കാർ ഓരോ പോയിൻറിലും നികുതി കൊടുക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി കൊപ്രാകച്ചവടക്കാരിൽനിന്നും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. ആ ആക്ഷേപങ്ങൾ എല്ലാം എളുപ്പം തീരുമാനിക്കുന്നതിനുവേണ്ടിയാണ് ഈ കമ്മിററിയെ വച്ചിട്ടുള്ളതു്. മുമ്പു അസ്സെസ്സുചെയ്തു വന്നിരുന്നതിൽ ഏററവും കുറവു വരുത്തക്കവണ്ണം ഏതെല്ലാം പരിഷ്കാരങ്ങൾ ആണ് ഈ നിയമത്തിൽ വരുത്തേണ്ടതു എന്നും ഈ കമ്മിററി റിപ്പോർട്ടുചെയ്യുന്നതാണ്. ആ റിപ്പോർട്ടിൽ കൊപ്രായുടെ കാര്യവും വരുന്നതാണ്.

ശ്രീ. കുഞ്ഞിത്തൊമ്മൻ: പനമ്പിൻെറ കാര്യവും അവരുടെ റിപ്പോർട്ടിൻെറ പരിധിയിൽ വരുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വരുമെന്നാണു തോന്നുന്നതു്.

ശ്രീ. കുഞ്ഞിത്തൊമ്മൻ: പനമ്പുണ്ടാക്കുന്ന ആളിൻെറ പക്കൽനിന്നും കച്ചവടക്കാരിൽ നിന്നും വിൽപ്പനനികുതി പിരിക്കുന്നതിനുള്ള നിയമം വല്ലതുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ നിയമമുണ്ടോ എന്നിപ്പോൾ പറയാൻ നിവൃത്തിയില്ല. അതു exempted ആർട്ടിക്കിൾസിന്റെ കൂട്ടത്തിൽ വന്നിട്ടില്ലെന്നാണു തോന്നുന്നതു്.

ശ്രീ. ഇ. പി. വർഗ്ഗീസ്: കുടിൽവ്യവസായ ഉൽപ്പന്നങ്ങൾ ഈ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പതിനായിരം രൂപായിൽ കൂടുതൽ ടേൺ ഓവറുള്ള കച്ചവടക്കാരാണെങ്കിൽ അവരിൽനിന്നും വിൽപ്പനനികുതി ഈടാക്കും. എന്നാൽ ചില സാധനങ്ങൾ ഒഴിവാക്കിയിട്ടുണ്ടു്. അതായതു് കൈത്തറിനെയ്ത്തു തുണികൾ.

ശ്രീ. ഇ. പി. വർഗ്ഗീസ്: കുടിൽവ്യവസായ ഉൽപ്പന്നങ്ങളെ സെയിൽസ്ടാക്സിൽ നിന്നും ഒഴിവാക്കിക്കിട്ടണമെന്നു വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ജനറൽടേംസിൽ അപേക്ഷകൾ കിട്ടിയതായി ഞാൻ ഓർക്കുന്നില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: കുടിൽവ്യവസായോൽപ്പന്നങ്ങളിൽ ചില സാധനങ്ങൾക്കു വിൽപ്പനനികുതി ഒഴിവാക്കണമെന്നു തെക്കൻ തിരുവിതാംകൂറിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടാകാം.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: കുടിൽവ്യവസായോൽപ്പന്നങ്ങൾക്കു കച്ചവടം ഇല്ലാത്തതുകൊണ്ടാണു വിൽപ്പനനികുതിയിൽനിന്നും ഒഴിവാക്കിയതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിൽപ്പനനികുതിയിൽനിന്നും ഒഴിവാക്കീട്ടില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഏതാനും സാധനങ്ങൾ ഒഴിവാക്കിയിട്ടുണ്ടെന്നു പറഞ്ഞല്ലോ അതെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു കൈത്തറി തുണിയുടെ കാര്യമാണു്.

Iron and Steel.

※117 (13) **Shri Prakkulam Bhasi**: Will the Minister for Controls be pleased to state:

(*a*) the quota (in tons) of iron and steel fixed for Travancore-Cochin State for 1952-53;

(*b*) the basis on which the quota is fixed for the respective importers;

(*c*) whether the Government is exercising any control over the manufacturers of agricultural implements by some of the importers;

(*d*) how is inspection done by the Department to see whether the steel and iron given for the manufacture of agricultural implements are used for making agricultural implements or not; and

(*e*) is there any agency for it?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) The quota for iron and steel fixed for Travancore-Cochin for 1952-53 is 5383 tons. This is made up of non-agricultural quota, 2165 tons; agricultural quota, 2330 tons; Cottage Industries quota, 210 tons; Government Development Scheme quota, 450 tons; and steel processing industries quota, 228 tons.

(*b*) The quotas are distributed equally for the north zone comprising of Trichur and Kottayam Districts, and the south zone comprising of Quilon and Trivandrum Districts. There are 4 Registered Stockholders in Trivandrum and Quilon Districts. The non-agricultural quota set apart for the south zone is distributed equally to these 4 stockholders. There are 9 stockholders in Trichur and Kottayam Districts (8 in Trichur and 1 in Kottayam). The non-agricultural quota set apart for the north zone is distributed to these 9 stockists. Agricultural quotas allotted for the State are distributed equally to 8 stockholders as recommended by the Director of Agriculture, Trivandrum.

(*c*) None of the importers except Messrs. Mather Stores, Ernakulam, is manufacturing agricultural implements. The Agriculture Department is not exercising control over the manufacture of agricultural implements by the firm. But monthly statements showing the implements manufactured, those disposed of and the balance in stock, are forwarded to the Department and those statements are scrutinised and the stock inspected by the departmental officers whenever possible.

(*d*) The Departmental officers inspect the accounts kept and the stocks available and see whether the iron and steel materials are utilised for the purpose for which they are released to the stockist.

(*e*) There is no special agency sanctioned for carrying out the work. The Agricultural Inspectors or Divisional Agricultural officers attend to it in addition to their normal duties.

ശ്രീ. പ്രാക്കുളം ഭാസി: സ്റ്റാക്കിസ്റ്റ്സ് ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസുവേണം.

ശ്രീ. പ്രാക്കുളം ഭാസി: ഇതിന്റെ പരിശോധന ഏതു ഡിപ്പാർട്ടുമെന്റാണു നടത്തുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഡിവിഷൻ ആഫീസറും, അഗ്രിക്കൾച്ചറൽ ഇൻസ്പെക്ടറന്മാരുമാണ്.

ശ്രീ. പ്രാക്കുളം ഭാസി: മററു ഡിപ്പാർട്ടുമെൻറു ആഫീസർ എന്നു പറഞ്ഞിട്ടുള്ളതാരെല്ലാമാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൺട്രോൾ ഡിപ്പാർട്ടുമെൻറാഫീസറന്മാരാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഇവിടത്തെ ഡിപ്പാർട്ടുമെൻറാണോ ഇൻഡ്യാഗവൺമെൻറാണോ പരിശോധന നടത്തുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടത്തെ ഡിപ്പാർട്ടുമെൻറാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഈ കോട്ടാ വാങ്ങിക്കുന്നതുമുഴുവനും അഗ്രിക്കൾച്ചറൽ ഇംപ്ലിമെൻറ്സുണ്ടാക്കുന്നുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: ഈ സ്റ്റാക്കിസ്റ്റ്സിനു കൊടുക്കുന്ന കോട്ടാ മുഴുവനും അവർ സ്വന്തമായി അഗ്രിക്കൾച്ചറൽ ഇംപ്ലിമെൻറ്സ് ഉണ്ടാക്കിവില്ക്കണമെന്നു വ്യവസ്ഥയുണ്ടോ?

Shri Panampilli Govinda Menon: I wish to have notice on that matter of detail.

ശ്രീ. എ. താണുപിള്ള: ഈ സ്റ്റാക്കിസ്റ്റ്സ് ഉണ്ടാക്കുന്ന ഇംപ്ലിമെൻറ്സിൻെറ വില എങ്ങിനെവേണമെന്നുള്ളതിനെപ്പററിയും മററും വല്ല നിയന്ത്രണവുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ലെന്നാണെൻെറ ഓർമ്മ.

ശ്രീ. ഓ. സി. നൈനാൻ: ഈ സ്റ്റാക്കിസ്റ്റ്സിനു കൊടുത്തിട്ടുള്ള കോട്ടാ മുഴുവൻ അവർ എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ട്രാൻസ്പോർട്ടു ഡിഫിക്കൽററിയുണ്ടായതുകൊണ്ടു ചിലർ മുഴുവനും എടുത്തിട്ടില്ല.

ശ്രീ. ഓ. സി. നൈനാൻ: അങ്ങിനെ കോട്ടാ മുഴുവൻ വാങ്ങാത്തതാരാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല. അതിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്രയെണ്ണമുണ്ടെന്നു എനിക്കു നിശ്ചയമില്ല.

Shri P. S. Nataraja Pillai: Out of the eight stockists for agricultural quota, how many are in the south zone?

Shri Panampilli Govinda Menon: As I have already stated, agricultural quotas are distributed equally to 8 stock holders as recommended by the Director of Agriculture, Trivandrum.

Shri P. S. Nataraja Pillai: Is there any one in the southern zone?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആരെത്രയെന്നു് എനിക്കു നിശ്ചയമില്ല.

തെരഞ്ഞെടുപ്പുകൾ.

❋ ൧൧൭. [൧൪] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യത്തിനു് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സംസ്ഥാനത്തെ നിയമസമിതികളിലേയ്ക്കും മുനിസിപ്പാലിററികളിലേയ്ക്കും ഉള്ള തെരഞ്ഞെടുപ്പുകളിൽ മതാധികാരികൾ പരസ്യമായി കല്പനകൾ പുറപ്പെടുവിച്ചു് ഇടപെടുന്നതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ നിയമസമിതികളിലേയ്ക്കും മുനിസിപ്പാലിററികളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പുകളിൽ മതാധികാരികൾ പരസ്യമായി കല്പനകൾ പുറപ്പെടുവിക്കുന്നതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. സി. ജി. സദാശിവൻ: നിയമവിരുദ്ധമായി ഈ മാതിരി കാര്യങ്ങളിൽ ഇടപെടുകയാണെങ്കിൽ അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു് നടപടികൾ എടുക്കരുതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ വക കാര്യങ്ങളിൽ മതാധികാരികൾ ഇടപെടുകയാണെങ്കിൽ അതു റെപ്രസെൻറേഷൻ ഓഫ് പീപ്പിൾസ് ആക്ററപ്രകാരം കുററമാണു്. അതു ശിക്ഷാർഹമായ കുററമല്ല. എന്നാൽ ആ തെരഞ്ഞെടുപ്പു ദുർബ്ബലപ്പെടുത്താൻ മതിയായ കുററമാണു്. ഏതെങ്കിലും മതാധികാരികൾ റെപ്രസെൻറേഷൻ ഓഫ് പീപ്പിൾസ് ആക്ടിൽ വിവരിക്കുന്ന വിധത്തിൽ ഇടപെട്ടു് തിരഞ്ഞെടുപ്പിനു കുഴപ്പം വരുത്തിയിട്ടുണ്ടെങ്കിൽ അതുകൊണ്ടു് ദോഷം വരുന്ന പക്ഷം എലക്ഷൻ കോടതികളിൽ പരാതിപ്പെടാം. ആ വിധത്തിൽ ഉന്നയിക്കപ്പെട്ട ഒരു സംഭവവും എൻെറ മനസ്സിലുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: താക്കീതു ചെയ്യത്തക്കവിധത്തിലുള്ള ഒരു കുററമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശിക്ഷകൊടുക്കാൻ അധികാരമില്ലാത്തിടത്തു് താക്കീതു ചെയ്യുന്നതു് ഒരു പ്രഹസനമായിരിക്കും.

ശ്രീ. ഓ. സി. നൈനാൻ: താക്കീതും ഒരു ശിക്ഷയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശിക്ഷിക്കാൻ അധികാരമില്ലാതെ താക്കീതു ചെയ്യുന്നതിൽ അർത്ഥമില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ശിക്ഷയിലേക്ക നയിക്കുവുന്ന കാരണങ്ങളെ തടയേണ്ടതു ഗവണ്മെൻറിൻെറ ചുമതലയല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ശിക്ഷാർഹമല്ലെന്നാണ ഞാൻ പറഞ്ഞതു്. അതു തികച്ചും ഇലക്ഷനെ ബാധിക്കുന്ന ഒരു കാൎയ്യമാണു്.

ശ്രീ. ടി. വി. തോമസ്സ്: ഫ്രീ ആൻഡു് ഫെയർ ഇലക്ഷൻ നടത്തേണ്ടതു ഗവണ്മെൻറിൻെറ ചുമതലയല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ സാമാന്യമായി പറഞ്ഞാൽ സമ്മതിക്കാതെ നിവൃത്തിയില്ല. ഗവണ്മെൻറിൻെറ ചുമതല റെപ്രസെൻേറഷൻ ആഫ് പീപ്പിൾസ് ആക്ററനുസരിച്ച് തെരഞ്ഞെടുപ്പു നടത്തുക എന്നുള്ളതാണു്.

ശ്രീ. ടി. വി. തോമസ്സ്: അപ്പോൾ അതിനു വിഘാതമായി എന്തെങ്കിലും കണ്ടാൽ അതു തടയുന്നതിനു ഗവണ്മെൻറിനു അവകാശമില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ വക കാൎയ്യങ്ങൾ എലക്ഷൻ ബോർഡിൽ ഉന്നയിക്കേണ്ടതാണു്. അതിലേക്കു് ഗവണ്മെൻറിനു് യാതൊരു നിയമപ്രകാരം അധികാരവും ഇല്ല.

ശ്രീ. ടി. വി. താമസ്സ്: ഇലക്ഷൻ ഫ്രീയായും ഫെയർ ആയും നടത്താൻ ഗവണ്മെൻറിനു ചുമതലയില്ലെന്നാണോ പറയുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. റെപ്രസെൻേറഷൻ ആഫ് പീപ്പിൾസ് ആക്ടിൽ ഫ്രീയായും ഫെയറായും ഇലക്ഷൻ നടത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതനുസരിച്ചാണ് ഗവണ്മെൻറ ഇലക്ഷൻ നടത്തുന്നതു്. ആക്ടിൽ പറഞ്ഞിട്ടുള്ളതിനു വിപരീതമായി നടക്കുകയാണെങ്കിൽ അതിനുള്ള വ്യവസ്ഥകളും ആക്ടിൽതന്നെ ചെയ്തിട്ടുണ്ടു്.

ശ്രീ. ടി. വി. താമസ്സ്: മതാദ്ധ്യക്ഷന്മാരുടെ ഇടപെടൽ തടയേണ്ടതു ആവശ്യമാണെങ്കിൽ അതു തടയാൻ നിവൃത്തിയില്ലെന്നു പറയുന്നതു് ശരിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫ്രീ ആൻറ ഫെയർ എന്നുള്ളതിൻെറ മാനദണ്ഡം ആക്ടിൽ നിർണ്ണയിച്ചിട്ടുണ്ടു്.

ശ്രീ. ടി. വി. താമസ്സ്: മതാദ്ധ്യക്ഷന്മാരുടെ ഇടപെടൽ ഫ്രീ ആൻറ് ഫെയർ ഇലക്ഷനു സഹായകരമല്ലെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഇടപെടലിൻെറ സ്വഭാവമനുസരിച്ചിരിക്കും. മാത്രമല്ല, അങ്ങനെ ഇടപെടുന്നതു ശരിയാണോയെന്നുള്ളതു ഒരു നിയമപ്രശ്നമാണു്.

ശ്രീ. ടി. വി. താമസ്: അൺഡ്യു ഇൻഫ്ളുവൻസ് ചെലുത്തുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി പല അഭിപ്രായങ്ങളും പറയുന്നതു കേട്ടിട്ടുണ്ട്. ഒരാളിന്റെ സമുദായത്തിലുള്ള നിലയനുസരിച്ചു ഇൻഫ്ളുവൻസ് ഉണ്ടാകും. ഒരു അഡ്വക്കേററിൽ നിന്നും ട്രേയിഡ് യൂണിയൻ ലീഡറിൽ നിന്നുമെല്ലാം ഇൻഫ്ളുവൻസ് ഉണ്ടാകാം. അതുപോലെതന്നെ മതാദ്ധ്യക്ഷന്മാരിൽ നിന്നും ഇൻഫ്ളുവൻസു ഉണ്ടാകാം. അതിന്റെ അതിരു ലംഘിച്ചു ഏതെങ്കിലും ഒരു സ്ഥാനാർത്ഥിയ്ക്കു ദോഷംവന്നാൽ അതു എലക്ഷൻ ബോർഡിൽ ഉന്നയിക്കാവുന്നതാണ്.

ശ്രീ. ടി. വി. താമസ്: ഏതെങ്കിലും ഒരു സ്ഥാനാർത്ഥിക്കു വോട്ടു ചെയ്താൽ പരലോകത്തു ശിക്ഷകൾ വിധേയമാകുമെന്നു പറയുന്നതു അൺഡ്യു ഇൻഫ്ളുവൻസ് ആകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പറയുന്നതു് റെപ്രസെന്റേഷൻ ആഫ് പീപ്പിൾസ് ആക്ട് അനുസരിച്ചു അൺഡ്യു ഇൻഫ്ളുവൻസ് ആകുമോയെന്നുള്ളതു ഒരു നിയമപ്രശ്നമാണ്.

ശ്രീ. ഓ. സി. നൈനാൻ: ഒരു പായിൻറ ആഫ് ആർഡർ ആബ്സ്ട്രാക്ററ് കൺസ്ട്രക്ഷൻസ്, ആഫ് ലാ അനുവദിക്കുന്നതു ശരിയാണോ?

Mr. Speaker: Abstract questions of law may be decided by a court of competent authority. There is no use of discussing such questions here.

ശ്രീ. ഏ. താണുപിള്ള: ഈ കഴിഞ്ഞ തിരുവനന്തപുരം മുനിസിപ്പൽ തെരഞ്ഞെടുപ്പു സംബന്ധമായി കത്തോലിക്കർ ഇന്നാർക്കേ വോട്ടു ചെയ്യാവൂയെന്നു തിരുവനന്തപുരം കത്തോലിക്കാബിഷപ്പു അദ്ദേഹത്തിന്റെ കീഴിലുള്ള പള്ളികൾക്കു നിർദ്ദേശം കൊടുത്തതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. കെ. ജെ. തോമസ്: മതാദ്ധ്യക്ഷന്മാർ തങ്ങളുടെ അനുയായികൾക്കു വേണ്ട നിർദ്ദേശം കൊടുക്കുന്നതു തെററാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ സ്ഥാനത്തുമുള്ള ആളുകൾക്കു തങ്ങൾ പറഞ്ഞാൽ കേൾക്കുന്നവർക്കു സദുപദേശം നൽകാൻ അവകാശമുണ്ട്.

ശ്രീ. ഇ. പി. വർഗ്ഗീസ്: കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പുസംബന്ധമായി ഈ തത്വം എലക്ഷൻ കമ്മീഷൻ മുമ്പാകെ ആരെങ്കിലും ഉന്നയിച്ചിട്ടുള്ളതായറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എറണാകുളം പാർലമെന്ററി ഇലക്ഷൻ അസ്ഥിരപ്പെടുന്നതിനു തോററ സ്ഥാനാർത്ഥി ഉന്നയിച്ചിരുന്ന കാരണങ്ങളിൽ ഒന്നു ഇതാണ്.

ശ്രീ. ഇ. പി. വർഗ്ഗീസ്: അതിന്റെ തീരുമാനമെന്തായിരുന്നുവെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കാര്യത്തെപ്പററി പ്രത്യേകം എന്തെങ്കിലും തീരുമാനിച്ചതായി ഓർക്കുന്നില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: തൃശ്ശൂരിൽ ബ്രദർ വടക്കൻ എന്നൊരാൾ മതവിശ്വാസികളും ദൈവവിശ്വാസികളും കോൺഗ്രസ്സിനേ വോട്ടുനൽകാവൂ എന്നു പറഞ്ഞിട്ടുള്ളതായി ഗവണ്മെന്റിനറിയാമോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ദൈവവിശ്വാസികളും ദൈവവിശ്വാസികളല്ലാത്തവർക്ക് വോട്ടുചെയ്യരുതെന്നു പറഞ്ഞിരിക്കാം.

Food

*119 (15) **Shri R. Kesava Pillai**: Will the Minister for Finance and Civil Supplies be pleased to state:

(a) the total quantity of food procured in the State in the year 1952;

(b) the total quantity of food imported into the State in terms of rice or paddy, in terms of wheat, and in terms of milo and other articles in the year 1952; and

(c) the quantity of ration supplied per adult in the year 1952?

Minister for Finance and Civil Supplies (**Shri Panampilli Govinda-Menon**):

(a) In the year 1952, 53,070 tons of rice have been procured in this State.

(b) In that year the quantity of rice imported here was 3,11,352 tons, wheat 60,402 tons, wheat flour 1,100 tons and long wheat 200 tons.

(c) The quantity of rice supplied per adult in the year 1952 is as follows:

From	To	Rice	Wheat
1-1-1952	29-3-1952	5 oz.	4 oz. (2 oz. compulsory and 2 oz. optional)
30-3-1952	12-7-1952	6 oz.	6 oz. (2 oz. compulsory and 2 oz. optional)
13-7-1952	9-8-1952	6 oz.	6 oz. (1 oz. compulsory and 5 oz. optional)
10-8-1952	onwards	6 oz.	6 oz. (optional)

ശ്രീ. ആർ. കേശവപിള്ള: ൧൯൫൨-ൽ പ്രൊക്യൂവർ ചെയ്തതു് മുന്നാണ്ടത്തെക്കാളും കൂടുതലാണോ കുറവാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറവാണ്.

ശ്രീ. ആർ. കേശവപിള്ള: ലെവിയുടെ റേററമാററിയെന്നു പറഞ്ഞു. ആ നിലയ്ക്കു് കൂടുതൽ കിട്ടാനല്ലേ ന്യായം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലെവി സിസ്റ്റം ആരംഭിച്ചതു് മുഴുവൻ നെല്ലും എടുക്കുന്നതിനുവേണ്ടിയല്ല. കുറെ രാജ്യത്തു കിടന്നു മറിയുന്നതിനു അനുവദിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്.

ശ്രീ. ആർ. കേശവപിള്ള: ലെവിയനുസരിച്ചു് പ്രൊക്യൂവർ ചെയ്താൽ ഒരാണ്ടത്തേയ്ക്കു് എത്രകിട്ടും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൩-ൽ വച്ചിരിക്കുന്ന ടാർഗററ് ൪൦ ലക്ഷം ടൺ ആണ്.

ശ്രീ. ആർ. കേശവപിള്ള: മുന്നാണ്ടത്തേക്കാൾ കുറവായി കണക്കാക്കാൻ കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുന്നാണ്ടിൽ മുഴുവൻ ലെവി അനുസരിച്ചല്ല എടുത്തിട്ടുള്ളതു്. ആദ്യം എക്സസ് സിസ്റ്റമനുസരിച്ചാണ് എടുത്തിട്ടുള്ളതു്.

ശ്രീ. ആർ. കേശവപിള്ള: അരിയുടെ അളവ് വർദ്ധിപ്പിക്കാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ അതിനുള്ള ലക്ഷണങ്ങൾ അത്ര അനുകൂലമായിട്ടല്ല ഇരിക്കുന്നതു്.

പ്രവർത്തനം നടത്തുന്ന റൈസ്മില്ലുകൾ.

* ൧൨൦. [൧൩] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ റൈസ്മില്ലുകൾ പ്രവർത്തനം നടത്താൻ അനുവാദം നൽകിയിട്ടുള്ളതും നൽകിയിട്ടില്ലാത്തവയുമായ ഡിസ്ട്രിക്ററുകളേവ;

(ബി) ഏതെല്ലാം ഡിസ്ട്രിക്ററുകളിൽ എത്ര റൈസ്മില്ലുകൾക്കു് വീതമാണ് അനുവാദം നൽകിയിട്ടുള്ളതു്;

(സി) ഈ അനുവാദം ലഭിക്കുവാൻ അവയുടെ ഉടമസ്ഥന്മാർ എന്തെങ്കിലും തുക ഫീസായി ഗവണ്മെൻറിനു നൽകിയിരുന്നുവോ;

(ഡി) റൈസ്മില്ലുകൾ നടത്തുന്നകാര്യത്തിൽ അവയുടെ ഉടമകൾ എന്തെങ്കിലും ഗവണ്മെൻറ വ്യവസ്ഥകൾക്കു് വിധേയരായിരുന്നുവോ;

(ഇ) എങ്കിൽ ആ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു?

ധനകാര്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അനുവാദം നൽകിയിട്ടുള്ള ഡിസ്ട്രിക്ടുകൾ തൃശ്ശൂരും തിരുവനന്തപുരവും. അനുവാദം നൽകിയിട്ടില്ലാത്തവ കൊല്ലവും, കോട്ടയവും.

(ബി) തിരുവനന്തപുരം ൩

തൃശ്ശൂർ ൨ ൧൰

(സി) ഇല്ല.

(ഡി) വിധേയരായിരുന്നു.

(ഇ) പ്രധാന വ്യവസ്ഥകൾ അടിയിൽ ചേർക്കുന്നു.

(൧) നിശ്ചിതസംഖ്യ ജാമ്യത്തുകയായി കെട്ടിവയ്ക്കുന്നതുകൂടാതെ കൂടുതൽ സെക്യൂരിററിയായി വസ്തുക്കൾ ഈടുകൊടുക്കണം.

(൨) മില്ലിൽ കുത്തുന്ന നെല്ലിനു കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും, അവ ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാരുടെ പരിശോധനയ്ക്കു വിധേയമാകുന്നതുമാണ്.

(൩) ഗവണ്മെൻറുവക നെല്ലുകുത്തുന്ന മില്ലുകളിൽ പ്രൈവററ നെല്ലുകുത്താൻ പാടില്ലാത്തതും, സർക്കാർവകയ്ക്കു കുത്തുന്ന ഓരോയിനം നെല്ലിനും നിശ്ചയിച്ചിട്ടുള്ള തോതനുസരിച്ച് അരി അളവുകൊടുക്കേണ്ടതുമാണ്.

(൪) പ്രൈവററമില്ലുകൾ നിശ്ചിതകൂലിയിൽ കൂടുതൽ വസൂലാക്കാൻ പാടില്ലാത്തതും, വസൂലാക്കുന്ന കൂലിക്ക് വൗച്ചറുകൾ കൊടുക്കേണ്ടതുമാണ്.

(൫) സിവിൽസപ്ലൈസ്ഡിപ്പാർട്ട്മെൻറു നൽകിയിട്ടുള്ള പെർമിററുകൾ ഇല്ലാതെ പ്രൈവററമില്ലുകളിൽ നെല്ലുകുത്തുവാൻ പാടില്ലാത്തതാണ്.

(ഈ വ്യവസ്ഥ ൩-൧-൧൰ ൯൰ മുതൽ റദ്ദാക്കപ്പെട്ടു.)

(൬) മില്ലിൻെറ നടത്തിപ്പിൽ എതെങ്കിലും വ്യവസ്ഥകൾക്ക് വീഴ്ചവരുത്തിയാൽ ലൈസൻസ് റദ്ദ്ചെയ്യുന്നതിനും, ജാമ്യത്തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനും ഇടയാകുന്നതാണ്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഈ വ്യവസ്ഥകൾ തൃശ്ശൂർ ഡിസ്ട്രിക്ടിലും തിരുവനന്തപുരം ഡിസ്ട്രിക്ടിലും ഒരുപോലെയാണോ പാലിച്ചിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഒരിക്കലും റൈസ്മില്ലുകൾ നിരോധിച്ചിട്ടില്ലായിരുന്നല്ലോ? തിരുവനന്തപുരം ഡിസ്ട്രിക്ടിൽ നിരോധിച്ചിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. തിരുവനന്തപുരം ഡിസ്ട്രിക്ടിൽ നിരോധിച്ചിരുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: തൃശ്ശൂർ ഡിസ്ട്രിക്ടിൽ പാലിച്ചുകൊണ്ടിരുന്ന വ്യവസ്ഥകൾ തിരുവനന്തപുരം ഡിസ്ട്രിക്ടിൽ വ്യാപിപ്പിക്കുകയാണോ ചെയ്തതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ആ വ്യവസ്ഥയ്ക്കു വിപരീതമായി ആരെങ്കിലും പ്രവർത്തിക്കുന്നുണ്ടോയെന്നു അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പ്രവർത്തിച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ൧൧൨൮-ൽ പുതിയ മില്ലുകൾ നടത്താൻ ഗവണ്മെൻറ അപേക്ഷകൾ ക്ഷണിച്ചിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ക്ഷണിച്ചിരുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: അതിന്റെ ഫലമായി എത്ര അപേക്ഷ കിട്ടിയെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല. കുറെ അപേക്ഷകൾ കിട്ടിയിട്ടുണ്ടു്. ഇപ്പോൾ അതിന്റെ നടപടികൾ നിറുത്തിവച്ചിരിക്കുകയാണു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അന്നു അപേക്ഷിച്ചിരുന്നവരിൽ ആർക്കെങ്കിലും ലൈസൻസു കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: കഴിഞ്ഞ കൊല്ലം അനധികൃതമായി എവിടെയെങ്കിലും റൈസുമില്ലുകൾ നടത്തിയതായി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒന്നു രണ്ടു ദിക്കുകളിൽ അങ്ങനെ നടന്നതായി കണ്ടിട്ടുണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അവരുടെ പേരിൽ എന്തു നടപടിയാണു എടുത്തിട്ടുള്ളതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരുടെ പേരിൽ പോലീസു ഡിപ്പാർട്ടുമെൻറിൽനിന്നും വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: റൈസുമില്ലുകൾ വേണമോ വേണ്ടയോ എന്നുള്ളതിലേയ്ക്കു രൂപീകരിച്ച കമ്മിററിയുടെ റിപ്പോർട്ടു കിട്ടിയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റിപ്പോർട്ടു കിട്ടിയിട്ടുണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ആ റിപ്പോർട്ട് സഭാംഗങ്ങളുടെ അറിവിനായി മേശപ്പുറത്തുവയ്ക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സഭ തുടങ്ങിയതിന തലേദിവസമാണ റിപ്പോർട്ടുകിട്ടിയത്. അതു നോക്കിയശേഷം സഭാംഗങ്ങൾക്ക നൽകാമെന്നാണെങ്കിൽ അങ്ങനെ ചെയ്യുന്നതിന വിരോധമില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അതു നോക്കുന്നതിന എത്ര സമയം വേണ്ടിവരുമെന്ന പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: കിട്ടിയിട്ടുള്ള അപേക്ഷകളിന്മേൽ എത്ര നാളുകൾക്കകം തീരുമാനം ഉണ്ടാകുമെന്ന പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു റിപ്പോർട്ടു നോക്കിയതിനശേഷം അതിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നതായിരിക്കും.

ശ്രീ. എം. പി. വർഗ്ഗീസ്: ഗവണ്മെന്റിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു അപേക്ഷകളും പണവും വാങ്ങിയശേഷം ഇതുവരെയും അതു സംബന്ധിച്ചു തീരുമാനം എടുക്കാതെയിരിക്കുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റൈസ്മില്ലുകൾ അനുവദിക്കുന്നതു സങ്കടമാണെന്നും അതല്ല അനുവദിക്കാതെയിരിക്കുന്നതു സങ്കടമാണെന്നും രണ്ടഭിപ്രായങ്ങൾ പൊന്തിവന്നു. അതിനെ ആദരിച്ചാണ കമ്മിററിയെ നിയമിച്ചത്. അതുകൊണ്ടാണ് കിട്ടിയ അപേക്ഷകളിന്മേൽ ഇതുവരെ തീരുമാനമെടുക്കാതെയിരുന്നിട്ടുള്ളത്.

WRITTEN ANSWERS.

ரைஸ்மில் விசாரணைக் கமிற்றி.

*121. [17] *ஸ்ரீ. ஸி. சங்கர்:* கீழ் காணும் வினாக்களுக்கு உணவு வகுப்புமந்திரி அவர்கள் விடை பகர்வார்களாக:*

(எ) ரைஸ்மில் விசாரணைக் கமிற்றியில் என்ன அடிப்படையில் அங்கத்தினர்கள் நியமிக்கப்பட்டனர்;

(பி) அதில் எத்தனைபேர் அரசாங்கக் கட்சியைச் சேர்ந்தவர்களும், நியமிக்கப்பட்டனர்;

(ஸி) மேற்படி கமிற்றி எந்தெந்த இடங்களிலெல்லாம் விசாரணை நடத்தியது; ஆக எத்தனை பேர் அதன் முன் வாக்கு மூலம் கொடுத்தனர்;

(டி) கமிற்றி அரசாங்கத்திற்கு இதுவரை ஏதாவது ரிப்போர்ட் சமர்ப்பித்திருக்கிறதா; சமர்ப்பித்திருக்கிறதென்றால் அதில் என்னென்ன சிபார்சுகள் அடங்கியிருக்கின்றன?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(a) The idea of Government was to obtain advice in the matter from the representatives of the people and prominent non-officials.

(*b*) No party considerations weighed with Government.

(*c*) The Committee conducted enquiries in the following places :

1. Nagercoil
2. Trivandrum
3. Nedumangad
4. Shencotta
5. Quilon
6. Thiruvalla
7. Changanacherry
8. Kottayam
9. Alwaye
10. Trichur
11. Chittoor
12. Alleppey ; and
13. Mavelikkara

The Committee interviewed 361 persons. Information regarding the exact number of persons who appeared before the Committee is not available.

(*d*) Yes. Government have only received the report recently and it is now being examined by Government. As such the recommendationscannot be published now.

കശുവണ്ടി ഫാക്ടറികൾ.

✱ ൧൨൨ [൧൯] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു എത്ര കശുവണ്ടി ഫാക്ടറികളുണ്ടെന്നും അവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തനത്തിലുണ്ടെന്നും പറയുമോ;

(ബി) പ്രവർത്തനമില്ലായ്മയുടെ കാരണം അസംസ്കൃതസാധനമായ തോട്ടണ്ടിയുടെ അഭാവം ആണോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൩൯ ഫാക്ടറികളുണ്ട്. അവയിൽ ൧൧൦ ഫാക്ടറികളിൽ ഇപ്പോൾ പ്രവർത്തനം നടക്കുന്നുണ്ട്.

(ബി) തോട്ടണ്ടിയുടെ അഭാവംമൂലം ചില ഫാക്ടറികളും മററു ചിലതു് സാമ്പത്തികവൈഷമ്യംമൂലവും പ്രവർത്തനം നിറുത്തിയിട്ടുണ്ട്.

Mill Enquiry Committee.

✱ 123. [20] **Shri K. Sattanatha Karayalar :** Will the Minister for Finance and Civil Supplies be pleased to state :

(*a*) whether the Government have received the report of the Rice Mill Enquiry Committee ;

(*b*) if so, what is the decision of the Government on the matter ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) Yes.

(*b*) The report is under the consideration of Government.

Ration Shops.

*124. [21] **Shri A. Samraj :** Will the Minister for Finance and Civil Supplies be pleased to state the number of new ration shops opened in S. Travancore after the last Session of the Assembly ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) : 9.

Sweepers.

*125 [23] **Shri A. Samraj :** Will the Minister for Medicine and Public Health be pleased to state :

(*a*) the reasons why the low paid sweepers in the Public Health Department in the State were deprived of a major part of their monthly wages by the Government ; and

(*b*) whether the Government are aware of the great hardship of the poor workers because of the reduction of their wages ?

Minister for Medicine and Public Health (**Shri V. Madhavan**) :

(*a*) As a measure of curtailment of expenditure under contingencies, Conservancy sweepers in the Public Health Department have been declared part-time employees on a consolidated allowance of Rs. 20 each per mensem. Government consider that part-time employees will be enough for conservancy work and that the remuneration fixed for these part-time employees is reasonable.

(*b*) No.

ആസ്പത്രി ജീവനക്കാർ.

* ൧൨൬. [൨൭] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ആസ്പത്രി ജീവനക്കാരിൽ ഒരുവിഭാഗത്തെ കണ്ടിജൻസിക്കാരായി മാററിയിട്ടുണ്ടോ ;

(ബി) അങ്ങനെ മാററപ്പെട്ടവർ എത്ര ;

(സി) എന്തടിസ്ഥാനത്തിലാണ് ചിലരെ കണ്ടിജൻസിക്കാരായി മാററുകയും, ചിലരെ മാററാതിരിക്കുകയും ചെയ്യുന്നതു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്.

(ബി) ൨൧.

(സി) ആസ്പത്രി ജീവനക്കാരുടെ സർവീസിൽ ഐകരൂപ്യം വരുത്തുവാൻ.

മൈറസ്മിൽ അന്വേഷണക്കമ്മിററി.

* ൪൨൭. [൨൩] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറിൽ നിന്നും നിയമിച്ച മൈറസ്ൽ അന്വേഷണക്കമ്മററി അതിൻെറ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിനെ സംബന്ധിച്ച് ഗവണ്മെൻറ് എന്തു നയമാണ് എടുത്തിട്ടുള്ളത്?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നതേയുള്ളു.

തൊഴിലില്ലായ്മ.

* ൪൨൮. [൨൧] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി സദയ മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ തൊഴിൽചെയ്യാൻ തയ്യാറുള്ളവരും എന്നാൽ തൊഴിൽ ലഭിക്കാത്തവരുമായി എത്ര ആളുകളുണ്ട്;

(ബി) അങ്ങനെയുള്ളവർക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനു എന്തെങ്കിലും പദ്ധതി ഗവണ്മെൻറിനുണ്ടോ;

(സി.) ഉണ്ടെങ്കിൽ എന്താണ്?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശരിയായ സ്ഥിതിവിവരക്കണക്കുകൾ എടുത്തിട്ടില്ല.

(ബി) ഉണ്ട്.

(സി) വ്യവസായങ്ങൾ വർദ്ധിപ്പിക്കുക, ഭക്ഷ്യോൽപ്പാദനത്തിനു പകരിക്കുന്നതും തൊഴിലാളികൾക്കു ജോലി ലഭിക്കുന്നതുമായ പദ്ധതികൾ, ദുരിതനിവാരണ ജോലികൾ, കമ്മ്യൂണിററി പ്രൊജക്ററ്, എംപ്ലായിമെൻറ് എക്സ്ചേഞ്ച് മുതലായവ.

ഇൻഡസ്ട്രിയൽ സർവ്വെ.

❋ ൧൨൯. [൨൯] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് എന്തെങ്കിലും ഒരു ഇൻഡസ്ട്രിയൽ സർവ്വെ നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അപ്രകാരം ഒരു സർവ്വെ നടത്തുവാൻ ഗവർമ്മെൻറ ശ്രദ്ധിക്കുമോ;

(സി) ഈ സംസ്ഥാനത്തിൽ വ്യവസായിക വികസനത്തെ സംബന്ധിച്ച് ഏതെങ്കിലും പദ്ധതി ഗവർമ്മെൻറ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അപ്രകാരം ഒരു പദ്ധതി ആസൂത്രണം ചെയ്യുവാൻ ഗവർമ്മെൻറ് ശ്രദ്ധിക്കുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കൊച്ചി സംസ്ഥാനത്തിൽ ൧൯൪൯-ൽ ഒരു ഇൻഡസ്ട്രിയൽ സർവ്വെ നടത്തി.

(ബി) ഇപ്പോൾ അതിൻെറ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

(സി) (ഡി) വ്യവസായ വികസനം ഗവർമ്മെൻറ് ഒരു നയമായി സ്വീകരിച്ചിട്ടുണ്ട്. ഈ നയമനുസരിച്ച് പല വ്യവസായങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ക്രമപ്പെടുത്തി അവയെ കഴിവുള്ളിടത്തോളം സുസ്ഥിരമാക്കിയതിൻെറ ശേഷം മാത്രം ഏതെങ്കിലും പുതിയ പദ്ധതികളെപ്പററി ആലോചിച്ചാൽ മതിയെന്നു വിചാരിക്കുന്നു.

Purchase of rice and paddy.

❋ 130. [30] **Shri P. V. Avira Tharakan:** Will the Minister for Finance and Civil Supplies be pleased to state:

(*a*) the price paid by the Government for the purchase of rice and paddy in this State for the years 1951 and 1952; and

(*b*) the price of paddy and rice purchased by the Government from outside this State?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) & (*b*) A statement showing the information required is appended. †

†Please see Appendix IV.

പമ്പിംഗ് ചിലവിലേക്ക് സഹായധനം.

* ൧൩൧. [൩൧] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കുട്ടനാട്ടിലെ കായൽകൃഷിക്ക് വെള്ളം വററിക്കുന്നതിനു പമ്പിംഗ് ചിലവിലേക്ക് ൨൫ ശതമാനം സഹായധനം ഗവണ്മെൻറിൽ നിന്നും എത്ര കൊല്ലം നൽകി;

(ബി) ഈ സഹായധനം അവിടത്തെ എല്ലാ കൃഷിക്കാൎക്കും നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) നാലുകൊല്ലം നൽകി (൧൧൨൨ മുതൽ ൧൧൨൫ വരെ).

(ബി) (സി) ൧൧൨൨, ൧൧൨൩, ൧൧൨൫ എന്നീ കൊല്ലങ്ങളിൽ അവിടത്തെ എല്ലാ കൃഷിക്കാൎക്കും നൽകിയിട്ടുണ്ട്. ൧൧൨൪-ലെ സൗജന്യം കുട്ടനാട്ട് കർഷകർ പരസ്പരസഹായസംഘത്തിന്റെ അതൃത്തിയിൽപ്പെട്ട നിലക്കാൎക്ക് മാത്രമേ കൊടുത്തിട്ടുള്ളൂ. മററുള്ളവൎക്കും കൊടുക്കുന്നതിനു അനുവദിച്ചിട്ടുണ്ട്. അപേക്ഷിക്കാത്ത അപൂൎവ്വം ചിലൎക്ക് കൊടുത്തിട്ടില്ല.

ടൈററാനിയം കമ്പനി.

* ൧൩൨. [൩൨] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ടൈററാനിയം കമ്പനിയിൽ എത്ര ലക്ഷം രൂപയുടെ ഷെയറുകൾ ഗവണ്മെൻറിനുണ്ട്;

(ബി) കമ്പനിയുടെ പ്രവൎത്തനം ഇപ്പോൾ ഏതുനിലയിൽ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ടൈററാനിയം കമ്പനിയിൽ ഗവണ്മെൻറിനു ൩൮,൨൫,൦൦൦ രൂപയുടെ ഷെയറുകൾ ഉണ്ട്.

(ബി) ഫാക്ടറി താൽക്കാലികമായി അടച്ചിരിക്കുകയാണ്.

തൊഴിലില്ലാത്തവർ.

* ൧൩൩. [൩൫] ശ്രീ. പി. ശ്രീവല്ലഭമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ തൊഴിലില്ലാത്തവരുടെ കണക്കെടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനിയെങ്കിലും ഉടനെ അതിനു വേണ്ടതായ ഏർപ്പാടുകൾ ചെയ്യുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) ആലോചിക്കാം.

Lemon grass.

*134. [43] **Shri M. K. Mathai :** Will the Minister for Finance and Civil Supplies be pleased to state :

(*a*) who is in charge of the Odakali Lemon Grass Breeding Station ;

(*b*) what is the nature of the work being done there ;

(*c*) has the Government adopted any procedure to prevent the adulteration of Lemon Grass Oil intended for export ; and

(*d*) if any, what are they ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) **:**

(*a*) Shri K. P. Pillai is the Officer-in-Charge of the Station.

(*b*) Experiments are being conducted at the Station to evolve high oil yielding varieties of lemon grass. About forty-four varieties of lemon grass seeds were collected from different places within and outside the State and sown on experimental plots to study their germination. Expert advice is also being given to the lemon grass cultivators with regard to the cultivation of crops, the manure to be used, seasons of cutting, weeding etc.

(*c* & *d*) In order to ensure that the oil exported from the State conforms to the quality standards prescribed by the Indian Standards Institution, Government have sanctioned the setting up of a Quality Control Laboratory at Ernakulam. Government have also recommended to the Government of India to establish a Central Industrial and Testing Laboratory in the State for this purpose.

കരിമ്പുവില.

*൧൩൫. [൪൪] ശ്രീ. പി. സദാശിവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൭-൫൮-ലെ ഷുഗർസീസണിലേയ്ക്കുള്ള കരിമ്പുവില ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു്;

(സി) ഈ വില തൃപ്തികരമല്ലെന്നു Travancore Sugarcane Growers' Association നിൽനിന്നു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ഡി) ഈ നിവേദനത്തെ അടിസ്ഥാനമാക്കി ഈ ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൻെറ ഫലം എന്തായി?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) മന്നിനു് ഫ്കം. ൫ ണ. (ടണ്ണിനു് ന. ൫ ക. ഫ ഫ ണ. വ്യ സ.)

(സി) ഉണ്ടു്.

(ഡി) ഉണ്ടു്. ഇതിനെപ്പററി ഇൻഡ്യാഗവണ്മെൻറമായി എഴുത്തുകുത്തു നടത്തിവരികയാണു്.

(ഇ) അവസാനതീരുമാനത്തിൽ എത്തിച്ചേന്നിട്ടില്ല.

UNSTARRED QUESTIONS.

പുതുക്കാട്ടു് ഡിസ്പെൻസറി.

൪൮. [൧] ശ്രീ. വാറണ്ണി പുളിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്പത്രികളിൽ പ്രത്യേകിച്ചു് ഗ്രാമഭാഗങ്ങളിലുള്ള ആസ്പത്രികളിൽ രോഗികളുടെ എണ്ണത്തോതനുസരിച്ചു് വേണ്ടത്ര ഡോക്ടർമാർ ഉണ്ടെന്നു ഗവണ്മെൻറിനു് ബോദ്ധ്യമുണ്ടോ;

(ബി) പുതുക്കാട്ടു് ഡിസ്പെൻസറിയിൽ ഒരു ഡാക്ടരെക്കൂടി നിയമിക്കുവാൻ നിവേദനങ്ങൾ മുഖേയും, ഈ സഭാനടപടി മുഖേനയും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെടുത്തിയിട്ടില്ലേ;

(സി) താമസിയാതെ ഒരു ഡാക്ടരെക്കൂടി പുതുക്കാട്ടു് ഡിസ്പെൻസറിയിലേക്കു് നിയമിക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) തൽക്കാലം ഒരു ഡാക്ടരെക്കൂടി നിയമിക്കേണ്ടയാവശ്യമില്ല. കുറെ കാലംകൂടി നോക്കിയിട്ടു് ആവശ്യമാണെന്നു കാണുകയാണെങ്കിൽ ഒരു ഡാക്ടരെക്കൂടി നിയമിക്കുന്നതാണു്.

പുതിയ റൈസ്മില്ലുകൾ.

൪൫. [൨] ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻപോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റൈസുമില്ലുകൾ നടത്താൻ അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് കഴിഞ്ഞവർഷം (൧൯൫൨) ഗവണ്മെൻറിൽനിന്നും വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരുന്നുവോ;

(ബി) ചെയ്തിരുന്നുവെങ്കിൽ അതിൻെറ ഫലമായി ഈ സ്റ്റേററിലെ ഓരോ ഡിസ്ത്രിക്കിൽനിന്നും എത്ര വീതം അപേക്ഷകൾ ലഭിച്ചു;

(സി) ഇപ്രകാരം അപേക്ഷിച്ചിരുന്നവരിൽ ആർക്കെങ്കിലും അനുവാദം നൽകിയിരുന്നുവോ;

(ഡി) ഉണ്ടെങ്കിൽ ഓരോ ഡിസ്ത്രിക്കിലും എത്ര ആൾവീതം; അവരുടെ പേരുവിവരവും;

(ഇ) റൈസ്മിൽ നടത്തുവാൻ അനുവാദം നൽകുന്നതിന് എന്തെങ്കിലും തുക ലൈസൻസ് ഫീസായി സർക്കാരിലേക്ക് ഒടുക്കണമെന്ന് വിജ്ഞാപനത്തിൽ വ്യവസ്ഥചെയ്തിരുന്നോ;

(എഫ്) ഉണ്ടായിരുന്നെങ്കിൽ ഓരോ അപേക്ഷകരും എത്ര രൂപാവീതമാണ് ഒടുക്കേണ്ടിയിരുന്നത്?

ഉത്തരം.

(എ) പ്രസിദ്ധപ്പെടുത്തിയിരുന്നു.

(ബി) പ്രൈവററമില്ലിന്.

തിരുവനന്തപുരം	൭
കൊല്ലം	൨൦൨
കോട്ടയം	൧൩൬
തൃശ്ശൂർ	൧൨൬

ഗവണ്മെൻറ് നെല്ലുകുത്തുന്നതിന്.

തിരുവനന്തപുരം	ഇല്ല.
കൊല്ലം	൧൪
കോട്ടയം	൫
തൃശ്ശൂർ	ഇല്ല

(സി) ഇല്ല.

(ഡി) മുൻ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചെയ്തിരുന്നു.

(എഫ്) പ്രൈവററമില്ലിനുള്ള അപേക്ഷകർ ൫൦൦ രൂപാവീതവും, ഗവണ്മെൻറ് നെല്ലുകുത്തുന്നതിനുള്ള അപേക്ഷകരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർ ആയിരം രൂപാവീതവും.

Improvement of roads.

46. [9] **Shri R. Ponnappa Nadar :** Will the Minister for Public Works be pleased to state :

(*a*) whether Government are aware that the side berms of west coat road within the Nagercoil Town limit are in a very bad condition ;

(*b*) whether there is water stagnation by the above road side ;

(*c*) is it not necessary to construct drains and retaining walls by the road side so far as the town limit at least is concerned ; and

(*d*) will the Government think of doing this work during 1953-54 ?

Answer.

(*a*) Yes.

(*b*) Yes, in certain portions.

(*c*) Yes.

(*d*) Yes.

രോഗികളുടെ സത്യാഗ്രഹം.

൪൭. [൫൦] ശ്രീ. സി. അച്യുതമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി കുഷ്ഠരോഗാശുപത്രിയിൽ ഈ ജനുവരിമാസത്തിൽ കുറെ രോഗികൾ സത്യാഗ്രഹം അനുഷ്ഠിക്കുകയുണ്ടായോ ;

(ബി) അതിനുകാരണമെന്ത് ; രോഗികളുടെ പരാതികൾ എന്തായിരുന്നു ;

(സി) ഈ ആശുപത്രി ആരാണ് മാനേജു ചെയ്യുന്നത് ;

(ഡി) ഗവണ്മെൻറ് ഇതിന് എന്തു സഹായധനം നൽകുന്നുണ്ട് ;

(ഇ) അവിടെ എത്ര രോഗികളുണ്ട് ?

ഉത്തരം.

(എ) ഉണ്ടായി.

(ബി) ആശുപത്രി ഉദ്യോഗസ്ഥന്മാരെപ്പററിയും, ആഹാരവിതരണത്തിലുള്ള ക്രമക്കേടുകളെപ്പററിയുമായിരുന്നു പരാതികൾ.

(സി) സാൽവേഷനാർമി.

(ഡി) ൫,൨൭,൩൩൦ രൂപ.

(ഇ) ൪൨൧.

ആസ്പത്രി ജീവനക്കാർ.

൪൮. [൧൧] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ആസ്പത്രികളിൽ വാർഡുബോയിസ്, അററൻറർമാർ, സ്വീപ്പേഴ്സ്, സ്കാവഞ്ചേഴ്സ് ഇവരുടെയെല്ലാം ശമ്പളവും, അലവൻസും എത്ര;

(ബി) അവരുടെ ജോലിസമയം എത്ര?

ഉത്തരം.

(എ) ശമ്പളം ൨൦ രൂപ. അലവൻസ് ൨൨ രൂപ.

(ബി) ദിവസം ൮ മണിക്കൂർ മുതൽ ൧൨ മണിക്കൂർ വരെ.

Voltage of electric energy.

49. [15] **Shri A. A. D. Luiz**: Will the Minister for Works and Transport be pleased to state:

(*a*) whether the Government is aware that the voltage of the electric energy supply in the town of Ernakulam is very unsatisfactory during the hours 6 P. M. to 11 P. M.; and

(*b*) has the Government any improvements under contemplation?

Answer.

(*a*) Yes.

(*b*) Action has been taken to strengthen the feeders so that the voltage may improve.

റോഡുകൾ.

൫൦. [൧൩] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്കിലെ റോഡുകൾ ഏതു ഇനത്തിലാണ് പെടുത്തിയിട്ടുള്ളത്;

(ബി) കൊടുങ്ങല്ലൂരിൽ ബസ്സ് സർവീസ അനുവദിച്ചിട്ടുണ്ടോ;

(സി) ഇവിടത്തെ റോഡ് ബസ്സു സർവീസിനു പററിയതാണോ?

ഉത്തരം.

(എ) വില്ലേജ് റോഡ് എന്ന ഇനത്തിൽ.

(ബി) ഉണ്ട്.

(സി) അതെ.

Water supply for Kottayam.

51. [17] **Dr. P. T. Thomas :** Will the Minister for Works and Transport be pleased to state :

(*a*) is it a fact that there has been continuous agitation in the press and from the citizens of Kottayam Municipal Town for the supply of much wanted drinking water at Kottayam ;

(*b*) why steps have not been taken so far to give this amenity to Kottayam alone when schemes have already been introduced in the Municipal Towns of Alleppey, Nagercoil and Shencottah ; and

(*c*) whether Government propose to take any action for this, and if so, when ?

Answer.

(*a*) Yes.

(*b*) and (*c*) A preliminary investigation has already been conducted and further steps will be taken after the views of the Kottayam Municipality are known.

Foodgrains Sub Depot.

52. [18] **Shri M. V. Cherian :** Will the Minister for Finance and Civil Supplies be pleased to state :

(*a*) have the Government received any representation from the people of Piravam for opening a Foodgrains Sub Depot there; and

(*b*) if so, what are the steps taken by the Government for the same ?

Answer.

(*a*) Yes.

(*b*) Government have already sanctioned the opening of a Government whole-sale Sub Depot at Piravam.

ആശുപത്രി.

൫൩. [൧൯] ശ്രീ. റ്റി. റ്റി. കേശവൻ ശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ഗവണ്മെന്റ് ആശുപത്രി മന്ത്രി സന്ദർശിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തീയതികളിൽ ആയിരുന്നു?

ഉത്തരം.

(എ) ഉണ്ട്.

(ബി) ൨൨-൧൨-൧൯൫൨-ൽ

മാടറപ്പു കൺട്രാക്ടർ.

൫൪. [൨൦] ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം പുത്തൻചന്തയിലെ മാടറപ്പു കൺട്രാക്ടർ അറക്കുന്ന മൃഗങ്ങളുടെ ഉച്ഛിഷ്ടങ്ങൾ ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്തിനടുത്തു തന്നെ കൂട്ടുന്നതിൽനിന്നും വമിക്കുന്ന ദുർഗ്ഗന്ധംമൂലം അവിടെയുള്ള ജനങ്ങൾക്ക് ശ്വസിക്കുവാൻ ശുദ്ധവായു ലഭിക്കുന്നില്ലെന്നുള്ളവിവരം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം അവിടെ തുടർച്ചയായി പകർച്ച വ്യാധികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ഗവണ്മെന്റിനറിയാമോ?

ഉത്തരം.

(എ) മുണ്ടക്കയം പുത്തൻചന്തയിലെ കശാപ്പുകാർ അറക്കുന്ന മൃഗങ്ങളുടെ ഉച്ഛിഷ്ടങ്ങൾ ശരിയായി മറവുചെയ്യാത്തതു നിമിത്തം സ്ഥലവാസികൾക്ക് ഉപദ്രവങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) ഇതുമൂലം അവിടെ പകർച്ചവ്യാധികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ഗവണ്മെന്റ് അന്വേഷണത്തിൽനിന്നും കാണുന്നില്ല.

Opening of Pattanamkal.

55. [21] **Shri R. Ponnappa Nadar :** Will the Minister for Public Works be pleased to state :

(*a*) whether a petition was received by Government for the opening of Pattanam Kal in Vilavancode Taluk signed by the Tamilnad M. L. A.s and M. P. ;

(*b*) if so, the action taken on it ;

(*c*) whether any estimate received by Government for the opening of the said kal ; and

(*d*) whether the Government is going to open this Kal ?

Answer.

(*a*) Yes.

(*b*) The report received from the Chief Engineer on the matter is under consideration.

(*c*) No.

(*d*) A decision has not been taken.

തൊഴിലാളികൾ.

൫൬. [൧൨] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയുടെ തീരപ്രദേശത്തും മററുമായി കയർ, കൈത്തറിനെയ്ത്ത്, വ്യവസായങ്ങളിലുൾപ്പെട്ടുപജീവിക്കുന്ന എത്ര തൊഴിലാളികളുണ്ട്;

(ബി) ഇതിൽ പരിപൂർണ്ണമായി തൊഴിൽ ഇല്ലാത്തവർ എത്ര;

(സി) വല്ലപ്പോഴുമൊക്കെ ആഴ്ചയിൽ ഇത്ര ദിവസമെന്നകണക്കിൽ ജോലി കിട്ടുന്നവരെത്ര;

(ഡി) ഇവർക്ക് തൊഴിൽകൊടുക്കുവാൻ വല്ല പദ്ധതിയുമുണ്ടോ?

ഉത്തരം.

(എ) ഉദ്ദേശം ൧൨,൦൦൦.

(ബി) (സി) ശരിയായ സ്ഥിതിവിവരക്കണക്ക് എടുത്തിട്ടില്ല.

(ഡി) ഉണ്ട്.

ஆஸ்பத்திரி.

57. [24] ஸ்ரீ. எஸ். ஜி. தேவியப்பன்: கீழ்க் காணும் வினாக்களுக்கு மருத்துவ இலாகா மந்திரி அவர்கள் விடை பகர்வார்களாக:

(ஏ) தேவிகுளம் கச்சேரியில் இருக்கின்ற ஆஸ்பத்திரியில் ஒரு நாளைக்கு சராசரி மருந்து குடிக்கும் ஆள்கள் எத்தனை;

(பி) அப்படிப்பட்ட இடத்தில் பெரிய ஆஸ்பத்திரிக்கு அவசியமா;

(ஸி) அந்த ஆஸ்பத்திரியை மூனாருக்கு மாற்றுவதில் கவர்மென்று நோக்கம் என்ன;

(டி) மேற்படி ஆஸ்பத்திரியில் உத்தியோகஸ்தர்கள் எத்தனை பேர்?

Answer.

(a) 4.

(b) There is only a dispensary at Deviculam.

(c) Government do not propose to shift it to Munnar.

(d)

1.	Assistant Surgeon.	1
2.	Compounder	1
3.	Midwife	1
4.	Hospital attendant	1
5.	Cleaner	1

ഡിസ്പെൻസറിയുടെ ആവശ്യം.

൫൮. [൨൩] ശ്രീ. കൊച്ചുകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലത്ത് ഒരു ഗവർമ്മെൻറ് ഡിസ്പെൻസറിയുടെ ആവശ്യം പരിഗണിച്ച് നാട്ടുകാരിൽനിന്നും വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പററി എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) നാട്ടുകാർ അനുയോജ്യമായ സ്ഥലവും, കെട്ടിടവും സൗജന്യമായി നൽകാമെന്ന് സമ്മതിച്ചിട്ടും ഡിസ്പെൻസറി തുടങ്ങുവാൻ കാലതാമസം വരുന്നതെന്താണ്;

(ഡി) ൧൧൨൫ ആഗസ്റ്റ് ൨-ാംനു നാട്ടുകാർ സമർപ്പിച്ചിട്ടുള്ള അപേക്ഷയ്ക്ക് എന്തെങ്കിലും മറുപടി നൽകുകയുണ്ടായോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ചടയമംഗലത്ത് ഒരു ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ട്.

(സി) ചില അററകുററപ്പണികൾക്ക് ശേഷമേ ഈ കെട്ടിടം ഡിസ്പെൻസറിയായി ഉപയോഗിക്കാൻ സാധിക്കുകയുള്ളു.

(ഡി) ഇല്ല. കരയോഗം പ്രസിഡൻറിൻെറ ഒരു സ്റ്റേറ്റ്മെൻറ് ൧൧-൨-൨൫-ൽ കിട്ടിയിട്ടുണ്ട്. ഇതിനെപ്പററി എഴുത്തുകുത്തുകൾ നടക്കുകയാണ്.

Adjournment of the House.

12 NOON

Mr. Speaker: Order, order. Time for interpellations is over.

Chief Minister **(Shri A. J. John)**: We have to attend the Convocation of the Travancore University this evening. Therefore I would request that we may adjourn after 3. 30 P. M.

Mr. Speaker: Some hon. Members also have approached me on this point. If the House is generally agreeable, I have no objection to decide that the meeting may be closed at 3. 30 today.

The House agreed to the suggestion.

Adjournment motion.

Mr. Speaker: I have received an adjournment motion from Shri C. Achyutha Menon regarding some unrest in Koratti Leper Hospital. The reasons for disallowing the motion may be evident even to the hon. Member who tabled it. It is a private hospital over which this Government have no administrative responsibility. Perhaps that hospital may be receiving some grants. The general policy of this Government regarding giving of such grants may come in for discussion during the General Discussion of the Budget. Besides I have received several interpellations on the subject, so that in that way also the House may be able to obtain information on the point. On these grounds, I do not think that this is of sufficient public importance to be allowed. Therefore, the motion is ruled out of order.

Papers Laid on The Table.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): I beg to lay on the table the Report of the Estimates Committee on Irrigation, Navigation, Embankment and Drainage Works.

Mr. Speaker: I have arranged for printed reports being distributed to the hon. Members in the course of the day.

Demands for Supplementary Grants.

Demand VIII—18-A-Irrigation Works.

Minister for Works and Transport (**Shri Kalathil Velayudhan Nair**): I move for a supplementary grant of Rs. 9,20,000 under Demand VIII—18 A. Irrigation Works (i) Works and (ii) Extensions and improvements.

Minister for Local Self-Government (**Shri K. Kochukuttan**): I second the motion.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഈ ഒൻപതുലക്ഷത്തി ഇരുപതിനായിരം രൂപാ കൂടുതലാവശ്യപ്പെട്ടതു താഴെ പറയുന്ന കാര്യങ്ങൾക്കാണ്. കുട്ടനാട്ട ഡവലപ്മെൻറ സ്കീമിലേക്കു പത്തുലക്ഷംരൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു. ഈ തുക ഈയാണ്ടത്തെ ചെലവിലേയ്ക്കു തീരെ മതിയാകയില്ല. ൧൧൨൮ ഡിസംബർ അവസാനം വരെ ഒൻപതുലക്ഷത്തി എഴുപത്തിമൂവായിരം രൂപാ ചെലവു വന്നു. എന്നാൽ ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിലേയ്ക്കും, ഡ്രെഡ്ജർ വാടകവകയ്ക്കുംകൂടി ഏകദേശം മൂന്നരലക്ഷംരൂപാകൂടി ബഡ്ജററ ചെയ്യേണ്ട ആവശ്യമുണ്ട്. മാത്രമല്ല; ൧൧൨൮ ജനുവരിമുതൽ മാർച്ചുവരെ വരാവുന്ന ചെലവുകളും നടക്കേണ്ടിയിരിക്കുന്നു. നെയ്യാററിന്നുവേണ്ടി കൊള്ളിച്ചിട്ടുള്ള തുകയിൽനിന്നു രണ്ടുലക്ഷംരൂപാ ഡൈവർട്ടു ചെയ്യുന്നതായിരിക്കും. ഇതിനു ബാക്കി നാലരലക്ഷം രൂപാകൂടി ആവശ്യപ്പെട്ടിരിക്കുകയാണ്. കൂടാതെ വടക്കാഞ്ചേരി റിവർവാലി സ്കീമിന് പതിനൊന്നുലക്ഷത്തി ഇരുപത്തഞ്ചായിരത്തി നാനൂറുരൂപായാണ് എസ്റ്റാബ്ലിഷ്മെൻറ ചെലവുൾപ്പെടെ ബഡ്ജററിൽ അനുവദിച്ചിട്ടുള്ളതു്. ഇതിൽ ഏഴുലക്ഷത്തി പതിനെണ്ണായിരത്തി അഞ്ഞൂററിനാല്പത്തിനാലുരൂപാ ചെലവാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതിനും പുറമെ സാധനസാമഗ്രികളുടെ വിലയും സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിലേയ്ക്കുള്ള ചെലവും ഉൾപ്പെടെ ആറുലക്ഷം രൂപാ ഇനിയും കൊടുക്കേണ്ടതായിട്ടുണ്ട്. കൂടാതെ മാർച്ചുമാസം വരെയുള്ള ചെലവുവഹിക്കേണ്ടതായുമുണ്ട്. ഇതിലേയ്ക്കു മൂന്നരലക്ഷംരൂപയുടെ ഒരു സപ്ലിമെൻററി ഗ്രാൻറും ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനുംപുറമെ പേച്ചിപ്പാറ അണയിൽനിന്നും ജലസേചനം നടത്തിവരുന്ന ചില സ്ഥലങ്ങളിൽ, ഇതിനു മുൻപുണ്ടായിട്ടില്ലാത്ത വിധത്തിൽ, ഉണക്കു ബാധിച്ചിട്ടുള്ളതിനാൽ അവിടെ വെള്ളം പമ്പ് ചെയ്യുന്നതിലേയ്ക്കായി ആറു പമ്പിംഗ്സെററുകൾ സ്ഥാപിക്കുന്നതിലേയ്ക്കു ഒരുലക്ഷത്തി ഇരുപതിനായിരം രൂപാകൂടി ആവശ്യം വന്നിരിക്കുന്നു. ഇങ്ങനെ ഈ മൂന്നു ഇനങ്ങൾക്കുംകൂടിയാണു ഇത്രയും രൂപാ ആവശ്യപ്പെട്ടിരിക്കുന്നതു്. സഭ ഈ തുക പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. തോമസ്: ഇതിൽ ഡ്രഡ്ജർ വാടകയിനത്തെ സംബന്ധിച്ചു പ്രസ്താവിച്ചല്ലോ. അതു; എന്താണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതൊരു ബുക്ക് അഡ്ജസ്റ്റ്മെൻറാണ്. അതായതു അതിന് ദിവസം ഇത്ര രൂപ വീതം വാടക കൊടുക്കണമെന്നൊരു വ്യവസ്ഥ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ നിന്നും വച്ചിട്ടുണ്ട്. അതനുസരിച്ചു കൊടുക്കുകയാണു ചെയ്യുന്നത്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: പ്രൈവററ പാർട്ടികൾക്കും ഈ ഡ്രെഡ്ജർ കൊടുത്തു വാടക ഈടാക്കാറുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരു കൊല്ലം മുൻപുവരെ പ്രൈവററ പാർട്ടികൾക്കും കൊടുത്തുവന്നിരുന്നു. അങ്ങിനെ വാടകക്ക് കൊടുത്തിരുന്ന ഡ്രെഡ്ജർ കേടുവന്നതുകൊണ്ടും പഴയതായതുകൊണ്ടും ഇപ്പോൾ കൊടുക്കുന്നില്ല.

ശ്രീ. എം. ഗോപാലൻ നായർ: നെയ്യാർ ഡാം പണിക്കു അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ഡൈവർട്ടുചെയ്യുന്നതായി പറഞ്ഞു. ഡാം സംബന്ധിച്ച കാര്യങ്ങൾ ഗവണ്മെൻറിൽനിന്നും ശരിയായി നോക്കാതെ കാലതാമസം വരുത്തുന്നുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ശരിയായി നോക്കാത്തതുകൊണ്ടല്ല. പൊന്നുംവിലക്കു സ്ഥലമെടുത്തതിനെക്കുറിച്ചു പൊതുജനങ്ങൾക്കു തർക്കമുണ്ടായിരുന്നു. ആ തർക്കത്തെപ്പററി അന്വേഷണം നടത്തി തീരുമാനിക്കാൻ കാലതാമസം ഉണ്ടായതാണ്. തർക്കം നിമിത്തം പൊന്നുംവിലക്കു സ്ഥലമെടുക്കാൻ താമസം വന്നു. കൂടാതെ, ടൂൾസ് ആൻറ പ്ലാൻറ്സ് ഇനത്തിനു ബഡ്ജററിൽ പ്രൊവിഷൻ ഉണ്ടായിരുന്നു. ആവശ്യമുള്ള സാധനസാമഗ്രികൾ വന്നുചേരാഞ്ഞതുകൊണ്ടും കാലതാമസം ഉണ്ടായിട്ടുണ്ട്.

ശ്രീ. എം. ഗോപാലൻ നായർ: ഈ കാര്യങ്ങളെ സംബന്ധിച്ച്, അവിടെ നിന്നും, പണിസംബന്ധിച്ച ജോലിയുടെ ചാർജ്ജുള്ള സബ് ഡിവിഷൻ ആഫീസർ അയയ്ക്കുന്ന ലെറററുകൾക്കുപോലും മറുപടി ലഭിക്കുന്നില്ലെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു ശരിയല്ല. സബ് ഡിവിഷൻ ആഫീസർക്കു നേരിട്ടു ഗവണ്മെൻറിലേക്കു എഴുതുവാൻ പവ്വർ ഇല്ല.

Shri P. S. Nataraja Pillai: As regards Rs. 1,20,000 for Pumping Sets in South Travancore, may I know whether the installation will be permanent or temporary?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോൾ അവിടെ വച്ചിരിക്കുന്ന പമ്പ് പെർമനൻറായിട്ടല്ല, തൽക്കാലത്തേയ്ക്കുമാത്രം വച്ചിരിക്കുകയാണ്. ഇപ്പോൾ ചെയ്യുന്ന ജോലി പ്രയോജനപ്രദമാണെന്നുകണ്ടാൽ അതു പെർമനൻറാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

Shri P. S. Nataraja Pillai: Is there at least a preliminary estimate for installing a permanent set?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പെർമനൻറായി പമ്പ് ഇൻസ്റ്റാൾ ചെയ്യാനുള്ള എസ്റ്റിമേററ് ആയിട്ടില്ല. ഇപ്പോൾ ചെയ്യുന്ന ജോലികൾക്കുള്ള എസ്റ്റിമേററ് തയാറാക്കിയിട്ടുണ്ട്.

Shri P. S. Nataraja Pillai: May I take it that the total cost will not exceed Rs. 1,20,000?

Shri Kalathil Velayudhan Nair: That is the present expectation.

Shri P. S. Nataraja Pillai: Is it inclusive of the cost of the pumping machine?

ശ്രീ. കളത്തിൽ വേലായുധൻ നായർ : വില ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

Shri P. S. Nataraja Pillai: Then am I to take it that this amount covers only the charges on works apart from the cost of the machinery?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇൻസ്റ്റലേഷൻ കാസ്ററുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

Shri P. S. Nataraja Pillai: Is it the opinion of experts that it would be advantageous or even necessary to have a permanent pumping set in the Kodayar- Pechipara dam?

Shri Kalathil Velayudhan Nair: That is the present advice.

Shri P. S. Nataraja Pillai: Then will there be any water for the Perunchani dam which is the excess water flowing from Pechipara?

Shri Kalathil Velayudhan Nair: Yes. The water from Pechipara flow is being pumped out by this arrangement. It would not affect the Perunchani dam at all.

Shri P. S. Nataraja Pillai: It is not that. We expect the water level in Pechipara to go below the sill level. In that case, will there be sufficient water flowing over the Pechipara dam to be redirected to this?

Shri Kalathil Velayudhan Nair: It is not the overflow water of the Pechipara dam that is impounded in Perunchani.

Shri P. S. Nataraja Pillai: We know that it is the flow from the lower dam that is impounded at Perunchani.

Shri Kalathil Velayudhan Nair: No, it is another branch of the river which is used.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ ഒരുലക്ഷത്തിഇരുപതിനായിരം രൂപ കണക്കാക്കിയതിൽ മെററീരിയൽസിന് എത്ര രൂപ എന്നും, അല്ലാതെ എത്ര രൂപയെന്നും പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇതു സംബന്ധിച്ചുള്ള അവസാന കണക്ക് എഴുതിയിട്ടില്ല. ഉദ്ദേശക്കണക്കാണ് പറഞ്ഞതു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: വടക്കാഞ്ചേരി സ്കീമിലേയ്ക്കു് മെഷീനറിക്കും, ലാൻറ അക്വിസിഷൻ ചാർജിനുമായി ൯ ലക്ഷംരൂപാ എന്നു പറഞ്ഞിരിക്കുന്നു. ഇതിൽ അക്വിസിഷൻചാർജ്ജുമാത്രം എത്ര രൂപയാണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിൻെറ കണക്ക് ഈ വർഷാവസാനം മാത്രമേ അറിയുവാൻ ഇടയുള്ളു.

ശ്രീ. ജോസഫ് വാഴപ്പിള്ളി: സർ, ഞാൻ ഈ സപ്ളിമെൻററി ഡിമാൻറിനെ അനുകൂലിക്കുന്നതോടുകൂടി, ഒരു കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. വടക്കാഞ്ചേരി പദ്ധതിക്കും, അതുപോലെ തൃശ്ശൂർ ഡിസ്ട്രിക്ടിൽപ്പെട്ട മററു പല പദ്ധതികൾക്കും ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിൽ വളരെ താമസം നേരിടുന്നുണ്ടു്. അതിവേഗത്തിൽ ഭൂമി പൊന്നുംവിലയ്ക്കു് എടുക്കുന്നതിനുള്ള നടപടികൾ അവിടെ നിലവിലുണ്ടായിരുന്നു. എന്നാൽ ഗവണ്മെൻറ് ഈയിടെ പുറപ്പെടുവിച്ച ഒരു കല്പനയുടെ ഫലമായിട്ടാണ് ഇപ്പോൾ ഈ താമസം നേരിടുന്നതു്. അതായതു് ഭൂമി ഗവണ്മെൻറ് കൈവശം എടുത്തു മൂന്നു മാസത്തിനുള്ളിൽ നടപടി പൂർത്തിയാകാത്തപക്ഷം അതിനു അധികാരികളായ ഉദ്യോഗസ്ഥന്മാർ ഭൂമിയുടെ വിലയായ സംഖ്യയുടെ പലിശ കൊടുക്കണമെന്നു് കല്പനയായിരിക്കുന്നുപോലും. ഇതുകൊണ്ടുള്ള ഫലം എന്താണ്? വലിയ സംഖ്യ ചെലവാക്കി വളരെ അധികം ഭൂമിക്കു് വെള്ളം നൽകുന്നതിനുള്ള പദ്ധതികൾ സ്തംഭിപ്പിക്കുന്നതിനു ഇതുകൊണ്ടു് ഉതകുന്നു. അതിവേഗത്തിൽ ഗവണ്മെൻറിനു് വേണമെങ്കിൽ ഭൂമി എടുക്കാം. ആലപ്പുഴ തോട്ടം, റോഡും പണികൾക്കു് ഗവണ്മെൻറിൻെറ എമർജൻസി പവ്വർ ഉപയോഗിച്ചു്, ഒരാഴ്ചകൊണ്ടാണ് സ്ഥലം എടുത്തിട്ടുള്ളതു്. അതുകൊണ്ടു് ഇതുമാതിരിയുള്ള വൻപിച്ച പദ്ധതികൾക്കുവേണ്ടിയെങ്കിലും, ജോലി മുറയ്ക്കു നടക്കുന്നതിനു സ്ഥലം അക്വയർ ചെയ്തു വേഗത്തിൽ കൊടുക്കുന്നതിനു നടപടികൾ എടുക്കണം. നിസ്സാര നഷ്ടങ്ങൾ ഈ വക കാര്യങ്ങളിൽ അത്ര വകവയ്ക്കുവാനില്ല. ഈ കാര്യം ഗവണ്മെൻറ ശ്രദ്ധിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു.

ശ്രീ. എ. താണുപിള്ള: നെയ്യാർഡാം പണിവകയ്ക്കുള്ള തുകയിൽനിന്നും രണ്ടുലക്ഷം രൂപ ഡൈവർട്ടു ചെയ്യണമെന്നു പറയുന്നു. അതു് എന്തുകൊണ്ടാണെന്നു പറയുമോ?

Mr. Speaker: I should not be understood to be intervening here. But I would wish that hon. Members may kindly understand the procedure in these matters. Now, while the hon. Minister was speaking, very many questions were put to him seeking information. Then one member began to speak, supporting the motion. Now I find that another member is putting a question to the Minister, who is not in possession of the House. That is not the right procedure. I do not want to shut away any information being given. But I hope members will keep this in view when they put questions.

ശ്രീ. പി. ഭാസ്കരൻനായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. കുട്ടനാട് ഡവലപ്പ്മെന്റ് സ്കീമിൽ ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിനും തോടിനും വേണ്ടി സ്ഥലം പൊന്നുംവിലയ്ക്കെടുത്തതിനെപ്പററി വളരെ അധികം പരാതികൾ ഉണ്ടായിട്ടുണ്ട്. സ്വാധീനശക്തിയും പണക്കൊഴുപ്പും ഉള്ളവർക്ക് നല്ലവില കൊടുക്കുന്നു എന്നും, കേറി കിടക്കാൻ ഒരു പറമ്പുമാത്രം ഉള്ളവരോട് ആ രീതിയിൽ പെരുമാറുന്നില്ലെന്നും അറിയുന്നു. കേവലം കണ്ടകൃഷി നിലങ്ങൾക്കും പറമ്പുകൾക്കു പോലും അവ സ്വാധീനശക്തി ഉള്ളവരുടെ കൈവശത്താണെങ്കിൽ പൊന്നുംവില കൊടുത്തിട്ടുള്ളതായി പരാതികൾ ഉണ്ട്. ചില പ്രതാപശാലികളുടെ വയലുകളോ പറമ്പുകളോ ഒഴിവാക്കി ഈ റോഡിന്റെയും തോടിന്റെയും ഗതിതന്നെ മാററുന്നു എന്നുപോലും സംസാരമുണ്ട്. ഇതിനൊക്കെ ഇടവരുത്തുന്നതു് സ്വാധീനശക്തി ചെലുത്താൻ കഴിവുള്ളവരെ സഹായിക്കുന്ന ഒരു രീതി ഈ ഗവണ്മെന്റ് കൈക്കൊള്ളുന്നതുകൊണ്ടാണ്. അതുകൊണ്ട് ഈ പദ്ധതിക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്കെടുക്കാൻ നിയോഗിച്ചിരിക്കുന്ന ആളുകളെ ഒന്നുകൂടി നിയന്ത്രിക്കുകയും പാവപ്പെട്ടവരുടെ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുമ്പോൾ അവർക്ക് മറെറാരു കിടപ്പിടം ഉണ്ടാകാൻ തക്കവണ്ണം അവരുടെ സ്ഥലത്തിനു ന്യായമായ വില കൊടുക്കുവാൻ വേണ്ട നടപടികൾ നടത്തുകയും ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. എം. ഗോപാലൻനായർ: സർ, ഞാൻ ഡിമാന്റിനെ എതിർക്കുകയാണ്. ഈ ഡിമാന്റിൽ കുട്ടനാട് ഡവലപ്പ്മെന്റ് സ്കീമിനും വടക്കാഞ്ചേരി റിവർവാലി സ്കീമിനും വലിയ പ്രാധാന്യം കൊടുത്തിട്ടുള്ളതായി കാണുന്നു. അതിനെക്കാൾ പ്രാധാന്യം അർഹിക്കുന്ന നെയ്യാർഡാം സ്കീമിനു അത്രത്തോളം പ്രാധാന്യം കൊടുത്തിട്ടില്ലെന്നും കാണുവാൻ സാധിക്കും. നെയ്യാററിൻകര താലൂക്കിലും അതിന്റെ പരിസരങ്ങളിലും ഇപ്പോൾ ഒരു വർത്തമാനം പരന്നിട്ടുണ്ട്, വരുന്ന നാലോ അഞ്ചോ കൊല്ലക്കാലത്തേയ്ക്കു നടപ്പിലാക്കുവാൻ പോകുന്നില്ലെന്ന്. നെയ്യാർഡാം കെട്ടുന്ന സ്ഥലത്തിനടുത്തുള്ള കാണിപ്പററ സ്ഥലങ്ങളിൽ പാലാ മുതലായ സ്ഥലങ്ങളിൽനിന്നും ആളുകൾ വന്നു കുടിയേറി പാർത്തുകൊണ്ടിരിക്കുന്നു. ഡാമിന്റെ പണി മുമ്പോട്ടു കൊണ്ടുപോകുന്നപക്ഷം അങ്ങനെയുള്ള ആളുകൾക്ക് വളരെ നഷ്ടം സംഭവിക്കുമെന്നും അതുകൊണ്ടാണ് അതിന്റെ പണി അമാന്തത്തിൽ ഇട്ടിരിക്കുന്നതെന്നും ആളുകൾ പറയുന്നു. എതായാലും അവിടെ .. ഇറിഗേഷൻ ആഫീസിൽനിന്നും എനിക്കു ലഭിച്ച അറിവ് വളരെ മന്ദഗതിയിലാണ് നെയ്യാർ ഡാമിന്റെ പണി പൊയ്ക്കൊണ്ടിരിക്കുന്നതെന്നാണ്. പഞ്ചവൽസര പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പണികളിൽ ഒന്ന് ഈ നെയ്യാർഡാം ആണ്. അങ്ങനെയുള്ള ഒരു പദ്ധതിക്ക് അനുവദിച്ചിട്ടുള്ള തുകയിൽനിന്നും രണ്ടുലക്ഷത്തോളം രൂപ divert ചെയ്യാനുള്ള പരിതസ്ഥിതി എന്താണെന്ന് ഞാൻ മന്ത്രിയോടു ചോദിച്ചതിൽ തൃപ്തികരമായ സമാധാനം നൽകുവാൻ മന്ത്രിക്കു കഴിഞ്ഞില്ല.

സർ, ഈ നെയ്യാർഡാം പദ്ധതി അടുത്ത കാലത്തെങ്ങും നടപ്പിൽ വരാൻ പോകുന്നില്ലെന്നുള്ളതിന് മറെറാരു തെളിവുകൂടിയുണ്ട്. നെയ്യാർഡാമിന്റെ റയിററ്ഹാന്റ് ചാനൽ ആണ് ഇപ്പോൾ പണി നട

ത്തുവാൻ ഉദ്ദേശിക്കുന്നത്. അതിന്റെ ലഫ്റ്റ്ഹാൻറ്ചാനൽ തമിഴ്നാട്ടുകാർക്ക് വളരെ താൽപര്യമുള്ള ഒന്നാണ്. അവിടത്തെ പണി ഇപ്പോൾ മുമ്പോട്ടു കൊണ്ടുപോകുവാൻ ഉദ്ദേശമില്ല. അതിനാൽ തമിഴ്നാട് മന്ത്രി മി. നാടാർക്കും മററും ഈ പദ്ധതിയിൽ വലിയ ഉൽസാഹമില്ല. തമിഴ്നാട്ടുകാർക്കും അതിൽ വലിയ പ്രത്യാശ ഇല്ല. ആ നിലക്കും ആ പദ്ധതിയുടെ പണി അമാന്തപ്പെടുത്തുകയാണു ചെയ്യുന്നത്.

സീൽ ലെവലിന്റെ താഴെയുള്ള വെള്ളം പമ്പുചെയ്യുന്നത് എത്രത്തോളം കാര്യക്ഷമമായിരിക്കുമെന്നു കണ്ടുതന്നെ അറിയണം. ഞാൻ കണ്ടു സംസാരിച്ചിട്ടുള്ള എഞ്ചിനീയറന്മാരിൽ പലരുടെയും അഭിപ്രായം സിൽലെവലിൽ നിന്നും താഴെ പമ്പു ചെയ്തു ഇറിഗേഷൻ വക്കിനായി വെള്ളം ഉപയോഗിക്കുന്നത് ഒരിക്കലും ശരിയല്ലെന്നാണ്. ഞാൻ ഇക്കാര്യത്തിൽ വലിയ വിദഗ്ദ്ധനൊന്നും അല്ല. എന്നാൽ വിദഗ്ദ്ധന്മാരുടെ അഭിപ്രായം അങ്ങനെ പമ്പു ചെയ്യുന്ന പക്ഷം സമീപത്തുള്ള നിലങ്ങൾക്ക് വറൾച്ച ഉണ്ടാകുമെന്നും അതുപോലെ തന്നെ വെള്ളിന്റെ ഊററവുതന്നെ വറണ്ടുപോകുമെന്നും ആണ്. വെറും കാമൺസെൻസു വെച്ചാലോചിച്ചാലും അതു ശരിയാണെന്നു കാണാം. ഏതെങ്കിലും ഇറിഗേഷൻ എക്സ്പേർട്ടിനോട് ഈ കാര്യം ആലോചിച്ചിട്ടുണ്ടോ എന്നും അവരിൽനിന്നും വല്ല റിപ്പോർട്ടുകളും ലഭിച്ചിട്ടുണ്ടോ എന്നും അറിഞ്ഞാൽ കൊള്ളാം. എന്റെ അറിവ് ശരിയാണെങ്കിൽ, ഗവണ്മെന്റിനെ സംബന്ധിച്ചടത്തോളം, നെയ്യാർ ഡാമിന്റെ ചുമതല വഹിക്കുന്ന ആ ഓഫീസർ ഒഴികെ മററു ഒരു വിദഗ്ദ്ധൻപോലും ഇതിനെപ്പററി ശരിയായ ഒരഭിപ്രായം പറയാൻ പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിൽ ഉണ്ടെന്നു തോന്നുന്നില്ല. ഇറിഗേഷൻ സംബന്ധിച്ച് ഏതാനും ആളുകളെ, വിശേഷിച്ചും തമിഴ്നാട്ടിലെ ആളുകളെ, തൃപ്തിപ്പെടുത്തുവാൻ എന്തെങ്കിലും കാട്ടിക്കൂട്ടണമെന്നുള്ള ഒരു വിചാരംമാത്രമേ ഗവണ്മെന്റിനുള്ളു എന്നാണു കാണുന്നത്. ഇതിനകം തന്നെ കുറെ പണി കഴിഞ്ഞിരിക്കുന്ന നെയ്യാർ പദ്ധതി എത്രയും എളുപ്പം പൂർത്തിയാക്കി കാണുവാൻ അവിടത്തെ ജനങ്ങൾ ഉൽക്കണ്ഠയോടുകൂടി കാത്തിരിക്കുകയാണെന്നു ഞാൻ ഗവണ്മെന്റിനെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. കുഞ്ഞിത്തൊമ്മൻ: സർ, രാജ്യത്താകമാനം തുടങ്ങീട്ടുള്ള ഇറിഗേഷൻ വേലകളെ സംബന്ധിച്ച് പൊതുവെ പറഞ്ഞാൽ ഒരതൃപ്തി ജനങ്ങൾക്കുണ്ട്. ഒന്നാമത്, ഏററവും മന്ദഗതിയിലാണ് പണികൾ പോകുന്നത്. എത്രയും ഊർജ്ജിതമായ നടപടികൾ ഗവണ്മെന്റ് കൈക്കൊണ്ടില്ലെങ്കിൽ ഗവണ്മെന്റ് ആശിക്കുന്ന പ്രയോജനം ഇതുകൊണ്ടു ഉണ്ടാകുകയില്ല. കൂടാതെ സ്ഥലങ്ങൾ പൊന്നുംവിലക്കെടുക്കുന്ന കാര്യത്തിൽ പല അഴിമതികളും നടക്കുന്നതായി കേട്ടിട്ടുണ്ട്. അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നെനിക്കു നിശ്ചയമില്ല. അപ്രകാരം എടുക്കുന്ന ഭൂമിക്കു വിലയായി കല്പിക്കുന്ന തുക കുറെക്കാലം കഴിഞ്ഞുമാത്രമേ ഗവണ്മെന്റിൽനിന്നും ലഭിക്കുകയുള്ളു. എന്നാൽ അതിൽ നില്പുള്ള കെട്ടിടങ്ങളുടെ വില ചുമതലക്കാരായ ഉദ്യോഗസ്ഥന്മാർ തന്നെ നേരിട്ട് കൊടുക്കുന്നുണ്ട്. ചിലപ്പോൾ കെട്ടിടങ്ങൾ ഒന്നുംതന്നെ ഇല്ലാത്തതായ സ്ഥലത്തുപോലും ഉള്ളതായി കെട്ടിച്ചമച്ച് അതിലേക്കുവേണ്ടി കണക്കെഴുതി ഗവണ്മെന്റിൽനിന്നും പൊതുമുതൽ

[ശ്രീ. കുഞ്ഞിത്തൊമ്മൻ.]

അപഹരിക്കപ്പെടുന്നതായും കേൾക്കുന്നു. പൊന്നുംവില നിശ്ചയിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള പൊന്നുംവില വിതരണം ചെയ്യുന്നതിനും വലിയ തകരാറുകൾ കാണിക്കുന്നുണ്ടെന്നും കേൾവിയുണ്ട്. ഗവൺമെന്റ് ഇതു ശരിയാണോ എന്നന്വേഷിച്ച് എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ അതില്ലാതാക്കുവാൻ വേണ്ട നടപടികൾ നടത്തേണ്ടതാണ്. ഇങ്ങനെയുള്ള കുഴപ്പങ്ങൾകൊണ്ടാണ് പൊതുവെ ഈ ഇറിഗേഷൻവേലകൾ മന്ദീഭവിച്ചിരിക്കുന്നതെന്നാണ് എന്റെ അഭിപ്രായം. ഗവൺമെന്റിന്റെ പണം ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ അനാവശ്യമായി ചെലവാക്കുന്നുണ്ടോ എന്നു ശ്രദ്ധിച്ച് കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കുവാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ്. ഇറിഗേഷൻവേലകൾ ഈ രാജ്യത്തു നടക്കുന്നതുകൊണ്ടേ രാജ്യം രക്ഷപ്പെടുകയുള്ളു എന്നും ഭക്ഷ്യക്ഷാമത്തിന് പരിഹാരം ഉണ്ടാകുകയുള്ളു എന്നും ബോദ്ധ്യമുള്ള നിലക്ക് അതർഹിക്കുന്ന പ്രാധാന്യം ഗവൺമെന്റ് നൽകുമെന്നു വിശ്വസിക്കുന്നു.

Shri K. Balakrishna Menon: Sir, on the merits, I agree with the Government on the extreme necessity of sanctioning this allotment, but regarding the propriety of making a supplementary demand at this fag end of the year, tacked on to the budget session, I submit that the House will consider whether that is something to which we should readily agree. So far as the Vadakkancherri River Valley scheme is concerned, there are bills due to the firms and also the land acquisition charges to be paid. Last year, when the budget was prepared in regard to these two items what probable expenditure will have to be incurred both in regard to the purchase of machinery, or at any rate, in regard to the compensation to be given to the tenants would have been easily estimated and incorporated in the budget. That has not been done. I would like to know why it was not done last year. I heard my friend Mr. Vazhappilly making a reference to certain recalcitrant jenmies who were unwilling to surrender their properties because compensation was not paid immediately. Regarding the Wadakkancherry Scheme, I wish to bring it to the notice of this House, that a good number of the land owners have already surrendered their property on the express understanding that compensation will be immediately paid. A peculiar thing about these people is that they all belong to the poorer section of the society and are looking forward to the compensation amount in order that they may invest it in some profitable venture.

Shri N. P. Varghese: Is the hon. Member aware that in the Travancore area surrender takes place long before the payment of compensation?

Shri K. Balakrishna Menon: All credit to the Travancore side. But this is what is taking place in Wadakkancherry also. That is what I am submitting. The poor people have been induced to surrender their properties on the promise that money would be

immediately given to them. They are banking upon their promises to make investments in other profitable sources. I do not grudge the grant of this money. I only question why these things which could have been easily conceived of at the time when last year's budget was being prepared, were not thought of and provision made therein, so that these unnecessary difficulties might have been avoided.

Shri N. P. Varghese: Did the hon. Member advise his constituents not to raise obstacles?

Shri K. Balakrishna Menon: I am afraid the hon. Member has not clearly understood me. You have only to compliment me because a number of persons, some five to six hundred persons, have already surrendered their property in that place.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു. ഈ ഡിമാൻറ കൊണ്ടുവന്നിട്ടുള്ളതു് രണ്ടു വലിയ പദ്ധതികൾക്കു വേണ്ടിയാണു്. ഈ പദ്ധതികൾക്കുവേണ്ടി പണം ഉണ്ടാക്കുന്നതിനു മററു പല ചെറിയ സ്കീമുകൾ നിറുത്തിയിരിക്കുകയാണു്. അങ്ങനെ പല പണികളും നിറുത്തുവാൻ ബഹുമാനപ്പെട്ട മന്ത്രി ആലുവായിൽ വന്നപ്പോൾ നിർദ്ദേശം കൊടുത്തിട്ടുള്ളതായി കേട്ടു. പെരിയാറിന്റെ തീരത്തു അൻപതും നൂറും ഏക്കറുകൾ വരുന്ന സ്ഥലങ്ങളിൽ ചെറിയ ചെറിയ കൃഷിക്കാർ ദേഹണ്ഡിച്ചുവരുന്നുണ്ടു്. അവിടെ വെള്ളം പമ്പു ചെയ്യുവാൻ യാതൊരു സൗകര്യവും ഇല്ലാത്തതുകൊണ്ടു് അവിടെയുള്ള കൃഷിക്കാർ വളരെ വിഷമിക്കുന്നതായി എനിക്കറിയാം. ഗവണ്മെൻറിനോടു് പല തവണ പമ്പുകൾ ആവശ്യപ്പെട്ടതിൽ ഈ മാതിരി വലിയ സംഖ്യ ചിലവാക്കുന്ന വൻകിട പദ്ധതികൾക്കുവേണ്ടി പമ്പു മുഴുവൻ അയച്ചിരിക്കുന്നതുകൊണ്ടു് പമ്പുകൾ അയച്ചുതരുവാൻ നിവൃത്തിയില്ലെന്നാണു് ഗവണ്മെൻറു് പറഞ്ഞതു്. ഇതു് ചെറുതരം കൃഷിക്കാരോടു് കാണിക്കുന്ന വലിയൊരു കൃത്യവിലോപമാണു്. അതുകൊണ്ടു് ചെറുതരം കൃഷിക്കാർക്കുകൂടി വേണ്ടത്ര പ്രയോജനം ലഭിക്കത്തക്കനിലയിൽ ഗവണ്മെൻറ സത്വരമായി ശ്രദ്ധിക്കേണ്ടതാണു്.

ശ്രീ. ഓ. സി. നൈനാൻ: സർ, കുട്ടനാട്ടുപദ്ധതിയും വടക്കാഞ്ചേരിപദ്ധതിയും നമ്മുടെ ഭക്ഷ്യക്ഷാമത്തിനുള്ള പരിഹാരമായി നമ്മൾ നിശ്ചയിച്ചു തുടങ്ങിയിട്ടുള്ള പണികളാണു്. എത്ര എളുപ്പം ആ പണികൾ നാം ചെയ്തുതീർക്കുന്നുവോ അത്രയും എളുപ്പത്തിൽ നമ്മുടെ രാജ്യത്തെ ഭക്ഷ്യക്ഷാമത്തിനു് പരിഹാരം ലഭിക്കുന്നതാണു്. അതിലേക്കു് കൂടുതൽ തുക വേണമെന്നു കണ്ടിട്ടാണു് ഇപ്പോൾ ഈ സപ്ലിമെൻററി ഗ്രാൻറു് കൊണ്ടുവന്നിരിക്കുന്നതു്.

ബഡ്ജററിൽ ഇതിലേക്കു് പത്തു ലക്ഷം രൂപയും വേറെ ഒരു വേലക്കരിനത്തിൽ പതിനൊന്നു ലക്ഷം രൂപയും ആണല്ലോ ചേർത്തിരിക്കുന്നതു്. അപ്പോഴത്തെ ഉദ്ദേശം പത്തുലക്ഷം രൂപയുടെ വേല മാത്രമേ ഇക്കൊല്ലം കൊണ്ടു് ചെയ്തുതീർക്കാൻ സാധിക്കയുള്ളൂ എന്നായിരുന്നു. സാധാരണഗതിയിൽ ഓരോ കൊല്ലവും ചെയ്തുതീർക്കുന്നതിനു നിശ്ചയിക്കുന്നിടത്തോളം വേല അതാതു കൊല്ലം ചെയ്തു തീർക്കുകയെന്നുള്ളതു് വളരെ

[ശ്രീ. ഒ. സി. നൈനാൻ.]

ശ്രമസാദ്ധ്യമായിട്ടുള്ളതാണ്. ഗവണ്മെന്റിൽനിന്നും ഈ പദ്ധതികളുടെ അത്യധികപ്രാധാന്യത്തെ കരുതി പ്രത്യേക ശ്രദ്ധ ഇതിൽ ചെലുത്തിയതിന്റെ ഫലമായി ഉദ്ദേശിച്ചതിൽ കൂടുതൽ വേല ഈ രണ്ടു പദ്ധതികളിലും ചെയ്തു തീർക്കുന്നതിനു സാധിച്ചു. ഇപ്പോഴത്തെ കാലാവസ്ഥ ഈ വക വേലകൾ കൂടുതലായി ചെയ്യുന്നതിനു സൗകര്യമുള്ളതാണ്. ഇനിയും കൂടുതൽ വേലകൾ ചെയ്യുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക തീർന്നുപോയിരിക്കുന്നതിനാൽ വേലകൾ മുമ്പോട്ടു തുടർന്നു നടത്തിക്കൊണ്ടുപോകുന്നതിനു അസാദ്ധ്യമായിരിക്കുന്നു. തന്നിമിത്തമാണ് ഗവണ്മെന്റിൽനിന്നും ൯,൨൦,൦൦൦ രൂപാ ഇതിലേക്ക് കൂടുതലായി ആവശ്യപ്പെട്ടിരിക്കുന്നത്. ഗവണ്മെന്റിന്റെ ഈ പ്രവൃത്തിയെ സാധാരണ ഗതിയിൽ ഈ അസംബ്ലിയും പൊതുജനങ്ങളും അഭിനന്ദിക്കേണ്ടതാണ്. അതിനു പകരം ഈ അഭ്യർത്ഥനയെ പ്രതിപക്ഷത്തുനിന്നും എതിർക്കുന്നതു് ആശ്ചര്യകരമായിത്തന്നെ തോന്നുന്നു. ഇതിൽനിന്നും ഒരു കാര്യം അനുമാനിക്കാം. രാജ്യത്തു പ്രയോജനകരമായ വേലകൾ ചെയ്തു തീർക്കുന്നതിനു സഹായകമായ ഒരു നിലയല്ല അവർ അവലംബിച്ചിരിക്കുന്നതെന്ന്. ഈ വേലക്ക് അനുവദിച്ചിരുന്ന പണം മുഴുവനും ചെലവു ചെയ്യാതെ ഒരു ഭാഗം ലാപ്സാകാൻ ഇടവന്നിരുന്നു എങ്കിൽ എന്തു പറയുമായിരുന്നു? ഈ അഭ്യർത്ഥന ഈ സഭയിൽനിന്നും അനുവദിക്കുന്നില്ല എന്നു വിചാരിക്കുക. അതിന്റെ ഫലമെന്താണ്? എത്രയും എളുപ്പത്തിൽ ചെയ്തുതീർക്കേണ്ടതായ ഈ രണ്ടു വലിയ വേലകളും ചെയ്തു തീർക്കുന്നതിനു ഉദ്ദേശിച്ചതിൽ കൂടുതൽ കാലതാമസം നേരിടുമെന്നുള്ളതിനു സംശയമില്ല. ഇതാണോ ആഗ്രഹിക്കത്തക്കതായുള്ള ഒരു നിലപാട്? രാജ്യത്തെ സ്നേഹിക്കുന്നവരും ജനങ്ങളുടെ നന്മയെ കരുതുന്നവരുമായ എവരും അപ്രകാരമുള്ള വേലകൾ എത്രയും എളുപ്പത്തിൽ ചെയ്തു തീർക്കുന്നതു് അത്യാവശ്യമാണെന്നു കരുതി അതിലേക്കാവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കേണ്ടതായിരിക്കെ അതിനു വിലങ്ങുതടിയായി നിൽക്കുന്ന ഇപ്പോഴത്തെ എതിർപക്ഷക്കാരുടെ മനോഭാവം ഒരു വിധത്തിലും ഈ സഭ അനുവദിച്ചുകൊടുക്കുവാൻപാടില്ലെന്നാണെന്റെ അഭിപ്രായം.

ഈ വേലയ്ക്കു് പണം അനുവദിച്ചുകൊടുക്കണമെന്നാവശ്യപ്പെടുമ്പോൾ പെരിഞ്ചാണിയിൽ വെള്ളം കിട്ടുന്നില്ലെന്നും തെക്കൻ തിരുവിതാംകൂറിൽ ഇത്രയും പണം ചെലവാക്കുന്നില്ലെന്നും മററുമുള്ള വാദങ്ങൾ ഒരു വിധത്തിലും ഈ അഭ്യർത്ഥനയെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല. ഒരു സ്ഥലത്തു പണം അനുവദിച്ചുകൊടുക്കുന്നില്ലെങ്കിൽ അതുകൊണ്ടു് വേറെ നല്ല കാര്യങ്ങളൊന്നുംതന്നെ ചെയ്തുതീർക്കേണ്ടയെന്നാണോ എതിർപക്ഷക്കാർ പറയുന്നതെന്നു ഞാൻ ചോദിക്കുന്നു. ഈ വിധത്തിലുള്ള മനോഭാവം നിർഭാഗ്യകരവും രാജ്യത്തിനു വളരെ ഹാനികരമായിട്ടുള്ളതുമാണ്. പഞ്ചവത്സരപദ്ധതിയിൽപ്പെട്ട ഈ വക പദ്ധതികൾ എത്രയും എളുപ്പത്തിൽ തീരുന്നുവോ അത്ര കണ്ടു് രാജ്യത്തിനു അഭിവൃദ്ധിയും ഐശ്വര്യവും ഉണ്ടാകുന്നതാണ്. ഈ കാര്യം കക്ഷികൾ തമ്മിൽ എന്തെല്ലാം അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലും വിസ്മരിക്കാവുന്നതല്ല. അതിനാൽ ഇതിലേക്കു ഇപ്പോൾ ഗവണ്മെന്റിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്ന കൂടുതൽ തുക അനുവദിച്ചുകൊടുക്കുന്നതിൽ ഒരസംതൃപ്തിയും ഈ സഭയിൽ ഒരു കക്ഷിയും പ്രകടിപ്പിച്ചുകൂടാത്തതാണ്. നേരെമറിച്ചു്

ഗവണ്മെന്റ് ഉത്തരവാദിത്വബോധത്തോടും ഉത്സാഹപൂർവ്വവും ഈ പദ്ധതിയിൽ പ്രവർത്തിച്ചതിൽ അവരെ ന്യായമായ നിലയിൽ അഭിനന്ദിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഇതേതുടർന്നുതന്നെ ചില സ്ഥലങ്ങളിൽ പൊന്നും വിലയ്ക്ക് സ്ഥലമെടുത്തതിനു ആവശ്യമായ നടപടികൾ നടത്തിയതിൽ ഏതോ തകരാറുകൾ ഉണ്ടെന്നു പറയുന്നു. അത് നിയമപ്രകാരമുള്ള ഒരു നടപടിയുടെ ചില ക്രമക്കേടുകളാണ്. അതിനു പരിഹാരമാർഗ്ഗം വേറെ വിധത്തിൽ ഉണ്ടാക്കാവുന്നതുമാണ്. പൊന്നും വില ആക്റ്റനുസരിച്ച് എന്തെങ്കിലും സംഖ്യകൾ കിട്ടാനുണ്ടെങ്കിൽ അതു കിട്ടുന്നതിനു ആവശ്യമായ നടപടികൾ അതിൽ തൽപ്പരകക്ഷികൾക്ക് തുടരാവുന്നതാണ്. അതു സംബന്ധിച്ചു കളക്ടറോ പൊന്നുംവില ആഫീസറോ ശരിയായ നടപടി തുടങ്ങുന്നില്ലെങ്കിൽ ആ കാര്യം സംബന്ധിച്ച് ഒരു തീരുമാനത്തിനു ജില്ലാക്കോർട്ടിലേയ്ക്ക് അവാർഡിനായി അയയ്ക്കാവുന്നതും ജില്ലാ ജഡ്ജി ആ സംഗതിയിൽ വേണ്ടതു ന്യായമായും നീതിപൂർവ്വവും ചെയ്യുന്നതുമാണ്. അവിടെയും നീതി ലഭിക്കുന്നില്ലെങ്കിൽ സങ്കടമുള്ള കക്ഷികൾക്ക് ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു നിവൃത്തി നേടാവുന്നതുമാണ്. ഇങ്ങനെയുള്ള വഴികളെല്ലാം ഉണ്ടായിരിക്കെ ആവക വഴികളിൽക്കൂടി നിവൃത്തിമാർഗ്ഗം നേടാമെന്നു കരുതാതെ ഈ നല്ല കാര്യം മുടക്കുന്നതിനുവേണ്ടി വിലങ്ങുതടിയായി നിന്നു ഈ ജോലികളെ തടസ്സപ്പെടുത്തുന്നതിനു മുടന്തൻസമാധാനം പറയുന്നതു് ഒരു വിധത്തിലും നീതീകരിക്കാവുന്നതല്ലെന്നാണ് എനിക്ക് ഈ സഭയെ വിനയപൂർവ്വം അറിയിക്കാനുള്ളതു്. എന്റെ നിയോജകമണ്ഡലമായ കല്ലുപ്പാറയിൽ ജലസേചനപദ്ധതിയുടെ സിവിൽവേലകൾ ചെയ്തതോടൊപ്പം ഇലക്ട്രിക്ക് വേല തീർക്കാതെ കൃഷി നഷ്ടപ്പെട്ടു. എന്നാൽ ആ കാര്യങ്ങൾ ഒന്നും ഇതിനു തടസ്സമായി പറയുന്നതു യുക്തിവിരുദ്ധവും നീതിവിരുദ്ധവും ആകയാൽ ഞാൻ പറയുന്നില്ലെന്നു മാത്രമേ ഉള്ളൂ. നല്ല കാര്യങ്ങൾ എവിടെയായാലും നാം അതിനു തടസ്സമായി നിന്നുകൂടാത്തതാണ്. അതിനാൽ ഈ അഭ്യർത്ഥനയെ ഞാൻ ഹൃദയപൂർവ്വം അനുകൂലിക്കുന്നു.

ശ്രീ. എ. കുഞ്ഞൻനാടാർ: സർ, ഞാൻ ഈ ഡിമാന്റിനെ അനുകൂലിക്കുന്നു. എന്റെ മാന്യസ്നേഹിതൻ ശ്രീ. ഗോപാലൻനായർ നെയ്യാർ പദ്ധതിയുടെ പ്രവർത്തനത്തിന് തമിഴ്നാട്ടുകാർ എതിരായതുകൊണ്ട് പണി വളരെ മന്ദീഭവിച്ചിരിക്കുകയാണെന്നു പറഞ്ഞു. പണി മന്ദീഭവിച്ചിരിക്കുന്നു എന്നുള്ളതു് കുറച്ചൊക്കെ പരമാർത്ഥമാണ്. പക്ഷെ അതിനു കാരണം ശ്രീ. ഗോപാലൻനായർ പറഞ്ഞതുപോലെ തമിഴ്നാട്ടു മന്ത്രിയുടെ വിമുഖതകൊണ്ടാണെന്നു പറയുന്നതു ശരിയല്ല. ഗവണ്മെന്റ് അതെപ്പററി കൂടുതൽ ശ്രദ്ധിക്കുന്നില്ലെന്നു ഞാനും സമ്മതിക്കുന്നു.

ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകതന്നെ ഒട്ടും പര്യാപ്തമല്ലെന്നിരിക്കെ അനുവദിക്കപ്പെട്ടിട്ടുള്ള തുകയുടെ പരമാവധി പ്രയോജനം ലഭിക്കാവുന്ന മാർഗ്ഗം ഗവണ്മെന്റ് അവലംബിച്ചു കണ്ടിരുന്നെങ്കിൽ വളരെ ആശ്വാസകരമായിരുന്നേനെ. പേച്ചിപ്പാറ പമ്പിംഗിനെപ്പററിയും നേമം മെമ്പർ പറയുകയുണ്ടായി. എനിക്കദ്ദേഹവുമായി യോജിക്കാൻ നിവൃത്തിയില്ല. അവിടത്തെ പമ്പിംഗ് കൊണ്ട് നാഞ്ചിനാട്ടിലെ കൃഷിക്കാർക്ക് വളരെ പ്രയോജനമുണ്ടായിട്ടുണ്ട്. അനവധി ആയിരം ഏക്കർ കരിവിൽനിന്നും

[ശ്രീ. എ. കുഞ്ഞൻ നാടാർ]

രക്ഷപ്പെടുത്താൻ സാധിച്ചു. പക്ഷെ കുറെ മുമ്പ് ഇതു ചെയ്തിരുന്നുവെങ്കിലും ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറുകാർ മരാമത്തുവകുപ്പുമായി വേണ്ട വിധത്തിൽ സഹകരിച്ചു പ്രവർത്തനം നടത്തിയിരുന്നെങ്കിലും ഇതിൽ കൂടുതൽ പ്രയോജനം ഉണ്ടാകുമായിരുന്നു. ഈ സത്വരനടപടി കൈക്കൊണ്ടതിൽ ഞാൻ ഗവണ്മെൻറിനെ അനുമോദിക്കുന്നു. വിഷമസന്ധികൾ നേരിടുന്നതിന് ഇതൊരുസ്ഥിരമായ പദ്ധതിയാക്കാൻ ഗവണ്മെൻറ വേണ്ടതു ചെയ്യണം.

സർ, നെയ്യാർ പദ്ധതിയിൽ തമിഴ്നാട്ടുകാർക്ക് വലിയ താൽപര്യമില്ലെന്ന് ശ്രീ. ഗോപാലൻ നായർ പ്രസ്താവിക്കുകയുണ്ടായി. നെയ്യാർ ഡാമിൻെറ റയിററ്ബാംക് സയിഡാണ് ഇപ്പോൾ തുടങ്ങിയിട്ടുള്ളതു്. റൈററബാംകുചാനൽ വെട്ടേണ്ടതുതന്നെ. പക്ഷെ ലഫ്റബാംകുചാനലും കൂടി വെട്ടണമെന്നേ പറയുന്നുള്ളു. സർ, ഈ മാതിരി ജനങ്ങൾക്കു പ്രയോജനമുള്ള പദ്ധതികൾ ഒരു തമിഴ്നാട് പ്രശ്നമോ അല്ലെങ്കിൽ പാർട്ടി പ്രശ്നമോ ആയി പരിഗണിക്കുന്നതു ഒരിക്കലും ശരിയല്ല. നെയ്യാർ ഡാമിൻെറ റയിററ്ബാംകു ചാനൽ ഇന്നു വെട്ടുന്ന രീതിയിൽ തുടർന്നുപോയാൽ അതു ചില താൽപ്പര്യക്കാർക്കല്ലാതെ സാമാന്യജനങ്ങൾക്ക് പ്രയോജനപ്പെടുന്നതല്ല. വെള്ളം ഏററവും അത്യാവശ്യവും കുടിക്കാൻപോലും വെള്ളം കിട്ടാത്തതും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുമായ നെല്ലിമൂട്, കാഞ്ഞിരംകുളം, ചാണി, കിടാരക്കുഴി എന്നീ സ്ഥലങ്ങളിൽ റൈററബാംകിൻെറ വെള്ളം ലഭിക്കുന്നതല്ല. ചാനൽ ഉയർന്ന ലവലിൽ കൂടി വെട്ടണം. ഈ മാതിരിയുള്ള ഒരു വൻകിട പദ്ധതി തുടങ്ങുമ്പോൾ അതിൻെറ നാനാവശങ്ങളെപ്പററിയും ശരിയായ ഒരു അന്വേഷണം നടത്തി അതുകൊണ്ട് എന്തു പ്രയോജനമുണ്ടെന്നും, ഉണ്ടാക്കാമെന്നും, ചിലവാക്കുന്ന തുകക്കു അനുസരണമായ വിധത്തിൽ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു എന്നും മററും വിശദമായ ഒരു റിപ്പോർട്ടുവരുത്തി ഒരു സ്കീം തയാറാക്കി അതനുസരിച്ചു പ്രവർത്തിക്കേണ്ടതാണ്. ഇതുപോലെയുള്ള ഒരു പദ്ധതി വേണമെന്നു തീരുമാനിച്ച് കുറെ പണവും ചിലവാക്കി എന്നുള്ളതുകൊണ്ട് യാതൊരു മെച്ചവുമില്ല. അതിനെപ്പററി ശരിയായ ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേററ തയ്യാറാക്കണം. ഒരു പ്ലാൻ അനുസരിച്ചു അതിൻെറ പണി തുടങ്ങുകയും കഴിയുന്നതുംവേഗത്തിൽ അതവസാനിപ്പിക്കുകയുംവേണം. റയിററബാംകിൻെറ പ്രവർത്തനം തമിഴനാട്ടുകാർക്കു വലിയ താല്പര്യമുള്ളതല്ലെന്നു ശ്രീ. ഗോപാലൻനായർ പറഞ്ഞതു ശരിയല്ല. റയിററബാംകുചാനൽ തമിഴ്നാട്ടുകാർക്കു വളരെ പ്രയോജനപ്പെടുത്താവുന്നതാണ്. ലഫ്റബാംകു ചാനലും റയിററബാംകുചാനലും രണ്ടും ഒരുപോലെ അവിടത്തെ ജനങ്ങൾക്കു പ്രയോജനമുള്ളതാണ്. അതു രണ്ടും ഒരുമിച്ചുവെട്ടണം. നെയ്യാററിൽ ധാരാളം വെള്ളമുണ്ട്. രണ്ടു ചാനലിനും വെള്ളം ലഭിച്ചുശേഷം വളരെ അധികം വെള്ളം കടലിൽ പോകാനും ഉണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ് : മെംബർ ഒരു തമിഴനാട്ടുകാരനാണോ?

ശ്രീ. എ. കുഞ്ഞൻനാടാർ : അതെ.

ഞാൻ മുമ്പു പറഞ്ഞതുപോലെ ഈ പദ്ധതിയുടെ നാനാവശങ്ങളെയുംപററി ശരിയായ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതാണ്. ഇനിമേ

തിരിയുള്ള അണകൾക്ക് ഒന്നാമത്തു ശരിയായ ഒരു ഫൗണ്ടേഷൻതന്നെ ഉണ്ടായിരിക്കേണ്ടതാണ്. നല്ലൊരു ഫൗണ്ടേഷൻ ഉണ്ടായില്ലെങ്കിൽ പിന്നീട് അണ വലുതാക്കണമെന്നു വിചാരിച്ചാൽ സാധിക്കുന്നതല്ല. അതു നമ്മുടെ ഭാവി സന്താനങ്ങളുടെ വളർച്ചയെ തടസ്സപ്പെടുത്തും. ഇപ്പോഴുള്ളവർക്കു മാത്രമല്ല ഭാവിയിലുള്ളവർക്കും ഈ പദ്ധതി പ്രയോജനപ്പെടണമെങ്കിൽ നല്ല ഫൗണ്ടേഷൻതന്നെ ഉണ്ടായിരിക്കണം. ഇപ്പോൾ കെട്ടിവരുന്ന ഫൗണ്ടേഷൻ വേണ്ടത്ര ഇൻവെസ്റ്റിഗേഷൻ നടത്തിയും ഉറപ്പെടുത്തുകൂടിയും നടത്തിയിട്ടുള്ളതാണോ എന്നുള്ളതിൽ സംശയമുണ്ട്. അതുകൊണ്ടാണ് ഒരു സ്കീം അനുസരിച്ചു പ്രവർത്തിക്കേണ്ടതാണെന്നു ഞാൻ പറഞ്ഞത്. വേണമെങ്കിൽ ഒരു സ്കീം തരുവാൻ ഞാൻ തയ്യാറാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു.

<u>ശ്രീ. പി. ഗോവിന്ദപ്പിള്ള</u>: സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു. കുട്ടനാട് ഡവലപ്പ്മെൻറ് സ്കീമും വടക്കാഞ്ചേരി റിവർവാലി സ്കീമും രാജ്യത്തിന് വളരെ ആവശ്യമുള്ള പദ്ധതികളാണ്. ഇവിടെ ചില മെംബറന്മാർ തെക്കൻതിരുവിതാംകൂറിൽ യാതൊന്നും ചെയ്യുന്നില്ലെന്ന് അവിടത്തെ ജനങ്ങൾ പരാതിപ്പെടുന്നുണ്ടെന്നു പറഞ്ഞു. തെക്കൻ തിരുവിതാംകൂർകാരുടെ ആവശ്യങ്ങൾ കൂടുതലായി പരിഗണിക്കപ്പെടുന്നു എന്നു മററുള്ളവരും പരാതിപ്പെടുന്നുണ്ട്. മററു ചിലർക്കു മിച്ചച്ചിൻവഴി റയിൽവേ വേണം. ഇതൊക്കെ വോട്ടുപിടിക്കുവാൻവേണ്ടി പ്രാദേശികാവശ്യങ്ങൾ പറഞ്ഞുവെന്നു ഭാവിക്കാനാണ്. ഞാൻ പ്രാദേശികത്വം പ്രകടിപ്പിക്കണമെന്നുദ്ദേശിക്കുന്നില്ലെന്ന് ആദ്യം പറഞ്ഞുകൊള്ളട്ടെ.

സർ, ഈ രാജ്യത്ത് അത്യാവശ്യമായി നടപ്പിൽ വരുത്തേണ്ട സ്കീമുകൾ ഏതെല്ലാമാണ്, ദീർഘകാലപദ്ധതികൾ ഏതെല്ലാമാണ്, അടിയന്തിരമായി ചെയ്യേണ്ട ചെറിയ പദ്ധതികൾ ഉണ്ടോ, എന്നിങ്ങനെ ഈ വിഷയത്തെപ്പററി നല്ലവണ്ണം പഠിച്ച് ഒരു പ്ലാൻ ഇട്ട് ഗവണ്മെൻറ് പ്രവർത്തിക്കേണ്ടതാണ്. അങ്ങനെ ഒരു പ്ലാൻ ഗവണ്മെൻറിനുണ്ടെന്നു തോന്നുന്നില്ല. ഓരോ സമയത്ത് ചില കാരണങ്ങളാൽ ഗവണ്മെൻറ് ഓരോരോ പദ്ധതി ഏർപ്പെടുത്തുകയും അതിൻെറ പണികൾ അവസാനിക്കുന്നതിനു മുമ്പു മററു പുതിയ പദ്ധതികൾ തുടങ്ങുകയും ചെയ്യുന്നതായി കാണാം. ഉദാഹരണമായി പറഞ്ഞാൽ നാലു വർഷങ്ങൾക്കുമുമ്പു ശ്രീ. പട്ടം താണുപിള്ള പ്രധാനമന്ത്രിയായിരുന്ന അവസരത്തിൽ മൂവാററുപുഴ റിവർവാലി സ്കീം തുടങ്ങി. അതിലേയ്ക്കു കുറെ തുകയും ചിലവാക്കി. ലിഫ്ററ് ഇറിഗേഷൻ പദ്ധതിയായിട്ടാണ് അതു തുടങ്ങിയത്. ജനങ്ങൾക്ക് അതുകൊണ്ട് കുറെയൊക്കെ പ്രയോജനവും ഉണ്ടായിത്തുടങ്ങിയതാണ്. എന്നാൽ പിന്നീടു അതിനെപ്പററി ഗവണ്മെൻറ് ശ്രദ്ധിച്ചതേയില്ല. ആ സുപ്രഭാതത്തിൽ മൂവാററുപുഴ ഇറിഗേഷൻ സബ്ഡിവിഷൻ ആഫീസ് അപ്രത്യക്ഷപ്പെടുകയുംചെയ്തു. മററു പുതിയ പദ്ധതികളുമായി ഗവണ്മെൻറ് മുമ്പോട്ടുപോയി. ഇതിനെസംബന്ധിച്ചു കാൺഗ്രസ്പാർട്ടിയിലുള്ള ഒരു പ്രമുഖ നേതാവുതന്നെ വളരെ ഖേദത്തോടും നിരാശയോടുംകൂടി പ്രതിഷേധിച്ചിട്ടുള്ളതായും പരാതിപ്പെട്ടിട്ടുള്ളതായും എനിക്കറിയാം. എന്തു കാരണത്താലാണ് ആ പദ്ധതി വിട്ടുകളഞ്ഞതെന്നു യാതൊരു വിവരവുമില്ല. അതിനെ ഒരുതരത്തിലും

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

ന്യായീകരിക്കാൻ കഴിയുമെന്നും തോന്നുന്നില്ല. അതിനുവേണ്ടി ചിലവാക്കിയ തുക നഷ്ടപ്പെട്ടു എന്നു കാണിക്കുവാൻവേണ്ടി അതിന്റെ ഉപയോഗത്തേയും പ്രയോജനത്തേയുംപററി വേണ്ടത്ര വിശ്വാസം ഇല്ലാതെ ആണു് പൊതുമരാമത്തുമന്ത്രി ഇരിക്കുന്നതെന്നും അറിയാനിടയായി. അതിലെത്രത്തോളം പരമാർത്ഥമുണ്ടെന്നു നിശ്ചയമില്ല. പെരുമ്പാവൂരിലും മൂവാററുപുഴയിലും നടപ്പിലാക്കിയ ലിഫ്ററ ഇറിഗേഷൻ പദ്ധതി വേണ്ടത്ര വിജയപ്രദമായിട്ടില്ലെങ്കിൽ അതു് ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമതക്കുറവു മൂലമാണെന്നു എനിക്കു ധൈര്യമായി പറയുവാൻ കഴിയും.

തെക്കൻതിരുവിതാംകൂറിലും തൃശ്ശൂരിലും ഉള്ള നിലങ്ങളിൽ ഉണ്ടായ ഉണക്കുകളെപ്പററി ഇവിടെ വളരെ പരാതികൾ ഉണ്ടായിട്ടുണ്ടു്. അവിടെ മാത്രമല്ല സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും പ്രത്യേകിച്ചു് കുന്നത്തുനാട്ടു് മൂവാററുപുഴ താലൂക്കുകളിൽ ഉണക്കു് ഉള്ളതായി ഉദ്യോഗസ്ഥന്മാരുടെ ഇടയിൽനിന്നും നേരിട്ടു പരിചയത്തിൽനിന്നും എനിക്കറിയുവാൻ ഇടയായി. അങ്ങനെയുള്ള കേസുകൾകൂടി പരിഗണിച്ചു് അവരെക്കൂടി ആശ്വസിപ്പിക്കുവാനുള്ള സൻമനസ്സു ഗവണ്മെന്റിനുണ്ടാകേണ്ടതാണു്.

വടക്കാഞ്ചേരിയിൽ പണികൾ നടത്തുന്നതിലോ കുട്ടനാട്ടിൽ പണികൾ നടത്തുന്നതിലോ ഞങ്ങൾക്കു യാതൊരു പരാതിയും ഇല്ലെങ്കിലും പെരിയാററിലേയും മൂവാററുപുഴയിലേയും പദ്ധതികൾ തുടർന്നുകൊണ്ടു പോകുവാനുള്ള ഒരു പരിപാടികൂടി ഗവണ്മെന്റു സ്വീകരിക്കേണ്ടതാണു്. ബഹുമാനപ്പെട്ട ഡെപ്യൂട്ടിസ്പീക്കർ പറയുകയുണ്ടായി, പൊതുമരാമത്തുമന്ത്രി ഈയിടെ വടക്കൻ താലൂക്കുകൾ സന്ദർശിച്ചപ്പോൾ ചെറിയ ലിഫ്ററു് ഇറിഗേഷനുകൾ പ്രോത്സാഹിപ്പിക്കേണ്ടതില്ലെന്നു് പറഞ്ഞതായിട്ടു്. ഈ ചെറിയ പദ്ധതികൾക്കുള്ള ചെലവു് ചെയ്യാതെ അതെല്ലാം വമ്പിച്ച പദ്ധതികൾക്കയക്കണമെന്നാണു് സൂചന. മരാമത്തുമന്ത്രി അപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഫലത്തിൽ സർക്കാരിന്റെ നയം അതുതന്നെയാണെന്നതിനു് തെളിവുകൾ നിരവധിയാണു്. പെരിയാററിലേയും മൂവാററുപുഴയിലേയും ചെറിയ പദ്ധതികൾക്കു് ചെറിയ തുകകൾ ചെലവാക്കിയാൽ വലിയ ഫലമുണ്ടാകുമെന്നിരുന്നിട്ടും, ഈ പിന്നോക്ക താലൂക്കുകളെ നിശ്ശേഷം വിസ്മരിച്ചു് സർക്കാർ വലിയ പദ്ധതികളുടെ പുറകെ ഭീമമായ തുകകളുമായി പായുകയാണു്. ഈ വൻതുകകൾ ചിലവാക്കിയതു് വിഫലമോ ഫലപ്രദമോ എന്നറിയാൻതന്നെ നിരവധി വർഷങ്ങൾ വേണ്ടിവരുമെന്നിരിക്കേ, ഉടൻതന്നെ ഫലപ്രദമാകുന്ന ചെറിയ പദ്ധതികളെ വിസ്മരിക്കുന്നതു് തികച്ചും തെററാണു്. ഈ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഞാൻ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു.

ஸ்ரீ. ஸி. சங்கர் : ஸர், நான் இந்த ஸப்ளிமென்ட்டறி கிரண்டை எதிர்க்கிறேன். எனக்குமுன் பேசிய பெரும்பாவூர் மெம்பர் ஸ்ரீ. கோவிந்த பிள்ளை அவர்களது பேச்சின் மத்தியில், தென்திருவிதாங்கூர் வழி தீவண்டி போகவில்லை என்றும் அங்குள்ள வயல்களுக்கு சரியாக தண்ணீர் பாய்ச்சவில்லை என்றும் சொல்வது, வோட் பிடிப்பதற்காக என்று சொன்னார்கள். ஆனால் நான் இந்த கிரண்டை எதிர்ப்பது வோட்டு பிடிப்பதற்காக அல்ல என்பதை முதலாவதாக சொல்லிக்கொள்கிறேன்.

இந்த ஒரு லட்சத்தி இருபதினுயிரம் ரூபாய் செலவு செய்தது, அதாவது பேச்சிப்பாறை ரிஸர்வாயரில் சில் லெவலுக்குக் கீழிருந்து தண்ணீர் எடுப்பதற்காக மேற்சொன்ன தொகை செலவு செய்வதென்பது சர்க்கார் கட்சி அங்கத்தினர்களுக்கு வோட் பிடிப்பதற்காக இருக்கலாம். இந்த ஒரு லட்சத்தி இருபதினுயிரம் ரூபாய் செலவு செய்ததினுல் அங்குள்ள கிருஷிக்காரர்களுக்கு எந்தவிதமான பிரயோஜனமும் கிடைக்கவில்லை. இந்த சந்தர்ப்பத்தில் எனக்கு நான் பள்ளிக்கூடத்தில் படித்த ஒரு காரியம் ஞாபகத்திற்கு வருகிறது. அதாவது முகமது-பின்-டக்ளக் -ன் ஆட்சி காலத்தில் அவர் சில ஸ்கீம்கள் போட்டதை கேட்டிருக்கிறேன். அதேமாதிரித்தான் இந்த ஒரு லட்சத்தி இருபதினுயிரம் ரூபாய்க்குள்ள ஸ்கீமும் ஆயிவிட்டது என்று நான் துணிச்சலாகக் கூறுகிறேன். அகஸ்தீஸ்வரம் தாலூகாவில் 14,000 ஏக்கருக்கு மேல் இந்த பூவில் கரிவு ஏற்பட்டிருக்கிறது. விளவங்கோடு தாலூகாவில், அங்குள்ள நிலங்களில் மூன்றில் ஒரு பங்கு கரிந்துபோய் இருப்பதாக ரிப்போர்ட் வந்திருக்கிறது. ஆனுல் இந்த ஜனநாயக சர்க்காரானது இப்படிப்பட்ட புள்ளிவிவரங்களை மறைத்து வைத்து கள்ளக் கணக்குகளைத் தான் காட்டுகிறது; கள்ளக்கணக்கு என்று சொன்னுல் அது அண்பார்லிமென்டறி என்று சொல்வார்கள். ஆதலால் நான் சொல்கிறேன், இந்த சர்க்கார் ஆனது பல தப்பிதமான கணக்குகளை நம் முன் வைத்து நம்மை தவருன வழியில் கொண்டுசெல்லபார்க்கிருர்கள். நேற்று சீப் மினிஸ்டர் அவர்கள் சொன்னுர்கள், தென் திருவிதாங்கூரில் பல குளங்கள் வெட்டப்பட்டிருக்கிறது என்று. ஆனுல் வாஸ்தவத்தில் தென் திருவிதாங்கூருக்கு இன்று சென்று பார்த்தால் அகஸ்தீஸ்வரம் தாலூகாவில் சென்ற இரண்டு மூன்று ஆண்டுகளுக்கு முன்பு குளங்களில் உடைப்புகள் விழுந்தது. அதை பழுது பார்க்கவோ வேறு மடைகள் கட்டவோ ஒன்றும் செய்யவில்லை. மழை காலத்தில் தண்ணீர் செழிப்பாக கிடைக்கும்போது அந்தத் தண்ணீரைச் சேமித்து வைக்க திட்டமொன்றுமில்லாமல், அதற்காகவேண்டி ஒன்றுமே செய்யாமல் இருந்ததினுல்தான் சென்ற காலங்களில் ஆயிரக்கணக்கான ஏக்கரா நிலங்கள் கரிந்துபோயும்கூட 200 ஏக்கர்கள் தான் கரிந்துபோயிற்று என்று அரசாங்கத்தினிடமிருந்து பதில் வந்தது. சீப் மினிஸ்டர் அவர்களும் ரெவன்யூ மினிஸ்டர் அவர்களும் அங்கு வந்து அங்குள்ள குளங்கள் முதலியவைகளை எல்லாம் சுற்றிப் பார்த்தார்கள். ஆனுல் வெட்டவேண்டிய குளங்களை வெட்டவில்லை. அதுமாத்திரமல்ல, இங்ஙனம் கரிவு ஏற்படாமல் இருப்பதற்காக இந்த சர்க்கார் ஒருவிதமான நடவடிக்கையும் எடுக்கவில்லை என்று இந்தவிடத்தில் எடுத்துச் சொல்ல ஆசைப்படுகிறேன். 10,000 ஏக்கரா நிலங்கள் கரிந்துபோன பிற்பாடுதான் அங்கே ஒரு பம்பை பிற்று (Fit) செய்தார்கள். இந்த பம்புகளை பிற்று செய்வதற்கு முன்னமேயே அங்குள்ள நிலங்கள் எல்லாம் கரிந்துபோய்விட்டன. இப்பொழுதும், இந்தப் பூவிலும் நிலங்கள் எல்லாம் கரிந்துபோய்விட்டன.

ശ്രീ. കളത്തിൽ വേലായുധൻ നായർ: പേച്ചിപ്പാറ പമ്പിംഗ് തെക്കൻ തിരുവിതാംകൂറിലെ ജനങ്ങൾക്ക ഉപയോഗമില്ലെന്നാണോ ബഹുമാനപ്പെട്ട മെംബർ പറയുന്നതു്?

ஸ்ரீ. ஸி. சங்கர்: இப்பொழுது நீங்கள் செய்திருக்கிறது, இந்த சமயத்தில் அது பிரயோஜனப்படவில்லை. இரண்டு மாதங்களுக்கு முன்பே செய்திருந்தால் பிரயோஜனப்பட்டிருக்கும். பயிருக்கு எப்பொழுது தண்ணீர் வேண்டுமோ அப்பொழுது கிடைத்திருந்தால் பிரயோஜனகரமாய் இருந்திருக்கும். தண்ணீர் இல்லாமல் பயிர் கரிந்துபோன பிற்பாடு தண்ணீர் விட்டு என்ன பிரயோஜனம்? இதை எல்லாம் முன்னமே கூட்டி அறிந்து வேண்டியதை செய்திருக்கவேண்டும். அப்படி ஒன்றும் செய்யாமல் இந்த சர்க்கார் உறங்கிவிட்டு, கும்பகர்ண நாடகம் போட்டுவிட்டு, இப்பொழுது திடீரென்று நாங்கள் பம்பு செட்டுகள் ஸ்தாபித்திருக்கிறோம் என்றெல்லாம் சொல்லி மக்களை ஏமாற்றப் பார்க்கிருர்கள். முன்னெச்சரிக்கையான நடவடிக்கைகளை கைக்கொள்ளாமல் இப்பொழுது இப்படி சொல்வதென்ருல் அது மக்களை ஏமாற்றுவதேயாகும். மேலும், ப்ரொக்யுவர்மென்ட் என்று சொல்கிருர்கள்; இங்ஙனம் பயிர் எல்லாம் கரிந்துபோய் இருக்கும்போது எங்கிருந்து நெல் அளப்பது?

ശ്രീ. കളത്തിൽ വേലായുധൻ നായർ: തെക്കൻ തിരുവിതാംകൂറിൽ പല സ്ഥലത്തും പമ്പു വേണമെന്ന് അവിടത്തെ ജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

ஸ்ரீ. ஸி. சங்கர்: இதுபற்றி பல தடவைகளும் பல தீர்மானங்கள் அனுப்பியதுண்டு அங்குள்ள ஜனங்கள்.

ஸ்ரீ. களத்தில் வேலாயுதன் நாயர்: யாருக்கு?

ஸ்ரீ. ஸி. சங்கர்: சர்க்காருக்கு.

ശ്രീ. എ. ജെ. ജോൺ. ഗവണ്മെന്റിന്റെ ഈ പ്രവൎത്തനത്തിൽ തെക്കൻ തിരുവിതാംകൂറിലുള്ള പലരും ഗവണ്മെന്റിനെ അഭിനന്ദിച്ചും സന്തോഷിച്ചും പല കമ്പികളും അയച്ചിട്ടുള്ളതായി അറിയാമോ?

ஸ்ரீ. ஸி. சங்கர்: ஒருகால் சர்க்கார் கட்சி அங்கத்தினர்கள் லெட்டர்களோ, கம்பிகளோ அனுப்பி இருப்பார்களாயிருக்கலாம். மழை இல்லை, ஆகவே தண்ணீர் தட்டுப்பாடுக்காரணமாக கரிவு ஏற்படலாம் என்று எச்சரிக்கை செய்யப்பட்டதை இச்சர்க்கார் கவனிக்கவில்லை. கடைசியில் எல்லாம் கரிந்து முடிந்தபிறகு, ஒரு கண்துடைப்பு வித்தையாக இந்த ஒரு லட்சத்தி இருபதினாயிரம் ரூபாயை செலவு செய்திருக்கிறார்கள். தோவாளை, அகஸ்தீஸ்வரம் மெம்பர் அவர்கள் சொன்னது போல் சர்க்கார் கட்சி அங்கத்தினர்களுக்கு வோட் செய்தவர்களுக்குத் தான் தண்ணீர் கொடுக்கப்பட்டுவருகிறது. தங்களுக்கு வேண்டியவர்களுக்கு தண்ணீர் கொடுப்பதற்காக மந்திரிகள் இங்கிருந்து போணில் உத்தரவு இடுகிறார்கள் என்பது அங்குள்ள ஜனங்களுக்கெல்லாம் தெரிந்ததொரு விஷயமாகும்.

ശ്രീ. എ. കുഞ്ഞൻ നാടാർ: ബഹുമാനപ്പെട്ട മെംബറിന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കൃഷ്ണൻകോവിൽ വെള്ളം വിട്ടിട്ടുള്ളതായി അറിയാമോ?

ஸ்ரீ. ஸி. சங்கர்: தோவாளை தாலுகாவில் ஜலம் வேண்டுமென்று கேட்டபோது கிருஷ்ணன்கோவிலில் ஜலம் விட்டார்கள். நான் இந்த சர்க்காரிடம் கேட்கிறேன், உங்களுக்குவேண்டி வோட் செய்தவர்களுக்கும் உங்களுடைய ஆட்களுக்கும் மாத்திரம் தான் பிரத்தியேகமாக நீங்கள் தண்ணீர் விடுகிறீர்கள், ஏன் இந்த பாரபட்சம்? ஆக, நான் மேற் சொன்ன காரணங்களால் இந்த ஸப்ளிமென்டரி கிராண்டை எதிர்க்கிறேன்.

ശ്രീ. പി.കെ. രാമചന്ദ്രദാസ്: ഞാൻ ഈ വിഷയത്തെ സംബന്ധിച്ച ഒന്നുരണ്ടു കാൎയ്യങ്ങൾ പറയണമെന്നു വിചാരിക്കുന്നു. ഇതിലേക്ക് വെറുതെ ശബ്ദമുണ്ടാക്കി പറയുന്നതുകൊണ്ടൊന്നും കാൎയ്യമുണ്ടാകുമെന്ന് എനിക്കു വിശ്വാസമില്ല. കൃഷിയുടെ ആവശ്യത്തിനുവേണ്ടി വെള്ളം കൊടുക്കുന്ന കാൎയ്യത്തിൽ ഗവണ്മെന്റിൽനിന്നും പല പ്രവൎത്തനങ്ങളും നടത്തിവരുന്നുണ്ടെങ്കിലും കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കാതെയും, ഒരു പറ നെല്ലുപോലും കിട്ടുവാൻ നിവൃത്തിയില്ലാതെയും, ഉള്ള സ്ഥലങ്ങൾ മദ്ധ്യതിരുവിതാംകൂറിൽ പലയിടത്തും ഉണ്ട്. ആ സംഗതിയെ സംബന്ധിച്ച് പല തവണകളായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നിവേദനങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളതാണ്. തെക്കൻ തിരുവിതാംകൂറിലെയും വടക്കൻ തിരുവിതാംകൂറിലെയും സ്ഥലങ്ങളിലെ കൃഷിക്കാൎക്ക് ഗവണ്മെന്റ് ചെയ്തുകൊടുക്കുന്ന കൃഷിസൌകൎയ്യങ്ങൾ മദ്ധ്യതിരുവിതാംകൂറിലുള്ള കൃഷിക്കാൎക്കുകൂടി നൽകുന്ന കാൎയ്യത്തിൽ ദയവായി ചിന്തിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ബുധനൂർപാടം, പുലിയൂർപാടം മുതലായ അനേകായിരം ഏക്കർ കൃഷിസ്ഥലങ്ങൾ കഴിഞ്ഞ മൂന്നുവൎഷങ്ങളായി

വളരെ ദയനീയമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പമ്പാനദിയിൽനിന്നും ബുധനൂർ പാടംവഴിയുള്ള തോട് കുറച്ചു താഴ്ത്തി വെട്ടിയിരുന്നെങ്കിൽ ഈ പ്രകാരമുള്ള നഷ്ടം സംഭവിക്കുകയില്ലായിരുന്നു. പ്രസ്തുത സംഗതിക്ക് ഈ വർഷംതന്നെ പരിഹാരമുണ്ടാക്കണമെന്നപേക്ഷിക്കുന്നു. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ തന്നെ ശരിയായവിധം കൃഷിയെ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങൾ ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്; അവിടെയുള്ള കൃഷിക്കാർക്കും കൃഷിക്കാവശ്യത്തിനുള്ള വെള്ളം കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഇതിനെ അനുകൂലിക்കുന്നു.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஸர், நான் இந்த சப்ளிமென்டரி கிரான்டை எதிர்க்கிறேன். பேச்சிப்பாறையில், சில் லெவலுக்கு கீழிலிருந்து பம்பு செட்டுகள் உபயோகித்து தண்ணீர் கொடுத்ததைப் பற்றியும், அது எல்லோருக்கும் உபயோகமாய் இருந்தது என்றும் மந்திரி அவர்கள் கூறினார்கள். என்னைப் பொறுத்தவரையில் அந்த ஏற்பாட்டை நான் வரவேற்கிறேன். ஆனால் என்னுடைய பராதி என்னவென்றால், அதை நீங்கள் முன்னமே கூட்டி செய்து இருக்கவேண்டும். என்றால்தான் அது மக்களுக்கு உபயோகமாய் இருந்திருக்கும். போன பூவில் அங்குள்ள நிலங்களில் கரிவு ஏற்பட்டது. இந்த பூவில், போன தடவையைவிட மோசமான நிலையில்தான் கரிவு வந்திருக்கிறது. அங்கு, ஆறு பம்புகள் வைத்திருக்கிறார்கள் என்று நினைக்கிறேன். இந்த ஆறு பம்புகளில் நாலு பம்புகள்தான் ஒர்க் செய்துகொண்டு வந்திருக்கிறது, முக்கியமான கட்டங்களில். இரண்டு பம்புகள் ஒர்க் செய்வதற்கு எலக்ட்ரிசிட்டி இல்லை. தண்ணீர் வினியோகத்தை எடுத்துக்கொண்டால் அதில் மிகவும் பாரபட்சம் காண்பித்தார்கள். அதனால் பி. பி. சானல், என். பி. சானல், அனந்தனாறு, தோவாளை சானல் இவைகளெல்லாம் பாதிக்கப்பட்டிருக்கின்றன. ஏழு நாட்களுக்கு ஒரு தடவையாவது இன்றர்வல் சரியானபடி கொடுத்திருந்தால் எல்லா இடங்களும் ஒருவிதமாவது ஒப்பேறியிருக்கும். ஆனால் நேர் மாறாக பாரபட்சம் காண்பித்து, பொதுவாக எல்லா இடங்களுக்கும், அதில் பிரத்தியேகமாக தோவாளை சானலுக்கு வஞ்சகம் செய்திருக்கிறார்கள். தோவாளை சானலை பொறுத்த அளவில் ஜனவரி 27-ம் தேதி முதல் பிப்ரவரி 21-ம் தேதிவரை ஏகதேசம் ஒரு மாதத்திற்கு அங்கு வெள்ளமே விடவில்லை. தோவாளை சானல், எம். எஸ். ரோடுக்கு இந்தப்புறம் ஏகதேசம் 6000 ஏக்கர் நிலங்களுக்கு ஒரு மாதக் காலமாகத் தண்ணீரே விடவில்லை என்பதை இங்கு வருத்தத்துடன் தெரிவித்துக் கொள்கிறேன். ஆனால்வெள்ளவரி என்று ஏக்கர் ஒன்றுக்கு 7 ரூபாய் வீதம் வாங்கிக் கொண்டும் வருகிறார்கள். இதை யாரேனும் Contradict செய்யும்படி கேட்டுக்கொள்கிறேன். ஆக, அந்த எம். எஸ். ரோடுக்கு இந்தப் பக்கம் உள்ள 6000 ஏக்கர் நிலங்களுக்கு , ஒரு ஏக்கருக்கு 7 ரூபாய் வீதம் வெள்ளவரி கொடுத்துக்கொண்டிருந்தும்கூட, அந்நிலங்களுக்கு தண்ணீரே விடவில்லை என்பதை நான் மீண்டும் ஒரு முறை எடுத்துக் கூற விரும்புகிறேன். ஆறு பம்புகள் இருந்தால் என்ன, பதினைந்து பம்புகள் இருந்தால் என்ன, சமயத்தில் தண்ணீர் கிடைக்கவில்லை என்றால் அப்பம்புகளினால் என்ன பிரயோஜனம் என்று நான் கேட்கிறேன்.

போன பூவில் அங்கு பல ஆயிரக்கணக்கான ஏக்கரா நிலங்கள் கரிந்துபோயிற்று. ஆனால் அரசாங்கத்தினிடமிருந்து, 200 ஏக்கர்கள்தான் கரிந்துபோயிற்று என்று பதில் வந்தது. ஏன் இப்படியெல்லாம் மக்களை ஏமாற்றுகிறீர்கள்? தோவாளை சானலில் எம். எஸ். ரோடுக்குக் கீழே ஜனவரி 27-ம் தேதிமுதல் பிப்ரவரி 21-ம் தேதிவரை வெள்ளமே விடவில்லை. அதைப்பற்றி நான் மந்திரி அவர்களுக்குக்கூட போன் செய்தேன். அவர்கள், நாங்கள் பிப்ரவரி 5-ம்தேதிமுதல் 9-ம் தேதிவரை அங்கு வெள்ளம் விட்டிருக்கிறோம் என்று கூறினார். நமது தமிழ்நாட்டு மந்திரிஅவர்களின் இதைப்பற்றிய ஒரு அறிக்கை வந்திருந்தது. அதில் நாங்கள் அனந்தனாற்றிலும், பி. பி. சானலிலும், தோவாளை சானலிலும் வெள்ளம் விட்டிருக்கிறோம் என்று இருந்தது. ஆனால் இதைப்பற்றி பி. டப்ளியு. டி. மந்திரியின் அறிக்கை எதுவும் வரவில்லை. நான் சொல்

[ஸ்ரீ. டி. எஸ், ராமஸ்வாமி]

வது என்னவென்றால் நீங்கள் எதைச் செய்தாலும், எதைச் சொன்னாலும், அதை பொறுப்புடன் சொல்லவேண்டும், பொறுப்பான முறையில் நடக்க வேண்டும். டிவிஷன் ஆபீஸரின் Statement-ல் எங்கெல்லாம் தண்ணீர் விட்டார்கள் என்பதைப்பற்றி கூறப்பட்டிருக்கிறது. மந்திரி அவர்களுடைய ஸ்டேட்மென்டும் மேற்சொன்ன ஆபீஸரின் ஸ்டேட்மென்டும் ஒன்றிற்கொன்று நேர்விரோதமாகத்தான் காணப்படுகிறது. டிவிஷன் ஆபீஸரின் ஸ்டேட்மென்டில், தோவாளை சானலில் 7-2-53-ல் 1 Pump started at 1 a. m. No 2 at 2. 10 a. m , 8-2-53- ல் Sunday both stopped at 10 a m. 9-2-53--ல் 2 Pumps 10 a. m. and 12-35 என்று கூறப்பட்டிருக்கிறது. ஆக, ஆறு பம்பில் ஒரு பம்பு வேலை செய்ய ஆரம்பித்தது 7-ம் தேதி. அதற்கு அப்புறம் இரண்டு பம்புகள் இரண்டு நாட்களுக்கு வேலை செய்யவே இல்லை. பின் வேலை செய்ய ஆரம்பித்ததும் அதையும் நிறுத்திவிட்டார்கள். ஆறாயிரம் ஏக்கர் நிலங்களின் மேல் உள்ள இச்சர்க்காரின் கவனம் அவ்வளவு தூரத்தில் இருக்கிறது.

ஸ்ரீ. ஏ. சிதம்பரநாதநாடார்: என். பி. சானல், பி. பி. சானல், அனந்தனாறு ஈஸ்டு மெயின், தோவாளை சானல், டி. கோடு சானல், புத்தனாறு, நீண்டகரை சானல் போன்ற சானல்களில் தண்ணீர் விடவில்லை என்று மெம்பர் மனதிலாக்கி வைத்திருக்கிறீர்கள்?

ஸ்ரீ. டி. எஸ். ராமஸ்வாமி: சரியானபடி இடைவேளை கொடுத்திருந்தால் இதைவிட கூடுதலாக விட முடியுமாயிருந்தது.

ஸ்ரீ. ஏ. சிதம்பரநாதநாடார்: தென்திருவிதாங்கூரில் கழிந்த பூவின்போது தண்ணீர் கஷ்டம் இருந்தது. இந்தத் தடவையும் தண்ணீர் கஷ்டம் வரப்போகிறது என்று அறிந்த தோவாளை-அகஸ்தீஸ்வரம் மெம்பர் அதைப்பற்றி தமது சுண்டுவிரலையாவது உயர்த்தியது உண்டா?

ஸ்ரீ. டி. எஸ். ராமஸ்வாமி: சுண்டுவிரலை உயர்த்தினால் வெள்ளம் வராது என்று எங்களுக்குத் தெரியும். நாகர்கோவிலில் ஓர்க்ஸ் கமிற்றியில் மந்திரி அவர்கள் இருக்கும்போது தோவாளை-அகஸ்தீஸ்வரம் அங்கத்தினர் பம்புகள் வைக்கவேண்டும் என்றும், உடனே தண்ணீர் அவசியம் என்றும் தீர்மானித்தோம் என்பதை ரெவன்யூ மந்திரிக்குத் தெரியப்படுத்திக்கொள்கிறேன்.

ஸ்ரீ. ஏ. சிதம்பரநாதநாடார்: ஒரு கேள்விகூட. இந்த

Shri. M. M. Abdul Khader: Sir, are there two sets of rules; one for the Ministers and the other for the Members? can the Minister interrupt the member without any restraint?

Mr. Speaker: Unless the Member yields such questions cannot be put. Shri Ramaswami will proceed.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஆக நான் குறிப்பிடுவது இதுதான். பம்பு வைத்தால் அதை சரியானபடி வைக்கவேண்டும். ஆறு பம்புகள் இருந்தால் அதில் நாலு பம்புகளுக்குமேல் ஓர்க் செய்வதில்லை. அதற்கு மேலாக பாரபட்சம் என்பது கூடவே கூடாது. ஒரு பாரபட்சமும் காண்பிக்கக்கூடாது. பி. பி. சானல், என். பி. சானல் போன்ற இடங்களில் கரிவு ஏற்பட்டிருக்கிறது என்பதை ரெவன்யூ மந்திரி அவர்களே ஒப்புக்கொண்டுவிட்டார். ஆகவே அவரும் எங்களுடன் சேர்ந்து தென் திருவிதாங்கூரில் இன்று ஏற்பட்டிருக்கும் கரிவு போன்றவைகளுக்கு நிவாரணம் அளிக்க முயலுவதற்கு தமது சுண்டுவிரலை அல்ல, எல்லா விரல்களையும் உயர்த்துவார்கள் என்றும் முழு முயற்சியும் செய்வார்கள் என்றும் நான் நம்புகிறேன். இவ்வளவு தூரம் கரிவு ஏற்பட்டிருக்கக்கூடிய தென் திருவிதாங்கூரில் லெவியை குறைக்க முடியாது என்று சொல்கிறார்கள். அதைப்பற்றி விரிவாக கூறுவதற்கு வேறொரு சந்தர்ப்பம் வரும், அப்பொழுது அதை உபயோகப்படுத்திக் கொள்கிறேன். அங்குள்ளதைவிட, சித்தூர் தாலூகாவில் ப்ரொக்யுவர்மென்று அதிகம் என்று புள்ளிவிவரங்கள் கூறுகின்றன. ரேட் ஆப் ப்ரொடக்ஷன் நாஞ்சில்நாட்டைவிட

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയർവ്യവസായത്തിനു പ്രോത്സാഹനം കൊടുത്തു വരുന്നുണ്ടെന്നുള്ള വിവരം മെമ്പർക്കറിയാമോ?

ஸ்ரீ. டி. எஸ். ராமஸ்வாமி: பனம்பிள்ளி அவர்களின் பார்லிமென்டரி திறைமையை நான் மெச்சுகிறேன். ஆனால் வெள்ளம் தட்டுப்பாடு காரணமாக பயிர்கள் எல்லாம் பாதிக்கப்பட்டிருக்கும் இந்த சமயத்தில் வெள்ள வரியையும் லெவியையும் கேட்க அரசாங்கத்திதுக்கு உரிமை கிடையாது என்பதையே நான் சுட்டிக் காட்ட விரும்புகிறேன். நான் இதைக் கூற காரணம் என்னவென்றால் ஒரு லட்சத்தி இருபதினாயிரம் ரூபாய் பம்ப் செட் போன்றவைகளுக்கு செலவு செய்திருக்கிறோம் என்று சொல்லி வெள்ள வரியை ஈடாக்கிவிடாதீர்கள் என்றும் சொல்லிவிட்டு நான் இந்த சப்ளிமென்டரி கிறாண்டை எதிர்க்கிறேன்.

ശ്രീ. പ. ഠ. വി. ചെറിയാൻ: സർ, ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നതോടൊപ്പം, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അവർകളും എന്റെ മാന്യസ്നേഹിതൻ പെരുമ്പാവൂർ മെംബർ ശ്രീ. ഗോവിന്ദപ്പിള്ള അവർകളും ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള സ്ഥിതിക്ക് ഞാൻ അതു് ആവർത്തിക്കണമെന്ന് വിചാരിക്കുന്നില്ല. തെക്കൻ തിരുവിതാംകൂറിലും നെയ്യാറിലും കുട്ടനാടു മുതലായ പ്രദേശങ്ങളിലും ഉള്ള കൃഷിക്കാരുടെ ആവശ്യത്തിനു നമ്മുടെ ഗവൺമെന്റ് ധാരാളം പണം വിനിയോഗിച്ചു് അവിടത്തെ കൃഷിക്കാർക്ക് ആശ്വാസം ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്. അതിൽ ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. എന്നാൽ അതുപോലെതന്നെ കാർഷികാവശ്യങ്ങൾ സാധിച്ചുകൊടുക്കേണ്ടതായ മൂവാററുപുഴ, തൊടുപുഴ, കുന്നത്തുനാടു് മുതലായ സ്ഥലങ്ങളിൽ യാതൊന്നും ഗവൺമെന്റ് ചെയ്യുന്നില്ല. അവരോടു് ഗവൺമെന്റ് ഒരു ചിററമ്മ നയമാണു് സ്വീകരിച്ചിരിക്കുന്നതു് എന്നു ഞാൻ സംശയിക്കുന്നു. മൂവാററുപുഴയാററിലും പെരിയാററിലും വളരെ പണം ചെലവുചെയ്തു പ്രസിദ്ധമായ രണ്ടു പദ്ധതികൾ ഗവൺമെന്റുണ്ടാക്കിയിട്ടുണ്ടു്. ഈ പദ്ധതികൾ കടലാസ്സിൽ കിടക്കുന്നതുകൊണ്ടു് അവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രയോജനം ലഭിക്കുന്നില്ല. തൊമ്മൻകുത്തു പദ്ധതി പുനർപരിശോധിക്കുന്നതിൽ ഞാൻ ഗവൺമെന്റിനെ അനുമോദിക്കുന്നു. ഈ രാജ്യത്തുണ്ടായിട്ടുള്ള ഏതൊരു പദ്ധതിയെക്കാളും വിലമതിക്കത്തക്കതാണു്, ഭൂതത്താൻകെട്ടുപദ്ധതിയെന്നു് ഞങ്ങൾക്കു വിശ്വാസമുണ്ടു്. വാഴാനി, നെയ്യാർ, മുതലായ പദ്ധതികൾക്കു്, ഉപകാരപ്പെടുന്ന ഒരേക്കർ സ്ഥലത്തു ജലസേചനം നടത്തുന്നതിന്റെ പ്രാരംഭ ചെലവുകളിലേയ്ക്കു് ആയിരത്തോളം രൂപ ഈ ഗവൺമെന്റ് ചെലവാക്കിക്കൊണ്ടാണിരിക്കുന്നതു്. എന്നാൽ ഭൂതത്താൻകെട്ടുപദ്ധതി നടപ്പാക്കുകയാണെങ്കിൽ ഒരേക്കർ സ്ഥലത്തിനു ൪൦൦ രൂപയിൽ കൂടുതൽ ചെലവുവരികയില്ലെന്നു് വിദഗ്ദ്ധന്മാർ റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. ഏതാണ്ടു ഒരു ലക്ഷത്തോളം ഏക്കർ തരിശായിക്കിടക്കുന്ന ഭൂമികൾ നല്ല വിളഭൂമിയാക്കിത്തീർക്കുവാനുള്ള ഒരു പദ്ധതിയാണിതു്. ഈ പദ്ധതിയെപ്പററി എല്ലാവരും ശ്രദ്ധിക്കണമെന്നും ഈ പദ്ധതി കഴിയുന്നതും വേഗം ശരിയാക്കുന്നതിൽ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും സഹകരിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. തെക്കൻ തിരുവിതാംകൂറിനെ അപേക്ഷിച്ചു് കൂടുതൽ അദ്ധ്വാനിക്കുന്ന ഒരു ജനവിഭാഗമാണു് അവിടെയുള്ളതു്. കുട്ടനാട്ടിലും നാഞ്ചിനാട്ടിലും ഉള്ള ആളുകൾക്കു കൈകൊണ്ടു കൃഷിക്കു വേണ്ടതായ വെള്ളം തേകി കൃഷിസ്ഥലങ്ങളിൽ എത്തിക്കുന്നതിനെപ്പററി പരിചയത്തിൽനിന്നു് അറിഞ്ഞുകൂടാ. ഞങ്ങ

[ശ്രീ. എം. വി. ചെറിയാൻ]

ളുടെ സ്ത്രീപുരുഷന്മാർ രാത്രിയും പകലും അഞ്ചും ആറും ആളുകൾ ഒന്നിച്ചു നിന്നു പത്തും പതിനാറും അടി ആഴമുള്ള സ്ഥലത്തുനിന്നും വളരെ ഉയരത്തിലുള്ള ഭൂമികളിൽ ജലസേചനം നടത്തുന്ന ഭാരിച്ച ജോലിയെങ്ങനെ നടത്തുന്നുവെന്നതു് അറിയേണ്ട ഒരു സംഗതിയാണു്. അവിടെയുള്ള ആളുകളെ സഹായിക്കുന്നതിനാണു് ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പിലാക്കിയിട്ടുള്ളതു്. എന്നാൽ ജലസേചനത്തിനു ഗവണ്മെന്റു പണം ചെലവാക്കുന്നുണ്ടു് എന്നുള്ളതു് അവിടെയുള്ള ജനങ്ങൾ ഇതേവരെ അറിഞ്ഞിട്ടില്ല എന്നു പറയേണ്ടിവന്നതിൽ ദുഃഖമുണ്ടു്.

Mr. Speaker: The House will now adjourn and meet again at 2 p. m. and continue to sit till 3—30 P. M.

The House adjourned for lunch at 1 p. m. and reassembled at 2 p. m. with Mr. Speaker in the Chair.

ശ്രീ. എം. വി ചെറിയാൻ: (തുടർച്ച) സർ, വടക്കൻ തിരുവിതാംകൂറിലെ കാർഷികാവശ്യങ്ങളെപ്പറ്റി പറയേണ്ടിവന്നതിൽ വിഭാഗീയ ചിന്തയ്ക്കു് ഞാൻ വശഗനായി എന്നു് ആരും ധരിക്കരുതെന്നു്

2 p. m.

അപേക്ഷിക്കുന്നു. ഈ സഭാതലത്തിൽ എപ്പോഴും "തെക്കൻ തിരുവിതാംകൂർ" "തെക്കൻ തിരുവിതാംകൂർ" എന്ന ശബ്ദം മുഖരിതമാകാറുണ്ടു്. തെക്കൻതിരുവിതാംകൂറിലെ കാര്യങ്ങൾ എടുത്തു പറയുന്നതിലും അവിടെ വേണ്ട കാര്യങ്ങൾ നടപ്പാക്കുന്നതിലും ഞങ്ങൾക്കു് തെല്ലും ആക്ഷേപമില്ല. പ്രത്യുത സന്തോഷമാണു് ഉള്ളതു്. ഈ രാജ്യത്തെ ഒരു പ്രധാന വിഭാഗവും കാർഷികമായി വളരെ അഭിവൃദ്ധിപ്പെടേണ്ടതുമായ രണ്ടുമൂന്നു താലൂക്കുകളുടെ കാര്യം ഞാൻ പ്രത്യേകം എടുത്തുപറയുന്നു എന്നേ ഉള്ളൂ. ഏറ്റവും ലാഭകരമായ ഭൂതത്താൻകെട്ടു പദ്ധതിയെങ്കിലും പഞ്ചവത്സരപദ്ധതിപ്രകാരം അടുത്തു് അവിടെ നടപ്പാക്കുമെങ്കിൽ അതു് രാജ്യത്തോടു ചെയ്യുന്ന ഏറ്റവും ഗുണകരമായ ഒരു കാര്യമായിരിക്കും. ഉപയോഗത്തെ മാനദണ്ഡമാക്കിയാൽ ഏറ്റവും തുച്ഛമായ ഒരു സംഖ്യകൊണ്ടു് സാധിക്കാവുന്നതായ ഈ പദ്ധതി ഷെൽവ് ചെയ്തു വച്ചിരിക്കുന്നതു് രാജ്യത്തോടു ചെയ്യുന്ന ഏറ്റവും വലിയ ഒരു അപരാധമാണെന്നു് ഭരണകൂടത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ ഏറവുള്ള നിലങ്ങൾ മൃാൽ, മാരി, എന്നു പറയുന്ന ഒരു പ്രത്യേകതയുള്ള കൃഷിസമ്പ്രദായമാണു് സ്വീകരിച്ചിട്ടുള്ളതു്. ആ പ്രദേശങ്ങളിലേയ്ക്കു വമ്പിച്ച തുക ചിലവുള്ളതായ കനാലുകളും മറ്റും വേണമെന്നു ഞങ്ങൾ പറയുന്നില്ല. ലിഫ്റ്റ് ഇറിഗേഷനു് സൗകര്യമാകത്തക്കവിധത്തിൽ എല്ലാ വില്ലേജുകളിലും ഇലക്ട്രിസിറ്റി സപ്ലൈ ചെയ്താൽ അവിടത്തെ ജനങ്ങൾതന്നെ സ്വന്തം കൈമുതൽ മുടക്കി പമ്പുണ്ടാക്കി ലിഫ്റ്റ് നടത്തിക്കൊള്ളും. വമ്പിച്ച സംഖ്യ ചെലവാകുന്ന ഒരു സംഗതിയല്ല അതെന്നു സഭ മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെ അദ്ധ്വാനിക്കുന്ന അവിടത്തെ കൃഷിക്കാരായ സ്ത്രീപുരുഷന്മാരെ സഹായിക്കുവാൻ നമ്മുടെ ബഹുമാനപ്പെട്ട ഗവണ്മെന്റിനു് ബാദ്ധ്യതയുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. ഇതിനു മുമ്പിലത്തെ നിയമസഭയിൽ നമ്മുടെ പ്രധാനമന്ത്രിതന്നെ പ്രാതിനിധ്യം വഹിച്ചിരുന്ന ഒരു പ്രദേശം ഞാൻ ഇപ്പോൾ പ്രതിനിധീകരിക്കേണ്ടിവന്നിരിക്കുകയാണു്. അദ്ദേഹം അന്നു് വാഗ്ദത്തം ചെയ്തു അവിടെ ലിഫ്റ്റ് ഇറിഗേഷൻപദ്ധതി നടപ്പാക്കാമെന്നു്. അതുകേട്ടു് ആളുകൾ സന്തോഷിക്കു

കയും അവിടെ വരമ്പെല്ലാം ശരിയാക്കി കൃഷിക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യുകയും ചെയ്തിട്ട് ഇപ്പോൾ മൂന്നുനാലുവർഷം കഴിഞ്ഞു. ഞാൻ പ്രസ്താവിക്കുന്നതു് വൈക്കം താലൂക്കിലുള്ള മുളക്കുളം എന്ന പകുതിയെ ഉദ്ദേശിച്ചാണ്. ഇലക്ട്രിസിറ്റി ലൈൻ അവിടെക്കു നീട്ടിയിട്ടുണ്ട്. ഇന്നു കിട്ടും വെള്ളം നാളെ കിട്ടും വെള്ളം എന്നു കൃഷിക്കാർ അവിടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഒരു രൂപപോലും ഈ ലിഫ്റ്റിനുവേണ്ടി കൊള്ളിച്ചിരുന്നില്ല എന്നുള്ളതു് വളരെ പരിതാപകരമായിപ്പോയി. ഇനിയെങ്കിലും നമ്മുടെ ഗവൺമെൻറ്, ഈ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ഭൂതത്താൻകെട്ടു പദ്ധതിയെപ്പോലെ മൂവാററുപുഴ റിവർവാലി പദ്ധതിയും തൊമ്മൻകുത്തു പദ്ധതിയും ഷെൽവ് ചെയ്യുകയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു. ഇങ്ങനെയുള്ള ആ പ്രദേശത്തെ കാർഷികാവശ്യങ്ങൾക്കൂടെ സഭയുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. പി. വി. അവിരാതരകൻ: സർ, ഇവിടെ വളരെ അധികം നദികളും തോടുകളുമുള്ളസ്ഥലങ്ങളെപ്പററിയാണു് ഇതേവരെയും പറഞ്ഞുകേട്ടതു്. എന്നാൽ എനിക്കു പറയാനുള്ളതു് നദികളില്ലാത്ത ഒരു താലൂക്കിനെപ്പററിയാണ്. വളരെക്കാലമായി കൃഷിയിലും മററെല്ലാ ഉൽപാദനത്തിലും മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന ചേർത്തല താലൂക്കിൽ ചേർത്തല-ആലപ്പുഴതോടു് വെട്ടുന്നതിൽ യാതൊരു ശ്രദ്ധയും ഗവൺമെൻറ കാണിച്ചിട്ടില്ല. ഈ തോടു് വെട്ടാത്തതുകൊണ്ടു് വളരെ ഏക്കർ സ്ഥലത്തു് ഇന്നു കൃഷിചെയ്യുവാൻ സാധ്യമല്ല. ചെറിയ കൃഷിക്കാരുടെ ആവശ്യത്തിനു വേണ്ടിയും ഗവൺമെൻറ അവിടെ ഒന്നും ചെയ്യുന്നില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഒരു പായിൻറ് ആഫ് ആർഡർ. ഈ സപ്ലിമെൻററിഗ്രാൻറ് ചില പ്രത്യേക വർക്ക്സിനു പണം അനുവദിക്കുന്നതിനെ സംബന്ധിച്ചുള്ളതാണ്. ഇതിൽ ചേർത്തല-ആലപ്പുഴ തോടുവെട്ടിനെപ്പററി പ്രതിപാദിക്കുന്നതു് സംഗതമാണോ എന്നു് അറിഞ്ഞാൽ കൊള്ളാം.

Mr. Speaker: We are not at the discussion of the regular budget now. But the budget session is coming when there will be opportunities for the Members to ventilate their views on the administration of the different Departments. The grant relates only to three items, and the hon. Members should confine their remarks only to these three items; they cannot discuss the general policy now.

ശ്രീ പി. വി. അവിരാതരകൻ: ഇറിഗേഷൻ വർക്കിനെപ്പററിയാണു് ഈ ധനാഭ്യർത്ഥനയിൽ പറയുന്നതു്. ഈ തോടു് വെട്ടുന്നതുകൊണ്ടു് വേഗം അവിടെ ഇറിഗേഷൻ വർക്കു് ഡവലപ്പ് ചെയ്യാം എന്നാണു് ഞാൻ പറയുന്നതു്.

Mr. Speaker: I don't want to restrain the Member in any way. But the hon. Member should bear in mind that we are here discussing three items, *viz*,. Kuttanad Development Scheme, Wadakkancherry River Valley Scheme and the Nanjinad Irrigation Scheme. These are the only three items.

ശ്രീ. പി. വി. അവിരാ തരകൻ: സർ, ഇതിൽ ആദ്യമായി ഡ്രെഡ്ജറിനെപ്പററിയും പറഞ്ഞിട്ടുണ്ട്. ഈ സ്കീമിൽ പറഞ്ഞിട്ടുള്ള ഡ്രെഡ്ജർ ചേർത്തല താലൂക്കിലെ കർഷകർക്ക് കിട്ടിയിട്ടില്ല. ഡ്രെഡ്ജർ അവിടെ കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അനേകം നിവേദനങ്ങൾ ഗവണ്മെൻറിലേയ്ക്കു് അയച്ചിട്ടുണ്ട്. പക്ഷെ അതിനു് ഇതേവരെ യാതൊരു മറുപടിയും കിട്ടിയിട്ടില്ല. ഡ്രെഡ്ജർ നന്നാക്കിക്കൊണ്ട് അതു് കൃഷിചെയ്യുന്ന ആളുകൾക്കു് കൊടുക്കുന്നതിനു ഗവണ്മെൻറ വേണ്ട നടപടികൾ എടുത്തിട്ടില്ല. ൩.൫ ലക്ഷം രൂപാ ഇതിൽ കൊള്ളിച്ചിട്ടുണ്ട്.

"Liabilities to wards land acquisition charges and Dredger hire amounting to Rs. 3.5 lakhs have yet to be adjusted."

എന്നാണ് പറഞ്ഞിരിക്കുന്നതു്. ഞാൻ ഉദ്ദേശിക്കുന്ന ഇതു് കുട്ടനാട്ട് സ്കീമിനുവേണ്ടിയുള്ളതാണെന്നു്. ഈ ഡ്രെഡ്ജർ നന്നാക്കുന്നതിനോ പുതിയ ഡ്രെഡ്ജർ വരുത്തുന്നതിനോ ഗവണ്മെൻറ ഉത്സാഹിച്ചിട്ടില്ല. ചേർത്തല താലൂക്കിൽ ഇറിഗേഷൻ സ്കീംസംബന്ധിച്ചു് യാതൊന്നും ഗവണ്മെൻറ് നടപ്പാക്കിയിട്ടില്ല. അതുകൊണ്ടു സാധാരണക്കാരായ കൃഷിക്കാർക്ക് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഡ്രെഡ്ജർ നന്നാക്കിയെങ്കിലും അവിടെയുള്ളവർക്ക് കൊടുത്തു കൂടുതൽ സ്ഥലത്തു് കൃഷിചെയ്യുവാൻ ഗവണ്മെൻറ ശ്രദ്ധിക്കണമെന്നു് എനിക്കു അപേക്ഷയുണ്ട്. അതുകൊണ്ട് ഡ്രെഡ്ജർ ആവശ്യപ്പെടുന്നവർക്കു് അതു് കൊടുക്കാനുള്ള സന്നദ്ധത ഗവണ്മെൻറ കാണിക്കണമെന്നും അങ്ങനെ അവിടത്തെ കൃഷിക്കാരെ സഹായിക്കണമെന്നുമാണ് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ഈ. കൃഷ്ണൻ നായർ: സർ, ഞാൻ ഈ സപ്ലിമെൻററി ഗ്രാൻറിനെ എതിർക്കുന്നു. ഇവിടെ രണ്ടു മൂന്നു പ്രത്യേക പദ്ധതികളെപ്പററിയാണു പറഞ്ഞതു്. ഈ പദ്ധതികളോടൊപ്പംതന്നെ നമ്മുടെ സംസ്ഥാനത്തേക്കു് ലാഭകരമായ ചില പദ്ധതികൾ എന്റെ നിയോജകമണ്ഡലത്തിലുമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ കാര്യത്തെക്കുറിച്ചു പറയാനുള്ള അവകാശം എനിക്കു ഉള്ളതുകൊണ്ട് ആ അവകാശം നിഷേധിക്കപ്പെടുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ പല വൻപിച്ച പദ്ധതികളെപ്പററിയും സംസാരിച്ചുകൂട്ടത്തിൽ തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചും വടക്കൻ ഭാഗങ്ങളെ സംബന്ധിച്ചുമാണ് അധികം സംസാരിച്ചു കാണുന്നതു്. എന്നാൽ മദ്ധ്യതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം അവിടെ ഇറിഗേഷൻപദ്ധതികൾ നടപ്പാക്കുന്നതിൽ ഇതേവരെ ഗവണ്മെൻറ വേണ്ടത്ര ശ്രദ്ധചെലുത്തിയിട്ടില്ലെന്നു ബഹുമാനപ്പെട്ട ചെങ്ങന്നൂർ മെംബർ മുൻപു പ്രസ്താവിച്ചതിനോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. മദ്ധ്യതിരുവിതാംകൂറിൽ കൊട്ടാരക്കര, കുന്നത്തൂർ, പത്തനാപുരം മുതലായ സ്ഥലങ്ങളെ ഗവണ്മെൻറ ഇപ്പോഴും ഗണിച്ചിട്ടില്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു. ഇന്നത്തെ ട്രാൻസ്പോർട്ടുമന്ത്രി പ്രതിനിധാനംചെയ്യുന്ന നിയോജകമണ്ഡലമാണ് പട്ടാഴി. ആ നിയോജകമണ്ഡലംകൂടി ഉൾപ്പെടുന്ന മേൽപ്പറഞ്ഞ താലൂക്കുകളിൽ ചില തോടുകളും കുളങ്ങളുമുണ്ടാക്കിയാൽ അവിടെ ഇപ്പോഴത്തേക്കാൾ കൂടുതൽ വിളവു വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ അതിനെ

സംബന്ധിച്ചു നിവേദനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട മിനിസ്റ്ററൊ, ഗവൺമെൻറാ അതിനനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല. അവിടത്തെ ജനങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയെ സമീപിച്ച് ഈ കാര്യങ്ങളെല്ലാം ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഈ താലൂക്കുകളെ സംബന്ധിച്ചിടത്തോളം ഒരു ചിററമ്മ നയമാണു ഈ ഗവൺമെൻറു ഇന്നു അനുവർത്തിച്ചുവരുന്നതെന്നുള്ളതു വളരെ പരിതാപകരമാണ്. കല്ലടയാററിലെ വെള്ളംകൊണ്ടു അതിൻെറ തീരപ്രദേശത്തുള്ള ഒരുപ്പൂനിലങ്ങളെല്ലാം ഇരുപ്പൂവാക്കാമെന്നു അവിടത്തെ ജനങ്ങൾ ഗവൺമെൻറിലേയ്ക്കു നിവേദനം ചെയ്തിട്ടുള്ളതായി ഇന്നത്തെ ട്രാൻസ്പോർട്ടുമന്ത്രിക്കും അറിവുള്ള കാര്യമാണ്. എന്നാൽ അതിനെ സംബന്ധിച്ച് യാതൊരുവിധമായ നടപടികളും ഗവൺമെൻറ് ഇതുവരെ സ്വീകരിച്ചു കണ്ടില്ലെന്നു പറയുവാൻ ഇടയായതിൽ ഞാൻ ഖേദിക്കുന്നു. കല്ലടയാററിലെ ജലം ഉപയോഗിച്ച് ലിഫ്ററ ഇറിഗേഷൻ പദ്ധതി നടപ്പാക്കുവാൻ സാധിക്കുമോ എന്നു അറിയുവാൻവേണ്ടി ചുമതലപ്പെട്ട ഒരു ഉദ്യോഗസ്ഥനെ മുൻപ് ഗവൺമെൻറു നിയമിച്ചിരുന്നുവെന്നും, അദ്ദേഹം അവിടം സന്ദർശിച്ച് ലിഫ്ററ ഇറിഗേഷനുവേണ്ട വെള്ളം അവിടെ നിന്നു കിട്ടുകയില്ലെന്നു അഭിപ്രായപ്പെട്ടുവെന്നും കേട്ടിട്ടുണ്ട്. പുനലൂർ പേപ്പർമിൽ അവിടെ സ്ഥിതിചെയ്യുന്നിടത്തോളംകാലം കല്ലടയാററിൽ മനുഷ്യനുൾപ്പെടെയുള്ള സകല ജീവജാലങ്ങളെയും നിഹനിക്കുന്ന വിധത്തിലുള്ള ഒരുമാതിരി തൈലമാണ് ഉള്ളതെന്നു അദ്ദേഹത്തിനു ബോദ്ധ്യമായതുകൊണ്ടായിരിക്കാം അങ്ങനെ അഭിപ്രായപ്പെട്ടതു് അവിടത്തെ കുളങ്ങളും തോടുകളും ഒന്നു പ്രത്യേകമായി പരിഷ്കരിച്ച് വെട്ടുന്നതിനും ആ വിധത്തിൽ ഭക്ഷ്യധാന്യസംവർദ്ധകങ്ങളായ ചില കാര്യങ്ങൾ അവിടെ നടത്തുന്നതിനും ഗവൺമെൻറിൻെറ ശ്രദ്ധയെ ക്ഷണിക്കുന്നതിനുവേണ്ടിമാത്രമാണു ഈ സപ്ലിമെൻററിഗ്രാൻറിനെ ഞാൻ എതിർത്തതു്. ഈ കാര്യങ്ങളിൽ ഗവൺമെൻറിൻെറ ശ്രദ്ധ പതിയുമെന്നും, മദ്ധ്യതിരുവിതാംകൂറിലെ കുന്നത്തൂർ, മാവേലിക്കര, കൊട്ടാരക്കര, പത്തനാപുരം മുതലായ താലൂക്കുകളിൽ കൃഷിക്കാവശ്യമായ വെള്ളംകൊടുക്കുന്ന കാര്യത്തിൽ ഗവൺമെൻറു താമസമെന്യേ വേണ്ടതു ചെയ്യാൻ തയ്യാറാകുമെന്നും ഞാൻ വിശ്വസിക്കുന്നു.

ஸ்ரீ. என். கணபதி: ஸர், இந்த டிமாண்டைப்பற்றி பல மெம்பர்களும் பேசினார்கள். அதில் பேசிய சில வட திருவிதாங்கூர், மத்திய திருவிதாங்கூர் மெம்பர்கள், தென் திருவிதாங்கூர் பிரதேசத்துக்கு ஏராளமாக பணம் ஒதுக்கவும், செலவும் செய்யப்படுகிறதென்றும், வட, மத்திய திருவிதாங்கூர் பிரதேசங்களுக்கு இந்த அரசாங்கம் ஒரு மாற்றாந்தாய் மனப்பான்மை காட்டப்படுகிறதென்றும் கூறினார்கள். ஸர், நான், என்னைப் பொறுத்தமட்டில் நேர்மையாய் கூறுவேனானால், நமது அரசாங்கத்திற்கு பல இனங்களின்மூலம் ஏராளம் வருமானம் கொடுக்க்கூடியதும், தரைமட்டத்திலிருந்து அநேகம் ஆயிரம் அடிகளுக்கு உயரத்திலிருக்கும் மலப்பிரதேசமாகிய தேவிகுளம், பீருமேடு தாலூகாவிலிருந்து வரக்கூடியவன். ஏராளம் வருமானம் தரக்கூடிய இந்தத் தாலூகாக்களை இந்த அரசாங்கம் எந்தவிதமாக நடத்துகிறார்கள் என்றால்—ஒரு மாமியார் தனது மருமகளை அடக்கி ஒடுக்கி ஆள்வதுபோல் தான்-என்பதை மிகவும் வருத்தத்துடன் இந்த சபையில் இந்த சந்தர்ப்பத்தில் கூற ஆசைப்படுகிறேன். ஸர், தேவிகுளம் தாலூகாவில் அஞ்சநாடுஎன்ற 50,000 ஏக்கர் கொண்ட ஒரு பிரதேசமிருக்கிறது. இந்தயிடம் நெற்கிருஷிக்கு சாலவும் பொருத்தமானயிடம். இந்தயிடத்திற்கு பம்பு வழியாகத்தண்ணீர் வர ஏற்பாடு செய்து கொடுத்தால், இந்தயிடம் பொன் கொழிக்கும் பூமியாய்விடும். இந்தப் பிரதேசத்திலிருந்து ஒரு நதி கோயம்பத்தூர் ஜில்லாவுக்கு ஓடிக்கொண்டிருக்கிறது. இந்த நதியின் தண்ணீரை ஒரு அணை கட்டித மதக்

கினால் இந்தப் பிரதேசத்தில் ஆயிரக்கணக்கான ஏக்கர் பூமிகளை வயல்களாக மாற்றலாம். மாத்திரமல்ல, வட்டவடை பிரதேசத்தில் போன வருடம் தண்ணீர் இல்லாமல் 6000 ஏக்கர் நிலம் கரிந்துபோய்விட்டது. இந்தப் பிரதேசத்தில் இரண்டு இடங்களில், அணைகள் கட்ட மூன்று வருடங்களாக ஒரு திட்டம் இருந்துகொண்டிருக்கிறது. திட்டம் இருக்கிறது. ஆனால் இதுவரையில் யாதொன்றும் நடக்கவில்லை என்பதை மிக வருத்தத்துடன் சொல்லிக்கொள்கிறேன். பொதுவாக, சர்க்கார் திட்டங்களெல்லாம் ஆமை வேகத்தில்தான் போகும் என்று பொதுவாகச் சொல்வதுண்டு. ஆனால் இந்த ஆமை வேகத்தில்கூட எங்கள் பிரதேசத்தில் திட்டம் நகர்வதில்லை என்ற புகாரை இங்கு சொல்லிக்கொள்ள ஆசைப்படுகிறேன். லட்சக்கணக்கான ரூபாய் வருமானம் தந்துகொண்டிருக்கிற இந்த இரண்டு தாலூகாவிற்கும், அவைகள்கொடுக்கும் வருமானத்திலிருந்து ஒரு சதமானங்கூட இத்தாலூகாக்களின் வசதிகளுக்காகவும், தண்ணீர் வசதிகளுக்காகவும் செலவு செய்யப்படுவதில்லை என்பது கண்ணீர் வடிக்கக்கூடிய விஷயமாகும். ஸர், இப்பிரதேசங்களுக்கு இந்தவிதமான பாரபட்சம் காட்டுவதென்பது இன்று நேற்றல்ல. சென்ற நூறு வருடங்களாக இப்பிரதேசங்கள் இப்படித்தான் நடத்தப்பட்டு வருகின்றன என்பதை வருத்தத்துடன் தெரிவித்துக்கொள்கிறேன். இப்பிரதேசங்களில் வசிப்பவர்கள் நூறு வருஷங்களுக்குமுன் சென்னை இராஜதானியிலுள்ள, திருநெல்வேலி, மதுரை, ராமநாதபுரம், செங்கல்பட்டு, முதலிய ஜில்லாக்களிலிருந்து இங்கு குடியேறினவர்கள். இவர்கள் இங்கு குடியேறி, மலம்பனி, துஷ்டமிருகங்களும், இன்னும் பல கஷ்டங்களுக்குட்பட்டு, இப்பிரதேசங்களைப் பண்படுத்தி, காடுகளை நாடாக்கினார்கள். அநேகர் இறந்தனர். இன்று அங்கு வாழ்க்கை நடத்துபவர்கள் அதில் எஞ்சியவர்கள். இவர்கள் சொல்லொண்ணா கஷ்டங்கள் அனுபவித்து வருகிறார்கள். ஆகையால் சர்க்கார் மேமலை பிரதேசங்களுக்கு, விவசாயத்திற்கு வேண்டிய வசதிகள் பராபட்சம் காட்டாமல் இனிமேலாவது செய்துகொடுக்கவேண்டுமென்று கேட்டுக்கொண்டு, இந்த சப்ளிமென்டரி கிராண்டை ஆமோதிக்கிறேன்.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഈ ധനാഭ്യർത്ഥനയെ അനുകൂലിച്ചും പ്രതികൂലിച്ചും വളരെ അധികം വിമർശനങ്ങൾ ഇവിടെയുണ്ടായി. ഈ ധനാഭ്യർത്ഥനയെ പ്രതികൂലിച്ചു സംസാരിച്ചവർ ആരും തന്നെ ഈ ധനാഭ്യർത്ഥന അനുവദിക്കാതിരിക്കാനുള്ള യാതൊരുകാര്യങ്ങളും ഈ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. നേരെ മറിച്ചു മററു പല ഇറിഗേഷൻ പദ്ധതികൾ കൂടി ഇതിൽ ഉൾപ്പെടുത്തണമെന്നുള്ളതാണു മിക്കവാറും എല്ലാ ഭാഗത്തുനിന്നും ഉന്നയിച്ചിട്ടുള്ളതു്.

ശ്രീ. വടക്കാഞ്ചേരി മെമ്പർ ഈ ധനാഭ്യർത്ഥനയുടെ അനൗചിത്യത്തെപ്പററി ചില സാങ്കേതികമായ തടസ്സങ്ങൾ ഇവിടെ ഉന്നയിക്കയുണ്ടായി. അതായതു്, ബഡ്ജററ് തയ്യാറാക്കിയ അവസരത്തിൽ ഈ ചെലവുകൾ പ്രതീക്ഷിച്ചിരുന്നില്ലേ? പിന്നെ എന്തു കാരണംകൊണ്ടു് ഇങ്ങനെ ഉപധനാഭ്യർത്ഥനകൾ ഇപ്പോൾ അവതരിപ്പിക്കുന്നു, എന്നു് അദ്ദേഹം ചോദിക്കയുണ്ടായി. അതിനു എനിക്കു പറയാനുള്ള സമാധാനം ഇതു മാത്രമാണു്. ഈ ബഡ്ജററ് തയ്യാറാക്കിയ അവസരത്തിൽ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ വളരെ കൂടുതൽ വേലകൾ മുമ്പോട്ടു പുരോഗമിച്ചുകൊണ്ടിരിക്കയാൽ അന്നു പ്രതീക്ഷിച്ചിരുന്നതിൽ കൂടുതൽ ചെലവുകൾക്കിടയായി. ജനുവരിമാസത്തിൽ തീരുമെന്നു പ്രതീക്ഷിച്ചിരുന്നതിനേക്കാൾ വേലകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനാൽ കൂടുതൽ ധനമാവശ്യമായി വന്നതുകൊണ്ടു് ഈ ധനാഭ്യർത്ഥന അവതരിപ്പിക്കുന്നതാണു്.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ: ലാൻറ അക്വിസിഷനു വേറെ സംഖ്യ ഡൈവർട്ടുചെയ്തു എന്നാണോ പറഞ്ഞതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ചെയ്തിട്ടില്ല. ഈ ഉപധനാഭ്യർത്ഥന കുട്ടനാട്, വാഴാനി, പീച്ചി എന്നീ പദ്ധതികൾക്കായിട്ടാണ്. അതിലേയ്ക്കൊന്നും ഡൈവർട്ട് ചെയ്തിട്ടില്ല. അനുവദിച്ചിരുന്ന തുക അതാതു സ്ഥലങ്ങളിൽതന്നെ ചെലവാക്കിക്കഴിഞ്ഞു. ഇതിലേയ്ക്ക് കൂടുതൽ ലാന്റ് അക്വയർചെയ്തും പണികൾ നടത്തിയും യന്ത്രസാമഗ്രികൾ വരുത്തിയും പ്രതീക്ഷയിൽ കൂടുതൽ ജോലി ചെയ്തുതീർക്കാൻ കഴിയുകയും ചെയ്തു.

പിന്നീട് അദ്ദേഹം ഉന്നയിച്ച സാങ്കേതികമായ ഒരു തടസ്സം, എന്തിനാണു ബഡ്ജററ് വർഷം അവസാനിക്കാറായ ഈ അവസരത്തിൽ ഈ ഉപധനാഭ്യർത്ഥന അവതരിപ്പിച്ചിരിക്കുന്നതു എന്നാണ്. എന്നാൽ അതിനുള്ള കാരണങ്ങൾ ഈ ഗ്രാന്റിനോടുകൂടിത്തന്നെ ചേർത്തിട്ടുള്ള വിശദീകരണത്തിൽ പറഞ്ഞിട്ടുണ്ട്. അതായതു്, വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് അതിലേയ്ക്കാവശ്യമായ തുക കണ്ടിജൻസി ഫണ്ടിൽനിന്നും എടുത്തു ചെലവാക്കി എന്നും അതു റീപ്ലേസ് ചെയ്യുന്നതിനുവേണ്ടി ഈ ഉപധനാഭ്യർത്ഥന അവതരിപ്പിച്ചിരിക്കുകയാണെന്നുമാണ്. അതുകൂടാതെ ഫെബ്രുവരിമാസത്തിലും മാർച്ചുമാസത്തിലുമാണ് ജോലികൾ കൂടുതൽ ചെയ്തു തീർക്കാൻ സൗകര്യമുള്ളതെന്നും, ജോലിചെയ്തുകൊണ്ടിരിക്കുന്ന സ്ഥലത്തുതന്നെ തുടർന്നു ജോലി നടത്തിക്കൊണ്ടിരിക്കുന്നു എന്നും അതുകൊണ്ട് പ്രതീക്ഷയിൽ കവിഞ്ഞുള്ളതായ തുകകൾ ചെലവായതുകൊണ്ടുമാണ് ഈ സമയത്തു ഈ ഉപധനാഭ്യർത്ഥന അവതരിപ്പിക്കുന്നതിനു ഗവണ്മെന്റ് തയ്യാറായതു്.

പിന്നീട്, ഈ കുട്ടനാടു ഡെവലപ്പ്മെന്റ് സ്കീമിനെ സംബന്ധിച്ച് കോട്ടയം മെമ്പർ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതായതു ലാന്റ് അക്വിസിഷൻ സംബന്ധമായി പല ക്രമക്കേടുകളും ഉണ്ടെന്നും അതിനു ന്യായമായ പരിഹാരമുണ്ടാക്കണമെന്നുമാണ്. ഇതിനു മുമ്പും ചില പരാതികൾ ലാന്റ് അക്വിസിഷൻ സംബന്ധിച്ച് ലഭിച്ചിട്ടുണ്ട്. അതിനെക്കുറിച്ചു വളരെ കാര്യമായ അന്വേഷണങ്ങൾ നടത്തുന്നതും അക്വയർ ചെയ്യുന്ന സ്ഥലങ്ങൾക്കു ന്യായമായ പൊന്നുംവില ലഭിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണെന്നും ഈ അവസരത്തിൽ ഞാൻ അദ്ദേഹത്തെ അറിയിക്കുന്നു. ചില പ്രബലന്മാരായ ആളുകളുടെ ആവശ്യപ്രകാരം അലയിൻമെന്റ് മാററുവാൻ പോകുന്നതായി അദ്ദേഹം കേൾക്കുന്നു എന്നു പറയുകയുണ്ടായി. അദ്ദേഹം കേൾക്കുന്നതിൽ യാതൊരു അടിസ്ഥാനവുമില്ലെന്നു അദ്ദേഹത്തെ അറിയിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു.

ഈ റോഡിന്റെയും തോടിന്റെയും അലൈൻമെന്റ് നടത്തുന്നതു വ്യക്തികളുടെ ഗുണം നോക്കിയല്ല, നാട്ടിന്റെ ഗുണത്തെ നോക്കിയാണ്. അതുകൊണ്ടു ഗവണ്മെന്റ് ഈ കാര്യം ആലോചിച്ചതേയില്ല എന്നുള്ള കാര്യവും ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഈ റോഡിന്റെ പ്ലാനിൽ ആദ്യത്തേതിൽനിന്നും യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. ലാൻറ അക്വിസിഷൻ സംബന്ധിച്ച് പല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ അതു മാററുന്നതിനുള്ള ആലോചന ഗവണ്മെൻറിനില്ല എന്നു ഈ അവസരത്തിൽ ഞാൻ അറിയിച്ചുകൊള്ളുന്നു.

പിന്നീട്, പഴയ കൊച്ചീവിഭാഗത്തിൽ ലാൻറ അക്വിസിഷൻ വളരെ സാവകാശമായി പോകുന്നു, വേണ്ടത്ര പുരോഗമിക്കുന്നില്ല, എന്നെല്ലാമുള്ള ആക്ഷേപം ഇവിടെ ഉന്നയിക്കയുണ്ടായി. അതിനെ സംബന്ധിച്ചുള്ള വിശദീകരണം ഞാനീസഭയിൽ തന്നെ ചെയ്യുകയുണ്ടായി. അതായത്, കൊച്ചി വിഭാഗത്തിൽ മുമ്പു നടത്തിക്കൊണ്ടിരുന്നത്, ലാൻറ അക്വിസിഷൻ നടപടികൾ പൂർത്തിയാകുന്നതിനുമുമ്പു ആളുകളുടെ കയ്യിൽനിന്നും സ്ഥലം കൈവശപ്പെടുത്തി പണി പൂർത്തിയാക്കിയതിനുശേഷം പ്രതിഫലം നൽകുകയായിരുന്നു. എന്നാൽ ഇവിടെ വസ്തു കൈവശപ്പെടുത്തി മൂന്നുമാസത്തിനകം വസ്തു ഉടമസ്ഥനു വിലകൊടുത്തില്ലെങ്കിൽ അതിനു പലിശകൂടി കൊടുക്കേണ്ടിവരും. അങ്ങനെ പല കേസുകളിലും ലാൻറ അക്വിസിഷൻ നടപടി പൂർത്തിയാകാതെ മൂന്നു മാസം കഴിഞ്ഞതുകൊണ്ടു വളരെയധികം പലിശ കൊടുക്കേണ്ടതായിവന്നു. അതുകൊണ്ടു ആ നിയമത്തിൽ ഒരു വ്യത്യാസം വരുത്തി ആദ്യമായി ഒരു നിർദ്ദേശം കൊടുത്തു. കൈവശം എടുക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം മൂന്നുമാസത്തിനകം അവക്കു വില കൊടുക്കണമെന്നു് നിർദ്ദേശം കൊടുക്കുകയുണ്ടായി. അപ്രകാരം മൂന്നുമാസത്തിനകം പൂർത്തിയാക്കാൻ നിവൃത്തിയില്ല എന്നുള്ളതുകൊണ്ടു സ്ഥലം കൈവശപ്പെടുത്തി പണി പുരോഗമിപ്പിക്കുവാൻ ഉദ്യോഗസ്ഥന്മാർ മടിച്ചു. മൂന്നുമാസത്തിനകം അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി വില കൊടുത്തില്ലെങ്കിൽ കയ്യിൽനിന്നും കൊടുക്കേണ്ടിവരുമെന്നു വിചാരിച്ചു് ഉദ്യോഗസ്ഥന്മാർ വേല പുരോഗമിപ്പിക്കുന്നതിനു മടിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ അതിനു ആവശ്യമുള്ള സാവകാശം അനുവദിക്കയും അതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു കഴിഞ്ഞിട്ടുണ്ടെന്നും ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

പിന്നീടു ബഹുമാനപ്പെട്ട നേമം മെമ്പർ ഗവണ്മെൻറ് നെയ്യാർ പദ്ധതി ഉപേക്ഷിക്കുവാൻ പോകുകയാണോ എന്നൊരു സംശയം പ്രകടിപ്പിക്കയുണ്ടായി, എന്നാൽ അദ്ദേഹത്തിൻെറ സംശയം അടിസ്ഥാനരഹിതമാണ്. എന്തുകൊണ്ടാണു നെയ്യാർ പദ്ധതിയിൽനിന്നും രണ്ടു ലക്ഷം രൂപ മാററിചെയ്യുവാൻ സൗകര്യപ്പെട്ടതെന്നും ഒരു ചോദ്യത്തിനുത്തരമായി ഈ സഭയിൽ ഞാൻ വിശദീകരിച്ചിട്ടുണ്ടു്. അതായത് സർവെ ചെയ്യാനുള്ള കാലതാമസം, യന്ത്രസാമഗ്രികൾ വന്നുചേരുന്നതിനുള്ള കാലതാമസം എന്നിങ്ങനെയുള്ള കാരണങ്ങളാൽ നേരിട്ടിട്ടുള്ള കാലതാമസംകൊണ്ടു ഈ ആണ്ടിൽ അനുവദിച്ചിട്ടുള്ളതിൽ രണ്ടുലക്ഷം രൂപ ചെലവുചെയ്യാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു മറെറാരു സ്കീമിലേക്കു ഡൈവർട്ടു ചെയ്തതാണു്.

ശ്രീ. എം. ഗോപാലൻ നായർ : ഇള ചാനലിനുള്ള തുകയാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇതു ചാനലിനുവേണ്ടിയുള്ളതാണ്. അതിലേയ്ക്കു ചെറിയ ലാൻറ് അക്വിസിഷൻ മാത്രമാണു നടന്നിട്ടുള്ളതു്.

പാലായിൽനിന്നോ മീനച്ചിൽനിന്നോ ആരോ എല്ലാം വന്നു ഈ നെയ്യാർ പദ്ധതി പുരോഗമിക്കുന്നതിനെ തടയുന്നു എന്നും ഒരു സംശയം പ്രകടിപ്പിക്കയുണ്ടായി. അദ്ദേഹത്തെപ്പോലെ തന്നെ ഉത്തരവാദബോധത്തോടുകൂടി പ്രവർത്തിക്കുന്നവരാണു ഗവണ്മെൻറു ഭാഗത്തുള്ളതു്. അതിനാൽ അങ്ങിനെ ഏതെങ്കിലും പ്രേരണയുടെ ഫലമായി അതിന്റെ പണി നിർത്തുന്നതല്ലെന്നും വിശദമാക്കാൻ ആഗ്രഹിക്കുന്നു. നെയ്യാർ പദ്ധതി നടത്തിക്കൊണ്ടുപോകാനാണുദ്ദേശിക്കുന്നതു്. അലൈൻമെൻറും സർവ്വേയും പൂർത്തിയാക്കുന്നതിനു കുറച്ചു കാലതാമസം ഉണ്ടാകാം. ഇൻവെസ്റ്റിഗേഷൻ കംപ്ലീററായെങ്കിൽ മാത്രമേ പണി തുടങ്ങാൻ സാദ്ധ്യമാകയുള്ളു.

ശ്രീ. എം. ഗോപാലൻനായർ: പഞ്ചവത്സരപദ്ധതിയനുസരിച്ചു ഈ പദ്ധതി പൂർത്തിയാകുമെന്നുറപ്പു തരാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇതു അഞ്ചുവർഷത്തിനകം പൂർത്തിയാകുമെന്നാണു ഗവണ്മെൻറിന്റെ വിശ്വാസം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: അതിൽ ഇനി മൂന്നുകൊല്ലം കൂടിയെയുള്ളു എന്നറിയാമോ?

ശ്രീ. എ. താണുപിള്ള: സർ, ഈ ക്യാച്ചുമെൻറ് ഏരിയാ മുഴുവൻ ഒഴിച്ചെടുക്കാനാണോ ഉദ്ദേശിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിൽ പല കാര്യങ്ങളുമുണ്ടു്. അതേ സംബന്ധിച്ചു പല ഹർജികളും ഗവണ്മെൻറിൽ കിട്ടിയിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: ഈ ക്യാച്ചുമെൻറ് ഏരിയായുടെ വിസ്തീർണ്ണം എന്താണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല. ഞാൻ എന്റെ ഓർമ്മവച്ചുകൊണ്ടു പറയുകയാണു്. ആയിരം ആറിൽ ചില്വാനമോ വീടുകൾ അവിടെയുണ്ടു്. സൂക്ഷ്മമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: അങ്ങിനെയുള്ളവർ കിടക്കാൻ വേറെ സ്ഥലമില്ലാത്തവരാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ പദ്ധതികൊണ്ടു പ്രയോജനമില്ലാതെ വരികയാണെങ്കിൽ ഇതിലേയ്ക്കു ചെലവാക്കുന്ന പണത്തിനു സമാധാനം പറയുന്നതാരാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രയോജനമില്ലാതെ വരികയില്ലെന്നാണ് ഗവണ്മെന്റിന്റെ വിശ്വാസം. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയതിനുശേഷമേ അണകെട്ടാൻപോകുന്നുള്ളു.

പിന്നീട്, തമിഴ്നാട്ടിലെ ചില അംഗങ്ങളുടെ പ്രേരണകൊണ്ടാണ് ഇതു നിർമ്മിക്കാൻപോകുന്നത് എന്നൊരാശങ്ക നേമം മെമ്പർ പുറപ്പെടുവിക്കയുണ്ടായി. അപ്രകാരമുള്ള ആശങ്കകൾക്ക് യാതൊരടിസ്ഥാനവുമില്ല എന്നു ഞാൻ അറിയിച്ചുകൊള്ളട്ടെ.

ശ്രീ. എ. കുഞ്ഞൻ നാടാർ: ലെഫ്റ്റ്ബാങ്ക് ചാനൽകൂടി സൈമൾട്ടേനിയസ്സായി തുടരുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു തൽക്കാലം ഇല്ലെന്നാണു തീരുമാനിച്ചിരിക്കുന്നതു്.

പിന്നീടു പേച്ചിപ്പാറയിലെ വെള്ളം സീലെവലിൽ നിന്നു താഴെ പമ്പുചെയ്തുകൊടുക്കുന്നതിനെക്കുറിച്ചു ചില സംശയങ്ങൾ പുറപ്പെടുവിക്കയുണ്ടായി. അതും സംശയരഹിതമായ ഒരു പദ്ധതിയാണു എന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല. അതു സംബന്ധിച്ചു താൽക്കാലികമായി നടത്തിയ അന്വേഷണത്തിന്റെ ഫലമായി സീലെവലിനു താഴെയുള്ള വാട്ടർ പമ്പുചെയ്തു കൊടുക്കുന്നതിനു വിരോധമില്ലെന്നു മനസ്സിലായി. അതൊരു സ്ഥിരമായനടപടിയാക്കേണ്ടതു് ആവശ്യമാണെന്നും അതുകൊണ്ടു സ്ഥിരമായി യാതൊരു ദോഷവും സംഭവിക്കയില്ലെന്നും അഭിപ്രായപ്പെട്ടിട്ടുണ്ടു്. അതു സ്ഥിരമായ ഒരു പദ്ധതി ആകുന്നതുമാണു്. ആ പദ്ധതിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട നാഗർകോവിൽ മെമ്പർ ചില സംശയങ്ങൾ ഇവിടെ പുറപ്പെടുവിച്ചു. അതുകൊണ്ടു യാതൊരു പ്രയോജനവും ആർക്കും ഉണ്ടായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ആ നാട്ടുകാർ ഈ വെള്ളം ഉപയോഗിച്ചു് കൃഷിചെയ്തു സ്ഥലങ്ങൾ കാണുന്നതിനു എനിക്കിടയായി. നാഞ്ചിനാട്ടുകാർക്കു ഈ പദ്ധതികൊണ്ടു കൃഷിക്കു ബുദ്ധിമുട്ടുകൾ ഇല്ലാതെ വന്നിരിക്കുന്നതുകൊണ്ടു ഇപ്പോഴത്തെ നിലയ്ക്കു ആ പദ്ധതി പ്രയോജനകരമായിട്ടാണു ഗവണ്മെന്റ് കരുതുന്നതു്.

പിന്നീടു ബഹുമാനപ്പെട്ട പാറശാല മെമ്പർ ഒരു കാര്യം ഇവിടെ പ്രസ്താവിക്കയുണ്ടായി. അതായതു എലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റുകാരുടെ സഹകരണക്കുറവുമൂലം ആ സ്ഥലങ്ങളിൽ കൃഷിപ്പിഴ ഉണ്ടായി എന്നു്. അദ്ദേഹം അപ്രകാരം ഒരു പ്രസ്താവന ചെയ്തതു വളരെ നിർഭാഗ്യകരമായിപ്പോയിയെന്നാണു് എനിക്കു് ഈ സഭയെ അറിയിക്കുവാനുള്ളതു്. എന്തുകൊണ്ടാണെന്നുവച്ചാൽ പേച്ചിപ്പാറയിൽ പബ്ലീക്‌വർക്സ് ഡിപ്പാർട്ടുമെന്റും എലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റും ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ നോക്കിയാൽ ഇൻഡ്യയിൽ മറ്റൊരുഭാഗത്തും ഇത്ര ശീഘ്രഗതിയിൽ ഇതുപോലുള്ള പണി നടത്തിയിട്ടുണ്ടോയെന്നു തോന്നിപ്പോകും. ജനവരി ൧൨-ാംനു-യാണ് പമ്പിംഗ് പ്രവർത്തനം ആരംഭിച്ചതു്. ഇതിലേയ്ക്ക് എലക്ട്രിക്ക്‌ലൈൻ ആറരമൈൽ വലിക്കേണ്ടിവന്നു. ൧൭ ദിവസം കൊണ്ടു അവർ ൨൪ മണിക്കൂറും പ്രവർത്തിച്ചു ജോലി പൂർത്തിയാക്കി. ഫെബ്രുവരിമാസം ൫-ാംനു പണി ആരംഭിച്ചു. ഒന്നര ടൺ വീതം ഭാരമുള്ള ആറു പമ്പുകൾ തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിൽനിന്നും

മററും കൊണ്ടുവന്നു അവിടെവച്ചു് സംയോജിപ്പിച്ചു് ഇത്രപെട്ടെന്നു പണി പൂർത്തിയാക്കിയതു് വമ്പിച്ച ഒരു നേട്ടമായിട്ടാണു ഞങ്ങൾ കരുതുന്നതു്. ആ നിലയിൽ സഹകരണക്കുറവുണ്ടായിയെന്നു പറയുന്നതു അദ്ദേഹം ശരിയായി കാര്യം മനസ്സിലാക്കാത്തതുകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു. ഗവണ്മെൻറു് ഈ കാര്യങ്ങളിലെല്ലാം നേരിട്ടു അന്വേഷണം നടത്തിക്കൊണ്ടിരുന്നു. ആ അവസരങ്ങളിലെല്ലാം വളരെ ശുഷ്കാന്തിയോടുകൂടി ജോലി നിർവഹിച്ചുവെന്നാണു ഗവണ്മെൻറിനു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. ഈ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ പമ്പു ഇറക്ട് ചെയ്തതു് ഒരു വലിയ നേട്ടംതന്നെയാണു്. അദ്ദേഹത്തിനു അതിനെപ്പററി എന്തെങ്കിലും തെററിദ്ധാരണകൾ ഉണ്ടെങ്കിൽ അതു മാറേറണ്ടകാലം അതിക്രമിച്ചിരിക്കുന്നുവെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. വമ്പിച്ച പദ്ധതികൾക്കു പണം ചെലവാക്കുകയും ചെറിയചെറിയ പദ്ധതികളെ സംബന്ധിച്ചിടത്തോളം വേണ്ടത്ര ശ്രദ്ധിക്കാതെ വിട്ടുകളയുകയും ചെയ്യുന്നുവെന്നു പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ പ്രസ്താവിച്ചുകേട്ടു. ബഹുമാനപ്പെട്ട ഡെപ്യൂട്ടിസ്പീക്കർ ആലുവായിൽ നടന്നുകൊണ്ടിരുന്ന ഏതോ ജോലി നിറുത്തിവയ്ക്കാൻ ഗവണ്മെൻറ നിർദ്ദേശം കൊടുത്തുവെന്നു ഇവിടെ പറയുകയുണ്ടായി. അതു ശരിയല്ല. 6 ലധികം ലിഫ്ട് ഇറിഗേഷൻ ജോലികൾ പെരിയാററിന്റെ തീരത്തിലും ചാലക്കുടിയിലും നടത്തിവരുന്നുണ്ടു്. ആ പദ്ധതികളെല്ലാം പ്രാരംഭഘട്ടത്തിൽ വിജയകരമായി നടത്താൻ കഴിഞ്ഞിട്ടില്ലെന്നു ഗവണ്മെൻറിനു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ചില സ്ഥലങ്ങളിൽ പ്രയോജനപ്രദമായി പമ്പുചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും ഗവണ്മെൻറിനു മനസ്സിലായിട്ടുണ്ടു്. അതിനുള്ള കറൻറ ചാർജ്ജു് പ്രയോജനം കിട്ടുന്ന ഉടമകളിൽനിന്നും ഈടാക്കണമെന്നാണു ഗവണ്മെൻറ ആഗ്രഹിക്കുന്നതു്. ചില നിലങ്ങളിൽനിന്നു ഏക്കറിനു ൧൫ രൂപ വരെ കറൻറ ചാർജ്ജു് ഈടാക്കണമെന്നു കാണാൻ കഴിയുന്നുണ്ടു്. മററു ചില സ്ഥലങ്ങളിൽ ൫ ൫൦-ം ൨ ൦-ം രൂപ മാത്രമെ കറൻറ ചാർജ്ജ് ഇനത്തിൽ വരികയുള്ളു. വളരെ പണം ചെലവുചെയ്തു ആദ്യമാദ്യം എടുത്തിട്ടുള്ള ജോലികൾ ആദ്യമാദ്യം ചെയ്യണമെന്നു ഗവണ്മെൻറ നിർദ്ദേശം കൊടുക്കും. ആളുകൾ അവരുടെ സ്ഥലങ്ങളിൽ വെള്ളം കിട്ടുന്നതിനു താല്പര്യപ്പെട്ടു ൧൫-ാംമണിക്കൂറിൽ ഉദ്യോഗസ്ഥന്മാരെയും ഗവണ്മെൻറിനെതന്നെയും സമീപിക്കുന്നുണ്ടു്. അടുത്ത വർഷം കൂടുതൽ പമ്പു അനുവദിക്കുന്നതിനു പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടു്. നമ്മുടെ രാജ്യത്തു വടക്കേഅററംമുതൽ മിക്ക ഭാഗത്തും പമ്പുചെയ്തു വെള്ളം കൊടുക്കേണ്ട ഒരു പരിതഃസ്ഥിതിയാണു് നേരിട്ടിട്ടുള്ളതു്. സാധിക്കുന്നിടത്തോളം അതിനു ഗവണ്മെൻറ് ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

ശ്രീ. കെ. പി. കൃഷ്ണ മേനോൻ: മുണ്ടകനു അടിച്ചുകൊണ്ടിരുന്നതു പുഞ്ചയ്ക്കു് അടിയ്ക്കാതെയിരുന്നതു ഗവണ്മെൻറിന്റെ നിർദ്ദേശം അനുസരിച്ചാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു ഗവണ്മെൻറിന്റെ നിർദ്ദേശം ഉണ്ടായിരിക്കണമെന്നില്ല.

ശ്രീ. കെ. പി. കൃഷ്ണ മേനോൻ: ഗവണ്മെൻറിന്റെ ഉത്തരവാദിത്വത്തിൽ ഒരു സ്ഥലത്തു ജോലി തുടങ്ങിയിരിക്കുമ്പോൾ അതു നിറുത്തുന്നതിനു ഗവണ്മെൻറിന്റെ ഉത്തരവു ആവശ്യമില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉദ്ദേശിച്ചതുപോലെ ആ ജോലി വിജയകരമല്ലെന്നുകണ്ടാൽ അതു നിറുത്തുന്നതിനു ഗവണ്മെൻറിന്റെ ഉത്തരവു ആവശ്യമില്ല.

അടുത്തതായി മൂവാററുപുഴആററിന്റെ കരയിൽ നാലുകൊല്ലംമുൻപു ഒരു സ്കീം ആരംഭിച്ചുവെന്നും അതു തുടൎന്നു നടപ്പിലാക്കിയില്ലെന്നും ഒരാക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി. ആവശ്യമുള്ളിടത്തോളം പുരോഗതി അതിലുണ്ടായിട്ടില്ലെന്നു സമ്മതിക്കുന്നു. അതു ഗവണ്മെൻറു് മനഃപൂൎവ്വം ഉപേക്ഷിച്ചതുകൊണ്ടല്ല. പുതിയതായി ലിഫ്റ്റു് ഇറിഗേഷൻ പദ്ധതികൾ ചെയ്യുന്നതിനു പണം കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നു ബഡ്ജററു് വായിച്ചിട്ടുള്ള മെംബർമാൎക്കു് അറിയാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു ചില സ്ഥലങ്ങളിൽ പുതുതായി ചെയ്തുതുടങ്ങാൻ സാധിച്ചില്ല. ഒരുദിവസം കൊണ്ടു എല്ലാ പദ്ധതികളും ചെയ്യാൻ കഴിഞ്ഞുവെന്നു വരികയില്ല. മനഃപൂൎവ്വമായി ഒരു പദ്ധതിയും എടുക്കാതെയിരുന്നിട്ടുമില്ല. കഴിവുള്ളിടത്തോളം ലിഫ്റ്റു് ഇറിഗേഷൻ പദ്ധതികൾ എടുക്കണമെന്നാണു ഗവണ്മെൻറിന്റെ ആഗ്രഹം. ആ അടിസ്ഥാനത്തിലാണു ഗവണ്മെൻറു പ്രവൎത്തിച്ചുവരുന്നതും.

തോവാള ചാനലിലെ വെള്ളം കൊടുക്കുന്ന കാൎയ്യത്തെ സംബന്ധിച്ചു ബഹുമാനപ്പെട്ട തോവാള മെംബർ ചില ആക്ഷേപങ്ങൾ പുറപ്പെടുവിക്കയുണ്ടായി. അദ്ദേഹം ആ സംഗതി മുഴുവനും എന്നെ അറിയിച്ചിട്ടുള്ളതാണു്. പ്രാരംഭാന്വേഷണം നടത്തിയതിൽ അപ്രകാരം പക്ഷപാതപരമായി യാതൊന്നും ചെയ്തിട്ടില്ലെന്നാണു മനസ്സിലാക്കാൻ കഴിഞ്ഞതു്. മററു പല ചാനലിൽനിന്നും വെള്ളം കൊടുക്കുന്നതുപോലെ തോവാള ചാനലിൽനിന്നും വെള്ളം കൊടുത്തിട്ടുണ്ടെന്നാണു അറിയുന്നതു്.

ശ്രീ. ടി. എസ്സു്. രാമസ്വാമി: അതിനെപ്പററി ഒന്നു അന്വേഷിക്കണം. ജനുവരി ൨൭-ാംനു- മുതൽ ഫെബ്രുവരി ൨൮-ാംനു- വരെ ഏകദേശം ൩൦൦൦ ഏക്കർ സ്ഥലത്തു് വെള്ളം പോയിട്ടുണ്ടോ എന്നു ദയവായി ഒന്നു അന്വേഷിക്കണം.

ശ്രീ. കളത്തിൽ വേലായുധൻ നായർ: വെള്ളം എത്തിയില്ലായെന്നു വരാം. വെള്ളം എത്തിക്കാൻ ഗവണ്മെൻറു ശ്രമിച്ചു. ൩൦൦൦ ഏക്കറാണു കരിഞ്ഞുപോയതെന്നു പറഞ്ഞാൽ അതിനോടു ഗവണ്മെൻറിനു സഹതപിക്കുകയേ കഴിയുകയുള്ളു. അല്ലാതെ എന്താണു ചെയ്യാൻ കഴിയുന്നതു്. ഏതായാലും പക്ഷപാതപരമായി ചെയ്യാതെയിരിക്കാൻ വേണ്ട വ്യവസ്ഥ ഗവണ്മെൻറു നേരത്തേതന്നെ ചെയ്തിട്ടുണ്ടു്.

ഈ ധനാഭ്യൎത്ഥനയിൽ ഡ്രെഡ്ജർ എന്നു ഒരു വാക്കു ഉപയോഗപ്പെടുത്തിയതുകൊണ്ടു ബഹുമാനപ്പെട്ട മെംബർ ശ്രീ. അവിരാ തരകൻ ആ ഡ്രെഡ്ജർ വാടകയ്ക്കുകൊടുത്തു കൃഷി പുരോഗമിപ്പിക്കുന്നതിനു ശ്രമിക്കണമെന്നു പറയുകയുണ്ടായി. അതേയവസരത്തിൽ ഗവണ്മെൻറു ഡ്രെഡ്ജർ നന്നാക്കുന്നതിനു ശ്രമിക്കുന്നില്ലെന്നു പറഞ്ഞതു ശരിയല്ല. നാലോ അഞ്ചോ ഡ്രെഡ്ജർ ഉപയോഗശൂന്യമായി കിടന്നതു സ്പെയർ പാൎട്ട്സു് വാങ്ങി നന്നാക്കി ഇപ്പോൾ മിക്കവാറും ഉപയോഗയോഗ്യമാകുമെന്ന നിലയിൽ എത്തിയിരിക്കുകയാണു്. ഉപയോഗയോഗ്യമായി തീൎന്നാൽ ഡ്രെ

വററ ആവശ്യങ്ങൾക്കു വാടകയ്ക്കു കൊടുക്കുന്ന കാര്യം ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നിവൃത്തിയുള്ളപക്ഷം അത്ര വാടകയ്ക്കു കൊടുത്തു കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു ഗവൺമെൻറ് ഒരുക്കമാണ്.

ബഹുമാനപ്പെട്ട കൊട്ടാരക്കര മെമ്പർ കുന്നത്തൂരിലും കൊട്ടാരക്കരയിലുമുള്ള മൈനർ ഇറിഗേഷനെപ്പററി സംസാരിക്കയുണ്ടായി. അവിടെ എന്തെല്ലാം പദ്ധതികൾകൊണ്ടു ലിഫ്‌റ്റ് ഇറിഗേഷൻ നടത്താൻ കഴിയുമെന്നു അന്വേഷിച്ചു നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ധനാഭ്യർത്ഥന അനുവദിക്കാതെയിരിക്കണമെന്നു ആരും ഇവിടെ പറഞ്ഞിട്ടുള്ളതായി തോന്നുന്നില്ല. അതുകൊണ്ടു ധനാഭ്യർത്ഥന അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

The question that a supplementary sum not exceedindg Rs. 9,20,000 be granted under Demand VIII—18 A. Irrigation Works(I) (i) Works and (ii) Extensions and improvements was put and carried

The grant was made.

Demand IX—Local Fund Audit Establishments.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) : I move for a supplimentary grant of Rs. 4,800 under Demand No. IX—25 D (d) Local Fund Audit Establishments.

Shri A. Chidambaranatha Nadar : I second the motion.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ദേവസ്വം നിയമത്തിൽ ദേവസ്വംബോർഡുകളുടെ കണക്കുകൾ ആഡിററുചെയ്യാൻ ഒരു വ്യവസ്ഥയുണ്ട്. അതിനുള്ള അധികാരം ഹൈക്കോടതിക്കാണു വിട്ടുകൊടുത്തിരിക്കുന്നതു്. ആ കണക്കുകൾ ലോക്കൽ ഫണ്ടു ഡിപ്പാർട്ടുമെൻറിൽനിന്നും ആഡിററുചെയ്തു കൊടുക്കണമെന്നു ഹൈക്കോടതി അറിയിച്ചിട്ടുണ്ട്. അങ്ങനെ ആഡിററു ചെയ്യുന്നതിനു രണ്ടു ദേവസ്വം ബോർഡുകളുടെയും സമ്മതത്തോടുകൂടി ലോക്കൽഫണ്ടു ഡിപ്പാർട്ടുമെൻറിൽ ഒന്നുരണ്ടു ആഡിററർമാരെ കൂടുതലായി വച്ചിട്ടുണ്ട്. അവർക്കു കൊടുക്കേണ്ട സംഖ്യ ഈ ദേവസ്വം ബോർഡുകളിൽനിന്നും ഗവൺമെൻറിലേയ്ക്കു കിട്ടുന്നതാണ്. എങ്കിലും കണക്കു ശരിയാക്കുന്നതിനുവേണ്ടി ഗവൺമെൻറ് ചെലവുചെയ്യാനായി ഈ സംഖ്യ സഭ അനുവദിക്കണം. ഇതാണ ൪,൮൦൦ രൂപയുടെ ആവശ്യങ്ങളിൽ ഒന്ന്. മറെറാന്നു പ്രായപൂർത്തി വോട്ടവകാശത്തിന്മേൽ തിരഞ്ഞെടുപ്പുകഴിഞ്ഞ നമ്മുടെ മുനിസിപ്പാലിററികളുടെ സാമ്പത്തികസ്ഥിതിയെപ്പററി അന്വേഷണം നടത്തി ഒരു റിപ്പോർട്ടു നൽകാൻ വേണ്ടി ഒരുദ്യോഗസ്ഥനെ നിയമിച്ചതിനുള്ള ചെലവാണ്. ഇതിനു മുമ്പു ലോക്കൽഫണ്ടു ഡിപ്പാർട്ടുമെൻറിൽ എക്സാമിനറായിരുന്ന ഒരാളെയാണ് ഇതിന്നു് നിയമിച്ചിട്ടുള്ളതു്. ഈ രണ്ടു ആവശ്യങ്ങൾക്കുമായിട്ടാണ് ഇപ്പോൾ തുക ആവശ്യപ്പെട്ടിട്ടുള്ളതു്.

Shri P. S. Nataraja Pillai: For the year 1951-52, were the accounts of the Devaswom Board audited?

Shri Panampilli Govinda Menon: This is the first attempt in the line,

ശ്രീ. പി. എസ്സ്. നടരാജപിള്ള: കഴിഞ്ഞ മൂന്നു കൊല്ലത്തെ കണക്ക് ആഡിററ ചെയ്തിട്ടില്ലയെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ലെന്നാണു തോന്നുന്നതു്.

Shri E. P. Varghese: Could that function [be delegated to some other body?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഹൈക്കോടതി ലോക്കൽ ഫണ്ടു ഡിപ്പാർട്ടുമെൻറിനെക്കൊണ്ടു ആഡിററ ചെയ്യിപ്പിക്കുന്നില്ലെന്നേയുള്ളു. അതിൻെറ ചുമതല ഹൈക്കോടതിക്കുതന്നെയാണു്.

Shri E. P. Varghese: Are there no accountants under their control to do this work? Is that not what is contemplated under the Regulation?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാണെന്നു തോന്നുന്നില്ല. ഹൈക്കോടതിയിൽനിന്നും ഇങ്ങനെയാണു എഴുതിവന്നിരിക്കുന്നതു്.

The question that a supplementary sum not exceeding Rs. 4,800 be granted under Demand IX-25 D (d) Local Fund Audit Establishments was put and carried.

The grant was made.

Demand XII-General Administration.

Minister for Works and Transport (**Shri Kalathil Velayudhan Nair**): Sir, I move for a supplementary grant of Rs. 89,500 under Demand XII. 25- General Administration-H. Miscellaneous-Miscellaneous.

Minister for local Self Government (**Shri K. Kochukuttan**): I second the motion.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൊല്ലം—എറണാകുളം റയിൽവേ പണി സംബന്ധിച്ചു ആവശ്യമായ സ്ഥലം പൊന്നുംവിലയ്ക്കു എടുക്കുന്നതിനു ഒരു സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടു്. ഇൻഡ്യാഗവമ്മെൻറിനുവേണ്ടി ഈ ഗവമ്മെൻറ പൊന്നുംവിലയ്ക്കു എടുക്കുകയാണു് ചെയ്യുന്നതു്. ആ സ്റ്റാഫിൻെറ ചെലവ് ഇൻഡ്യാഗവമ്മെൻറാണു് വഹിക്കേണ്ടതു്. തൽക്കാലം അവർക്കു ശമ്പളംകൊടുക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി ബഡ്ജററിൽ ഒരു തുകയും കൊള്ളിച്ചിട്ടില്ല. അതു കൊണ്ടാണു് ഈ ൮൯,൫൦൦ രൂപയുടെ സപ്ലിമെൻററി ഗ്രാൻറ് ആവശ്യപ്പെടുന്നതു്. സഭ അനുവദിച്ചുതരണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: എടുക്കുന്ന സ്ഥലങ്ങൾക്കു വില കൊടുക്കുന്നതു ഈ ഉദ്യോഗസ്ഥന്മാരാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതെ.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: സർ, ഞാൻ ഡിമാൻറിനെ എതിർക്കുന്നു. ഈ സ്ഥലങ്ങൾ അക്വയർ ചെയ്തതു് അറിഞ്ഞപ്പോൾ വളരെക്കുറച്ചുമാത്രം സ്ഥലമുള്ള പല ആളുകളും പരാതികൾ ഗവമ്മെൻറി

ചെയ്തു അയച്ചിട്ടുണ്ട്. അതിനെപ്പററി ഒരു അന്വേഷണവും നടത്തിയിട്ടുള്ളതായി അറിയുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട സ്ഥലത്തുകൂടി റയിൽവേ കടന്നുപോകുന്നുണ്ട്. അവിടെ സ്ഥലം അക്വയർ ചെയ്തുകഴിഞ്ഞശേഷം............

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവിടെ ഇതുവരെ സ്ഥലം അക്വയർ ചെയ്തിട്ടില്ലല്ലോ.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: അക്വയർ ചെയ്തുവെന്നാണു പലരുടെയും ധാരണ. രണ്ടുമൂന്നു കല്ലുകൾ ഇട്ടിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സ്ഥലം അളന്നുനോക്കിയെന്നേയുള്ളു. അക്വയർ ചെയ്തിട്ടില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ആളുകൾ അക്വയർ ചെയ്തുവെന്നുള്ളധാരണയിൽ പരാതികൾ അയച്ചിട്ട് യാതൊരു മറുപടിയും ഇതുവരെ കൊടുത്തിട്ടില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരു തെററിദ്ധാരണയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരെതിർപ്പാണ് ഇത്. അവിടെ ഇതുവരെ സ്ഥലം അക്വയർ ചെയ്തിട്ടില്ല. അക്വയർ ചെയ്യുമ്പോൾമാത്രമെ ഈ പ്രശ്നം ഉദിക്കുന്നുള്ളു. അതിനുവേണ്ടി ഒരു ധനാഭ്യർത്ഥന അവതരിപ്പിക്കുമ്പോൾ ഈ എതിർപ്പു ന്യായമായിരിക്കും. ഇപ്പോഴുള്ള ഈ എതിർപ്പു അനവസരത്തിലുള്ളതാണെന്നാണ് എനിക്കുതോന്നുന്നത്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: എന്തുതന്നെയായാലും ജനങ്ങൾ പരാതി അയച്ചാൽ അതിനു മറുപടി കൊടുക്കാതെയിരിക്കുന്നതു ന്യായമാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ന്യായമായ അവസരങ്ങളിൽ മറുപടികൊടുക്കും. കോട്ടയത്തു സ്ഥലമെടുക്കുമ്പോൾ കരുനാഗപ്പള്ളിയിൽനിന്നും ആക്ഷേപം അയച്ചാൽ ചിലപ്പോൾ മറുപടികൊടുത്തില്ലെന്നു വരും.

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു. ഇതുവരെ കോട്ടയത്തിനും, എറണാകുളത്തിനും മദ്ധ്യേ ഇന്നയിന്ന സ്ഥലങ്ങളിൽക്കൂടിയാണു റയിൽവേ പോകുന്നതെന്നു ഖണ്ഡിതമായ തീരുമാനമെടുക്കാത്തതുകൊണ്ടു ആളുകൾ വളരെ വിഷമിക്കുകയാണ്. പ്രധാനമായി വീടുകൾ പണിതുകൊണ്ടിരിക്കുന്നവരും സ്ഥലം വിൽക്കാൻ ഉദ്ദേശിക്കുന്നവരും വീടുപൊളിച്ചുമാറേറണ്ടവരും അതുപോലെതന്നെ സ്ഥലം വാങ്ങിക്കാൻ ഉദ്ദേശിക്കുന്നവരുമായ വമ്പിച്ച ഒരു വിഭാഗം ആളുകൾ ഇപ്പോൾ വളരെ ബുദ്ധിമുട്ടിലാണു കഴിഞ്ഞുകൂടുന്നത്. ഏതു ലൈനിൽക്കൂടിയായിരിക്കും എന്നു തീരുമാനിച്ചുകഴിഞ്ഞാൽ അവരവരുടെ ആവശ്യംപോലെ സംഗതികൾ നടത്തുന്നതിനു സാധിക്കുമായിരുന്നു.

പഴയിടത്തും പൊന്നുംവിലയ്ക്കു എടുത്തസ്ഥലങ്ങൾക്കു വിലകൊടുക്കുന്ന കാര്യത്തിൽ ഒരു ന്യായദീക്ഷ കാണിക്കുന്നില്ലെന്നും പരാതിയുണ്ട്.

അതായതു്, ചിലർക്കു കൂടുതൽ തുകയും മററു ചിലർക്കു കുറവും കിട്ടാൻ ഇടയാകുന്നുണ്ടു്. ഏററുമാനൂർ, കടുത്തുരുത്തി മുതലായ സ്ഥലങ്ങളിൽ എവിടെയാണു് റയിൽവേസ്റ്റേഷൻ എന്നു ഖണ്ഡിതമായി തീരുമാനിക്കാത്തതുകൊണ്ടു് ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടു്. ഈ വക കാര്യങ്ങളെല്ലാം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപെടുത്തിയിട്ടുള്ളതാണു്. പക്ഷെ, ഇതുവരെ ഗവണ്മെൻറിൻെറ നിലപാടു വ്യക്തമാക്കിയിട്ടില്ല. ഈ ഡിമാൻറിനെ എതിർത്തുകൊണ്ടു ഗവണ്മെൻറിൻെറ നിലപാടു എന്താണെന്നു വ്യക്തമാക്കാൻ ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

Shri A. A. D. Luiz : Is it necessary to get the previous sanction of this House for expending this amount especially when this item is for the Government of India who will reimburse this Government later ?

Mr. Speaker : The Minister in charge of the subject is in possession of the House. If he has anything to say he can do so on this point.

Shri A. A. D. Luiz : But this particular item belongs purely to the Government of India.

Mr. Speaker : But the land belongs to Travancore.

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇൻഡ്യാഗവണ്മെൻറിൻെറ ഏജൻെറന്ന നിലയിലാണെങ്കിലും തൽക്കാലം ഈ പണം ചെലവുചെയ്യാനുള്ളതു് ഈ ഗവണ്മെൻറാണു്. അതുകൊണ്ടു അതിലേയ്ക്കു ഈ സഭയുടെ അനുവാദം ആവശ്യമാണു്.

ശ്രീ. ഏ. താണുപിള്ള : ഈ ലാൻറു അക്വിസിഷനെ സംബന്ധിച്ചു് ഇൻഡ്യാഗവണ്മെൻറിൻെറ ലാ ആണോ, നമ്മുടെ ലാ ആണോ അപ്ലൈ ചെയ്യുന്നതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇൻഡ്യാഗവണ്മെൻറിൻെറ ലായാണു്.

ശ്രീ. ഏ. താണുപിള്ള : അങ്ങനെയാണെങ്കിൽ പതിനഞ്ചു ശതമാനം സൊലേഷ്യം കൊടുക്കുന്നതിനു് ഇൻഡ്യാഗവണ്മെൻറിൻെറ ലായിൽ പ്രൊവിഷനുണ്ടു്. അതുകൊണ്ടു അതറിയാൻ വേണ്ടി ചോദിച്ചതാണു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിനെപ്പററി നോക്കിയതിനുശേഷമേ പറയാൻ സാധിക്കുകയുള്ളു. സർ, ഞാൻ ഒന്നു തിരുത്തിക്കൊള്ളട്ടെ.

ഇൻഡ്യാഗവണ്മെൻറിൻെറ ലാ അനുസരിച്ചാണു സ്ഥലം അക്വയർ ചെയ്യുന്നതെന്നു പറഞ്ഞതു ശരിയല്ല, നമ്മുടെ ലാ അനുസരിച്ചാണു്.

ശ്രീ. എം. ഗോപാലൻ നായർ : സ്ഥലം അക്വയർചെയ്യുന്നതിനു പ്രാരംഭമായി സർവ്വേനടത്തുകയും കല്ലിടുകയും മററും ചെയ്യുമ്പോൾ വസ്തു ഉടമസ്ഥന്മാരുടെ അനുവാദം വാങ്ങുകയും, അവരുടെ പരാതികൾക്കു ഒരു മറുപടിയെങ്കിലും അയയ്ക്കുകയും ചെയ്യേണ്ടതു ഗവണ്മെൻറിൻെറ ചുമതലയല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അനുവാദംകൂടാതെ പ്രവേശിച്ചിട്ടുള്ളതായി പരാതികൾ കിട്ടിയിട്ടില്ല.

അലൈൻമെൻറ മിക്കവാറും പൂർത്തിയായി. കൊല്ലം-എറണാകുളം റയിൽവെയ്ക്കു ഇൻഡ്യാഗവണ്മെൻറിൽ നിന്നും ഒരു തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. അതു ഇക്കൊല്ലത്തിൽ തന്നെ ചെലവുചെയ്യണമെന്നുദ്ദേശിച്ചാണു ഈ ഗവണ്മെൻറിൽനിന്നും തൽക്കാലം ഈ തുക ചെലവുചെയ്യണമെന്നുദ്ദേശിക്കുന്നതു്. പ്രാരംഭമായി എർത്തുവർക്ക് ആരംഭിച്ചിട്ടുണ്ട്?

ശ്രീ. ഏ. താണുപിള്ള: ഏറ്റെടുത്തിരിക്കുന്ന സ്ഥലങ്ങളിൽ അലൈൻമെൻറ ചെയ്തതുതന്നെ എടുക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോഴും എൻജിനിയേഴ്സ് ലൈൻ മാർക്കുചെയ്തു മുന്നോട്ടുകൊണ്ടുപോകുകയാണ്. മാർക്കുചെയ്ത ലൈൻ അനുസരിച്ച് സ്ഥലങ്ങളും എടുക്കുന്നതാണ്.

The question that a supplementary sum not exceeding Rs. 89,500 be granted under Demand XII-25 General Administration. H. H. Miscellaneous-Miscellaneous-was put and carried.

The grant was made.

Demand XIII-27 (b) Law Officers.

Minister for Home Affairs (**Shri T. M. Varghese**): Sir, I move for a supplementary grant of Rs. 5,600 under Demand No. XIII-27 (b) Law Officers-Contingencies-Fees to Vakils.

Chief Minister (**Shri A. J. John**): I second the motion.

Shri T. M. Varghese: A statment has been appended to the list furnished to the Members from which the reason why this supplementary grant is asked for could be gathered. It will be seen therefrom that it is not actually a fresh amount by way of a supplementary grant that is asked for. Originally as the expenditure involved in the grant asked for now could not have been accurately estimated, or anticipated in advance a specific provision was not made. A sum of Rs. 26,600 was the expenditure involved on this account. This was met and what is asked for is to make the necessary adjustment in the accounts so as to avoid a technical flaw in accounting.

There is a sum of Rs. 21,000 found as savings in the Department which can be directed for expenses incurred for the conduct of cases in the Supreme Court. As this sum of Rs. 21,000 has been found by diversion the present demand is only for the balance, Rs. 5,600. I trust the House will sanction the grant.

Shri M. M. Abdul Khader : Sir, we would like to get some information on that matter.

Mr. Speaker: The Minister has resumed his seat. But any Member who wants to oppose or support the demand could do so.

Shri M. M. Abdul Khader: It is not so much to oppose it for its own sake but to get some impotant information. Sir, there is the Advocate-General who is supposed to be in charge of Government cases. He has to conduct cases as we understand the position all the year round and simply because his work takes him to Delhi, I do not find any need why he should be paid any excess remuneration apart from the travelling allowances. If what we hear is true, it appears Rs. 300 is allowed to him per diem for appearance at Delhi. If we can secure a competent legal adviser at a lower rate than this, I do not understand why we should not avail of it. At a time when cuts are being effected in the expenditure of the State resorting to even undesirable ways, I would only put it to the Minister to reduce expenditure by not incurring this sort of expenditure.

Shri A. A. D. Luiz : For appearance at the Supreme Court does the Member want Government to invite tenders ?

Shri M. M. Abdul Khader : Advocates are not there to accept tenders. The hon. Member may not know that.

Shri A. A. D. Luiz: How is legal advice to be obtained then?

Shri M. M. Abdul Khader : There are Agents and Solicitors in Delhi who would do the work for Government.

Shri A. A. D. Luiz : That is at a still higher rate.

Shri T. M. Varghese: For the information of the Member I may say that the sum of Rs. 300 allowed for the Advocate General is not after all a big amount. According to the rules of the Supreme Court, a senior lawyer is entitled to a fee of 60 gold mohurs for briefing and for refresher 25 gold mohurs per day. A junior is entitled to 40 gold mohurs for briefing and for refresher 20 gold mohurs per day, 1 gold mohur being equal to Rs. 16. The amounts will thus come to about a thousand rupees, whereas our payment is only Rs. 300 per diem. This is the position. The rule in regard to the Advocate-General's appearance in Courts is that the Advocate-General is not ordinarily called upon to argue cases either in the High Court or in other courts. Government Pleaders in the High Court and the District Courts will argue cases in the High Court on behalf of Government and Government pleaders in the District Courts will argue cases for the Government in the District Courts. If on any occasion the Advocate General is called upon to argue a case in the High Court under special instruc-

tions from Government, the usual practice is that he will be paid Rs. 100 per day of his appearance in the High Court. That is not a new rule. That has all along been the rule. That is the practice here, in Madras and other places.

Mr. Speaker: The explanation is satisfactory, I suppose.

The question that a supplementary sum not exceeding Rs. 5,600 be granted under Demand XIII - 27 (*b*) Law Officers - Contingencies-Fees to Vakils, was put and carried.

The grant was made.

Demand XXVII-50. **Civil Works**.

Mr. Speaker: I would request the hon. Minister for Works and Transport to move the Demands under Demand XXVII-50 Civil Works (b) Original Works-Communications (vii) Special Surfacing Fund Works and Demand XXVII-50. Civil Works (c) Original Works-Miscellaneous (ii) Postwar Reconstruction Works together. It may cover Rs. 7,31,430.

Minister for Works and Transport (**Shri Kalathil Velayudhan Nair**): Sir, I move for a supplementary grant of Rs. 7,00,000 under Demand XXVII-59. Civil Works (b) Original Works-Communications (vii) Special Surfacing Fund Works and Rs. 31,430 under Demand XXVII-50. Civil Works (c) Original Works Miscellaneous (ii) Postwar Reconstruction Works.

Minister for Local Self-Government (**Shri K. Kochukuttan**): I second the motion.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ബഡ്ജററ് തയ്യാറാക്കുമ്പോൾ ഉദ്ദേശിച്ചിരുന്നതിനേക്കാൾ കൂടുതലായി വന്നിട്ടുള്ള ചെലവുകൾക്കാണ് ഈ ഏഴുലക്ഷം രൂപ ആവശ്യപ്പെട്ടിരിക്കുന്നത്. പണം അനുവദിച്ചിരുന്നതുകൊണ്ട് മതിയാകാതെ വന്നിട്ടുള്ളതിനാലും മുമ്പ് ബഡ്ജററ് തയ്യാറാക്കുമ്പോൾ ഈ റോഡുകളുടെ ജോലി നടത്തണമെന്നു തീരുമാനിച്ചിട്ടില്ലാതിരുന്നതുകൊണ്ടുമാണ് ഇപ്പോൾ ഈ തുകയുടെ ആവശ്യം വന്നിട്ടുള്ളത്. അതുപോലെതന്നെ [അത്യാവശ്യമായി] ആലപ്പുഴ പിയർ വർക്കിനും വിഴിഞ്ഞം ഹാർബർ വർക്കിനുള്ള ചെലവിനും ൩൧,൪൩൦ രൂപ വേണ്ടിവരുന്നുണ്ട്. മേൽപ്പറഞ്ഞ സ്പെഷ്യൽ ജോലികളുടെ ചെലവുകൾക്കും, ആലപ്പുഴ പിയർ വർക്കിനും വിഴിഞ്ഞം ഹാർബറിലേയ്ക്കുമുള്ള ചെലവുകൾക്കും കൂടിയാണ് ഈ ൭,൩൧,൪൩൦ രൂപ ആവശ്യപ്പെടുന്നത്. ഇത് ഈ സഭ അനുവദിച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ൧൯൪൭-ലെ ബഡ്ജററിൽ സംഖ്യ കൊള്ളിച്ചതിനുശേഷം ഇതുവരെ തുക ബഡ്ജററിൽ ചേർക്കാതിരുന്നത് എന്തുകൊണ്ടാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെൻറിൽനിന്നും എടുത്ത വർക്കുകളുടെ കൂട്ടത്തിൽ പിന്നീട് നടത്താനായി പണം ചേർക്കാതിരുന്നതാണ്.

ശ്രീ. ഏ. താണുപിള്ള : ഒരു കൊല്ലം എത്ര മൈൽ റോഡു തീരണമെന്നാണ് പ്രോഗ്രാം ചെയ്തിട്ടുള്ളത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഈ കൊല്ലം ൧൩ മൈൽ ആണ്.

ശ്രീ. ഏ. താണുപിള്ള : ഇങ്ങിനെ ഓരോ ആണ്ടിലും എത്ര കൂടി ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ൨൦൦ മൈൽ.

ശ്രീ. ഏ. താണുപിള്ള : ഈ കഴിഞ്ഞ ഡിസംബർ അവസാനം ൩ ലക്ഷം രൂപ ചെലവു വന്നിരിക്കുന്ന നിലയ്ക്ക് ഇനി ബാക്കിയുള്ള മൂന്നുമാസത്തേയ്ക്കു ഇത്രയും സംഖ്യ ആവശ്യപ്പെട്ടിരിക്കുന്നതിന്റെ ഉദ്ദേശമെന്താണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഡിസംബർ അവസാനത്തിനു ശേഷമാണ് അതിന്റെ കൂടുതൽ വർക്കുകൾ നടന്നിട്ടുള്ളത്.

ശ്രീ. ഏ. താണുപിള്ള : എത്ര റോഡുകൾ ഒരാണ്ടിൽ തീർക്കണമെന്നു വല്ല സ്കീമും ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കുറഞ്ഞപക്ഷം ഒരാണ്ടിൽ ൨൦൦ മൈൽ റോഡു ടാർ ചെയ്യണമെന്നാണ്. പ്രധാനമായി ഷേർത്തല റോഡ്, ആലപ്പുഴ-മട്ടാഞ്ചേരി റോഡ് ഇതെല്ലാം താമസിയാതെ തീർക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. ഏ. താണുപിള്ള : ഒരു ഡിസ്ട്രിക്ടിൽ എത്ര മൈൽ വീതം തീർക്കണമെന്നു വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഒരു ഡിസ്ട്രിക്ടിൽ ഇത്ര മൈൽ എന്നു നിർദ്ദേശിച്ചിട്ടില്ല.

ശ്രീ. ഏ. താണുപിള്ള : തിരുവനന്തപുരം ഡിസ്ട്രിക്ടിൽ അങ്ങിനെയുള്ള ജോലികൾ നടന്നിട്ടുള്ളതായി ഞാൻ കണ്ടിട്ടില്ല. അതുകൊണ്ടാണ് ചോദിക്കുന്നത്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : തിരുവനന്തപുരം ഡിസ്ട്രിക്ടിൽ കിഴക്കേക്കോട്ടയ്ക്കു സമീപം തന്നെ ഇപ്പോൾ ടാർക്രീറ്റ് ചെയ്യുന്നുണ്ട്. അതുപോലെ നാഗർകോവിൽ-ആരുവാമൊഴി റോഡും ജോലി ആരംഭിക്കുന്നുണ്ട്. അതുകൊണ്ട് തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ഇല്ലെന്നു പറയുന്നതു ശരിയല്ല.

ശ്രീ. ഏ. താണുപിള്ള : ഒരു മൈൽ റോഡു ടാർ ചെയ്യുവാൻ എന്തു ചെലവു വരും?

ശ്രീ. കളത്തിൽ വേലായുധൻ നായർ : Black topping മൂന്നു വിധത്തിൽ നടത്തുന്നുണ്ട്. ഒരു മൈലിനു ൨൫,൦൦൦ രൂപ മുതൽ ൩൦,൦൦൦ രൂപ ചെലവുവരും.

ശ്രീ. ഓ. സി. നൈനാൻ : ഈ ൩൨,൪൩൦ രൂപ കൊടുക്കേണ്ടതു് ഏതു കൊല്ലത്തേതാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ൧൧൨൮-൧൨൯-ൽ.

The question that a supplementary sum not exceeding Rs. 7,31,430 be granted under Demand XXVII - 50 Civil Works, (*b*) Original Works - Communications (vii) Special Surfacing Fund Works and (*c*) Original Works - Miscellaneous (ii) Post war Reconstruction Works- was put and carried.

The grant was made.

Demand XXIX - 55 Superannuation and Retired Allowances, Compassionate Allowances and Gratuities.

[3 P. M.]

Mr. Speaker: I would request the Minister for Finance to move the demands under Demand XXIX 55 (*a*) Superannuation and retired allowances, Demand XXIX - 55 (*b*) Compassionate Allowances, and Demand XXIX 55 (*c*) Gratuities. The total sum is Rs. 2,44,000.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): Sir, I move for a supplementary grant of Rs. 2,44,000 under Demand No. XXIX-55-Rs. 2,00,000 for (*a*) Superannuation and Retired llowances, Rs. A11,000 for (*b*) Compassionate Allowances and Rs. 33,000 for (*c*) Gratuities.

Chief Minister (**Shri A. J. John**): I second the motion.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള സംഖ്യകൊണ്ടു മതിയാകാതെ വന്ന കാരണത്താലാണ് ഇപ്പോൾ ഈ സംഖ്യയുടെ ഒരു ഉപധനാഭ്യർത്ഥന കൊണ്ടുവന്നിട്ടുള്ളതു്. ബഡ്ജററ തയ്യാറാക്കിയ അവസരത്തിൽ പെൻഷൻ അനുവദിക്കുന്ന കാര്യത്തെ സംബന്ധിച്ച് കുറെ കാലതാമസം ഉണ്ടായിരുന്നു. എന്നാൽ പെൻഷൻ അനുവദിക്കുന്ന കാര്യം ഇപ്പോൾ ത്വരിതപ്പെടുത്തീട്ടുണ്ട്. ൨൦൦-ൽ ചില്വാനം പേരുടെ പെൻഷൻ ഇനിയും കൊടുത്തുതീർക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് ഇപ്പോൾ ഈ സപ്ലിമെൻററി ഗ്രാൻറ് ആവശ്യപ്പെടുന്നതു്. ഇതു് അനുവദിച്ചുതരണമെന്ന് ഞാൻ സഭയോട് അപേക്ഷിക്കുന്നു.

The question that a supplementary sum not exceeding Rs. 2,44,000 be granted under Demand XXIX-55,—Rs. 2,00,000 for (*a*) Superannuation and Retired Allowances, Rs. 11,000 for (*b*) Compassionate Allowances, and Rs. 33,000 for (*c*) Gratuities, was put and carried.

The grant was made.

Demand XXXII—63 B Community Development Projects.

Chief Minister (**Shri A. J. John**) : Sir, I move for a supplementary grant of Rs. 11,00,000 under Demand XXXII—63 B—Community Developement Projects.

Minister for Home Affairs (**Shri T. M. Varghese**): I second the motion.

ശ്രീ. എ. ജെ. ജാൺ: ഇക്കൊല്ലത്തെ ബഡ്ജററ് തയ്യാറാക്കിയ അവസരത്തിൽ കമ്മ്യൂണിററി പ്രോജക്ററിനു വേണ്ടി തുകയൊന്നും ചേർത്തിരുന്നില്ല. എന്നാൽ പിന്നീട് ൧൯൫൨ ജൂലൈയ് ൨൨-ാം തീയതിയും, നവംബർ ൬-ാം തീയതിയുമായി ആകെ ൧൭,൧൬,൦൦൦ രൂപാ അതിലേയ്ക്കുവേണ്ടി ഈ സഭ അനുവദിച്ചിട്ടുണ്ട്. ഈ തുക ൪൩ (എ) ഇൻഡസ്ട്രീസ് ആൻഡ് സപ്ലൈസ്, ൭൨ കാപ്പിററൽ ഔട്ട്ലെ എന്നീ ഹെഡ്ഡുകളിലാണ് ചേർത്തിരിക്കുന്നത്. കേന്ദ്രഗവൺമെൻറിൻെറ ഇപ്പോഴത്തെ നിർദ്ദേശമനുസരിച്ച് കമ്മ്യൂണിററി പ്രോജക്ററുകൾക്ക് വേണ്ടി ചെലവാക്കുന്ന തുക ൬൩ (ബി) കമ്മ്യൂണിററി ഡെവലപ്പ്മെൻറ് പ്രോജക്ററ്സ്, ൮൫ (എ) കാപ്പിററൽ ഔട്ട്ലേ ഓൺ സ്റ്റേററ് ട്രേഡിംഗ് സ്കീംസ് എന്നീ പുതിയ ഹെഡ്ഡുകൾ ചേർക്കേണ്ടിയിരിക്കുന്നു. കമ്മ്യൂണിററി പ്രോജക്ററിനുവേണ്ടി ഇതേവരെയുള്ള ചെലവു വച്ചുനോക്കിയാൽ ഇക്കൊല്ലത്തേയ്ക്ക് ആകെ ൧൫ ലക്ഷം രൂപാ മതിയാകുമെന്നാണ് ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്നത്. അതിനാൽ ഇതിലേയ്ക്ക് സഭ, ആദ്യം പറഞ്ഞ ഹെഡ്ഡുകളിലായി അനുവദിച്ചിട്ടുള്ള ൧൭,൧൬,൦൦൦ രൂപാ സറണ്ടർ ചെയ്യുന്നു. അതിനു പകരം മുൻപറഞ്ഞ രണ്ടു പുതിയ ഹെഡ്ഡുകളിലായി ൧൫ ലക്ഷം രൂപാ (൬൩ (ബി)യിൽ ൧൧ ലക്ഷം രൂപായും) ൮൫ (എ)യിൽ ൪ ലക്ഷം രൂപായും) അനുവദിക്കേണ്ടിയിരിക്കുന്നു. അതിൽ ൬൩ (ബി) കമ്മ്യൂണിററി ഡെവലപ്പ്മെൻറ് പ്രോജക്ററിൽ ൧൧,൦൦,൦൦൦ രൂപാ സപ്ലിമെൻററി ഗ്രാൻറ് അനുവദിക്കണമെന്ന് ഞാൻ ഇപ്പോൾ സഭയോട് അഭ്യർത്ഥിക്കുന്നു.

Shri A. A. D. Luiz : Will the whole expenditure be borne by the Government of India or only a part?

Shri A. J. John : The total expenditure will be Rs. 65,00,000 the Government of India will give us Rs. 24 lakhs and the balance will have to be borne by our Government.

Shri A. A. D. Luiz: Is it a fact that timely sanction is not given for the works which are already in progress?

Shri A. J. John : There should be some time to get the Budget sanctioned for the Government of India also. Now, the Budget is sanctioned and every sanction is being given.

The question that a supplementary sum not exceeding Rs. 11,00,000 be granted under Demand XXXII—63-B Community Development Projects, was put and carried.

The grant was made.

Demand XL-Capital Outlay on Schemes of State Trading—Community Projects.

Chief Minister (**Shri A. J. John**) **:** I move for a supplementary grant of Rs. 4,00,000 under Demand XL—85 A Capital Outlay on Schemes of State Trading—Community Projects.

Minister for Home Affairs (**Shri T. M. Varghese**) **:** I second the motion.

The question that a supplementary sum not exceeding Rs.4,00,000 be granted under Demand XL-85A. Capital Outlay on Schemes of State Trading-Community Projects was put and carried.

The grant was made.

Regularisation of Excess expenditure in 1950-51.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) : I move that Government be granted a sum of Re. 1/- under Demand XXXIV-Pension and Gratuity.

Chief Minister (**Shri A. J. john**) : I second the motion.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൧൯൫൦-൫൧-ലെ ബഡ്ജററ് പ്രകാരം കൂടുതൽ ചെലവു വന്ന ൧൫൩൨,൫൩൦ രൂപാ കഴിഞ്ഞ തവണത്തെ അസംബ്ലിയിൽ സപ്ലിമെൻററി ഗ്രാൻറായി അനുവദിക്കുകയും അതിനു അപ്രോപ്രിയേഷൻ ആക്ററ് ഇവിടെ പാസാക്കുകയും ചെയ്തു. പക്ഷെ ആ സംഖ്യ റെക്കണ്ടപ്പ് ചെയ്ത അവസരത്തിൽ ൧൫, ൩൨,൫൩൦ രൂപയല്ല ൧൫,൩൨,൫൩൧ രൂപായാണ് ചെലവെന്നു കണ്ടിരിക്കുന്നു. അതു ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൻെറ തെററല്ല. അക്കൌണ്ട് ഡിപ്പാർട്ടുമെൻറിൽ റെക്കണ്ടപ്പ് ചെയ്ത അവസരത്തിൽ ആദ്യത്തെ ഫിഗറും രണ്ടാമത്തെ ഫിഗറും തമ്മിൽ വ്യത്യാസം വന്നു. കാൺസ്റ്റിററ്യൂഷനിലെ നിബന്ധനയനുസരിച്ച് ഒരു പൈയുടേയോ ഒരു രൂപയുടേയോ വ്യത്യാസം വന്നാൽ ഈ സഭയുടെ വോട്ടു കൂടാതെ അതു ശരിയാക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് ഇതു ഇവിടെ കൊണ്ടു വന്നിരിക്കുന്നതു്.

ശ്രീ. ഇ. പി. വർഗ്ഗീസ് : ഇതിനു ഇൻഡ്യൻ ആഡിററുജനറാളുടെ റിപ്പോർട്ട് ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആഡിററു ജനറാളുടെ റിപ്പോർട്ട് ഉണ്ട്.

Shri E. P. Varghese: Is there a report?

Shri Panampilli Govinda Menon: Yes.

Shri E. P. Varghese: Has it not to be submitted to this House? I think last time also, when the Finance Minister approached the House for such a grant, I raised a point of order. We have no definite procedure laid down in our rules and as far as I can understand from the procedure that has been laid down in the British Parliament the Excess Grant is treated under a separate head in May's Parliamentary Practice. In the explanatory note to the demand the Finance Minister admits that this is an excess grant. A particular paragraph is devoted in May's Parliamentary Practice about the procedure that has to be adopted with regard to the Excess Grant. Somehow or other, there is no procedure laid down in our Rules. That being so, I do not think there is any objection to follow the rules of the British Parliament.

The Constitution also provides for it. I may bring to the notice of the Finance Minister the relevant portion in May's Parliamentary Practice.

> "Demands for excess grants are not brought before the House of Commons until the following steps have been taken. When the exact amount of the excess expenditure for the past financial year has been ascertained on the completion of the audit of the appropriation accounts, the Comptroller and Auditor General reports to the House and this report comes before the Public Accounts Committee. After examination, that body makes a report to the House, if possible in March of the financial year following that in which the excess occurred, setting out the various excesses with the reasons for them and stating the objections (if any) to their being approved. The treasury then presents a Statement of Excesses setting out all the instances of the excess expenditure for the year in question, which is presented to the Committee of Supply as a single vote for each branch of the estimates in which excess expenditure has occurred. When voted in Committee and agreed to on report, and when the consequential stages of ways and means have been taken the vote is included in the March Consolidated Fund Bill and receives final sanction in the Appropriation Act."

Shri N. P. Varghese: What is the function of the Committee of Supplies ?

Shri E. P. Varghese: I think the hon. Member was not listening to me carefully.

Shri N. P. Varghese: Is there any Estimates Committee in the British Parliament ?

Shri E. P. Varghese: There is the Ways and Means Committee.

It is a financial procedure. So long as we have not laid down any definite procedure, we must follow some wholesome procedure. When this House is called upon to vote on financial matters we must do so with a full sense of responsibility. Otherwise, we will be creating a bad precedent. So, I do not think the Finance Minister will insist on obtaining the vote of the House for this matter. Not that I am against voting for one rupee to the Government. I am only concerned with the question that we must lay down a correct procedure.

APPENDIX I

*[Please see Answer to Question No. * 108 (3)]*

Statement of the Scheme of Retrenchment of expenditure under Contingencies, Supplies and Services launched by Government.

In the course of examination of the budget proposals for 1952-53, it was observed that expenditure under Contingencies has been on the increase for the past few years and that some retrenchment could be effected in this. A general review of contingent expenditure for the years 1949-50, 1950-51 and 1951-52 was ordered for this purpose and necessary details have been obtained from Heads of Departments. On scrutiny of these statements it was found that savings could be effected to the extent given below in the Departments noted and necessary orders have been issued to this effect.

		Rs.
1	The Textile Department	1,008
2	Police Headquarters Office	504
3	Cottage Industries Board.	504
4	Department of Controlled Commodities.	504
5	Geological Department.	858
6	S. S. & A. Board.	504
7	Stamp Depot, Ernakulam.	8
8	Labour Department.	2,100
9	Chief Electoral Office.	150
10	District Collectorate, Trivandrum.	126
11	Revenue Department Village Offices, Cochin.	20,424
12	Trivandrum Public Library.	708
13	Central Prison Press.	504
14	Public Health Department, Trivandrum District	71,940
	do. Quilon District.	21,780
	do. Kottayam District.	35,378
	do. Health Unit, Neyyattinkara.	6,792
	do. Sanitary Circles, Haripad and Kottarakara.	5,728
15	Public Health Laboratory	4,572
16	Industries Department.	1,008
17	Ceramic Department.	1,008
18	Stamp Manufactory.	1,008
19	Game Warden, Kottayam.	1,024
20	Central Printing Office.	1,612
21	Department of Archaeology.	1,008
	Do. do.	3,492
22	Public Works Department.	2,416
	Do.	4,086
	do. Waterworks and Drainage.	2,016
23	Museums & Zoos, Padmanabhapuram Palace.	2,604
24	Stationery Department.	774
25	Advocate General's Office.	1,008
		1,97,156

2. Separate orders have been issued curtailing expenditure on account of telephone charges in the several Departments and savings have been effected under this item as below:—

(1)	Phone connections in Travancore Area	Rs.	15,000
(2)	do. Cochin Area.	Rs.	2,000
			17,000

3. Savings have also been effected in expenditure under miscellaneous items like Postage, Telegraph, Printing, Stationery and Furniture and it is estimated that the savings under these items would come approximately to Rs. 2,00,000.

4. Several measures of retrenchment which would bring in substantial savings in future have also been ordered (in rents etc.,) even though it is not possible to compute the savings under these items.

5. The review is being continued. The statements submitted by a few more departments are under scrutiny.

APPENDIX II

[*Please see Answer to Question No.* * 109 (4)]

Statement of Profits from the State Transport.

Year.	*Net Profits.*	
1113	S.Rs.51,820—4—8	Dept. commenced on 10-7-1113.
1114	,, 8,275-16-12	
1115	,, 22,689—9—9	
1116	,, 18,807-19—12	
1117	,, 2,64,570-1-3	
1118	8,71,039—0—8	
1119	12,85,560—23—7	
1120	14,79,020—1—15	
1121	19,68,786—23—8	
1122	24,41,503—14—10	
1123	21,91,990—4—12	
1124	20,50,155—5—2	
1125	I.Rs,14,57,146—7—0	(for the period 7½ months till 31st March 1950)
1950-51	, 21,40,018—0—0	
1951-52	,, 18,41,080—7—1	Subject to audit.

APPENDIX III

[*Please see answer to Question No. * 111 (6)*]

STATEMENT OF SUBSIDY & LOANS GRANTED BY GOVERNMENT TO INDUSTRIAL CONCERNS IN THE FINANCIAL YEAR 1951-1952.

Name of Concern	*Amount*	*Loan or Subsidy*	*Location of the Concern*
Fertilisers & Chemicals (Travancore) Ltd.	Rs.26,00,000	Loan	Alwaye
Travancore - Cochin Chemicals Ltd.	Rs.3,00,000	Loan	Alwaye
Electrical & Allied Industries Ltd.	Rs.20,000	Loan	Kundara
West Coast Fisheries (Travancore) Ltd.	Rs.1,59,036-7-0	Loan	Mattancherry
Methala Group Model Panchayat Rural Reconstruction Co-operative Society	Rs. 1,500	Loan	Cranganore
Mahatma Grama Seva Kendram	Rs.48-6-0	Subsidy	Cranganore
Edakunni Mahila Samajam	Rs.56-5-0	Subsidy	Ollur
Khadi Production Centre	Rs.283-3-0	Subsidy	Oorakam
All-Cochin Khadi Trust	Rs.2,458-12-0	Subsidy	Avanisserry
Ambalapuram Rural Reconstruction Co-operative Society	Rs.502-0-0	Subsidy	Mulankunnathukavu
All-Cochin Khadi Co-operative Society	Rs.849-13-0	Subsidy	Cherpu
Total	Rs.30,84,734-14-0		

APPENDIX IV

[*Please see Answer to Question No.* * 130 (30)]

(*a*) *Price paid for paddy procured from the State.*

1951.

1-1-1951 to 30-11-1951:—

Rs. 1-13-6 per para in Travancore area.

Rs. 1-10-0 plus 0-2-0 bonus in Cochin area.

1-12-1951 to 31-12-1951:—

Rs. 2-2-0 per para in Travancore area.

Rs. 1-14-6 plus 0-2-0 bonus in Cochin area.

1952.

1-1-1952 to 31-5-1952:—

Rs. 2-5-0 per para in Travancore area.

Rs. 2-1-6 plus 0-2-0 bonus in Cochin area.

From 1-6-1952 *onwards.*

Rs. 2-2-0 per para in Travancore area.

Rs. 2-0-6 ,, in Cochin area.

Price of 1 para of rice is twice the price of 1 para of paddy. 5 paras of paddy is equivalent to 1 maund paddy.

(*b*) *Price of rice purchased from outside the State.*
Rice from overseas imports.

1951

1-1-1951 to 8-7-1951		Fine rice	Rs.26-8-0 per maund
		Coarse	22-11-0 ,,
		Broken	19-6-0 ,,
From 9-7-1951 onwards		Fine rice	26-8--0 ,,
		Coarse	23-6-0 ,,
		Broken	19-6-0 ,,

1952.

1-1-1952 to 29-2-1952	Rice-	Fine	26-8-0 ,,
1-1-1952 to 29-2-1952	Rice -	Coarse	23-6-0 ,,
		Broken	19-6-0 ,,
1-3-1952 to 31-7-1952	Rice -	Fine	28-5-0 ,,
		Coarse	25-0-0 ,,
		Broken	21-0-0 ,,
1-8-1952 onwards	Rice -	Fine	28-5-0 ,,
		Coarse	24-0-0 ,,
		Broken	19-0-0 ,,

(c) *Rice from other States.*

1952.

Madhya Pradesh	Raw coarse I	Rs. 16-1-6	per maund
	Raw ,, II	15-7-6	,,
	Raw Medium II	17-1-6	,,
	Parboiled	16-1-6	,,
Vindhya Pradesh	Fine	19-5-0	,,
	Medium	17-5-0	,,
	Coarse	13-11-0	,,

There was no supply of rice from other States during the year 1951 or import of Paddy in 1951 or 1952.

Shri Panampilli Govinda Menon: I shall certainly examine the suggestion made by the hon. Member for Alangad whether the procedure referred to by him as incorporated in May's Parliamentary Practice cannot be followed here also. But so far as this item is concerned, it has happened as a clerical mistake in the last Demand which was granted by this House and in the Appropriation (No. 5) Act XXII of 1952 which was enacted by this House. That being so, I do not think the consideration referred to by the hon. Member for Alangad applies to this case.

The question that a supplementary sum not exceeding Re. 1-be granted under Demand XXXIV Pension and Gratuity was put and carried.

The grant was made.

Mr. Speaker: The House will now rise and meet again to-morrow at 11 o' clock.

The Assembly adjourned at 3.25 p.m. to meet again at 11a.m. on Tuesday, the 3rd March, 1953.